# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം


പുസ്തകം 78
ലക്കം 6
ജൂൺ 2006
ഇഹ്സാൻ 1385
ജ. അവ്വൽ - ജ. ആഖിർ 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *ദൈവത്തിന്റെ പ്രവൃത്തിയും മനുഷ്യന്റെ പ്രവൃത്തിയും*
ഹദ്റത്ത് അഹ്മദ് *(അ)*

7 *ന്യൂട്ടണും ക്രിസ്തുമതവും*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

11 *വിവാഹിതനായ യേശു*
എ. ആർ. മലബാരി

15 *യൂറോപ്പിനെ കീഴടക്കുന്ന നബി കീർത്തി*
മുഹമ്മദ് ഉമർ എച്ച്. എ.

20 *ഈസാനബി വിവാഹിതനായിരുന്നില്ലേ?*
മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്. എ.

24 *ഉലമാക്കന്മാരുടേത് ആരുടെ പാരമ്പര്യം*
കെ. പി. കമറുദ്ദീൻ, തൃക്കരിപ്പൂർ

27 *വാഗ്ദത്ത മസീഹിന്റെ ദൗത്യം*
എ. പി. കുഞ്ഞാമു

30 *മിത്തിൽ നിന്നും മുക്തനാകുന്ന ക്രിസ്തു*
കെ.പി. അഹ്മദ്

32 *ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങളും*
*നമ്മുടെ ഉത്തരവാദിത്തങ്ങളും*
റാവിൽ ബുഖാറോവ്, റഷ്യ

35 *ഈസാനബിയുടെ പുനരാഗമനം ഖുർആന് വിരുദ്ധം*
അബ്ദുല്ലാഹിമാസ്റ്റർ, കൊടിയത്തൂർ

37 *കുറിപ്പുകൾ - ഡാവിഞ്ചികോഡിന്റെ നാനാർത്ഥങ്ങൾ*

42 *അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :*
**'അവസാനത്തെ തിരുവത്താഴം' ലിയാനോർഡോ ഡാവിഞ്ചിയുടെ രചന.**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

അവർ (ഭാര്യമാർ) നിങ്ങൾക്ക് ഒരു വസ്ത്രമാണ്. നിങ്ങൾ അവർക്കും ഒരു വസ്ത്രമാണ്. നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരത്തോട് അനീതി പുലർത്തുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ നേരെ കനിവുകാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു. (2:188)


## നബിവചനം

'വിവാഹം നമ്മുടെ സമ്പ്രദായമാണ്. ആർ അതിൽ നിന്ന് വിട്ടു നിൽക്കുന്നുവോ അവൻ നമ്മളിൽപ്പെട്ടവനല്ല.' (മുസ്‌ലിം)

നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമൻ ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് (തിർമിദി)

**യുഗശബ്ദം**

# വിവാഹം രക്ഷാദുർഗ്ഗം



**വാഗ്ദത്ത മസീഹ്**

ഇഹസ്വാൻ (ചാരിത്ര്യം) എന്ന പദം ഹുസ്ൻ എന്ന പദത്തിൽ നിന്ന് നിഷ്പന്നമാണ്. 'കോട്ട'യ്ക്കാണ് ഹുസ്ൻ എന്നു പറയുന്നത്. വിവാഹം ചെയ്യുന്നതിലൂടെ മനുഷ്യൻ പവിത്രതയുടെ കോട്ടയിൽ പ്രവേശിക്കുകയും ദുർവൃത്തിയിൽ നിന്നും ദുർനോട്ടത്തിൽ നിന്നും രക്ഷപ്പടുകയും ചെയ്യുന്നതിനാലാണ് അതിന് 'ഇഹസ്വാൻ' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. സന്താനങ്ങൾ ഉണ്ടാകുമ്പോൾ കുടുംബം രൂപപ്പെടുന്നു. ശരീരവും അസന്തുലിതാവസ്ഥയിൽ നിന്ന് രക്ഷപ്പെടുന്നു. ചുരുക്കത്തിൽ, വിവാഹം എല്ലാ പ്രകാരത്തിലും കോട്ട എന്ന നിലയിൽ പ്രയോജനപ്പെടുന്നു.

മുഖക്കുറിപ്പ്

# വിവാഹവും ആത്മീയതയും

മനുഷ്യനെ ദൈവം ഇണയായിട്ടാണ് സൃഷ്ടിച്ചതെന്ന് ഖുർആൻ പറയുന്നു.

***“ഒരേയൊരു ജീവനിൽ (നഫ്സിൻ വാഹിദ) നിന്ന് നിങ്ങളെ സൃഷ്ടിച്ചവനത്രെ അവൻ അതിൽ നിന്നും അവൻ അതിന്റെ ഇണയെ ഉണ്ടാക്കി. അവൻ അവളോടൊപ്പം ആശ്വാസം കൊള്ളുന്നതിനു വേണ്ടി” (7:190)***

സന്യാസ ജീവിതവും ബ്രഹ്മചര്യവും അവിവാഹിത ജീവിതവും ആത്മീയോന്നതിക്കുള്ള ഉപാധിയായി ഇസ്‌ലാം കാണുന്നില്ലെന്ന് മാത്രമല്ല അത് മനുഷ്യന്റെ ആത്മീയ പുരോഗതിക്ക് വിഘാതമാണെന്ന് കൂടി പറയുന്നു. ലോക മതങ്ങളിലെ ആത്മീയാചാര്യന്മാരെല്ലാവരും വിവാഹിതരും കുടുംബ ജീവിതം പുലർത്തിയിരുന്നവരുമാണ്. അബ്രഹാം, മോസസ്, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, യേശു സോറസ്റ്റർ, സോക്രട്ടീസ് മുതലായവരെല്ലാം വിവാഹിതരായിരുന്നു. ഖുർആനിൽ അല്ലാഹു മുഹമ്മദ് നബി (സ) യോട് ഇപ്രകാരം പറയുന്നു.

***“നിനക്ക് മുമ്പ് നാം ദൂതന്മാരെ അയച്ചിട്ടുണ്ട് അവർക്ക് ഭാര്യമാരേയും സന്തതികളേയും നാം നൽകുകയും ചെയ്തു. (13:39)***

കുടുംബ ജീവിതം നിരാകരിച്ച് ജീവകാരുണ്യപ്രവർത്തനത്തോടൊപ്പം സന്യാസ ജീവിത സമ്പ്രദായത്തെ ഒരു വലിയ പ്രസ്ഥാനമാക്കി മാറ്റിയത് ക്രിസ്തീയരാണ്. അവരെ അഭിസംബോധന ചെയ്ത് ഖുർആൻ പറയുന്നു.

***‘മറിയമിന്റെ പുത്രൻ ഈസായേയും നാം തുടർന്ന് അയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ, സന്യാസ സമ്പ്രദായത്തെ അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കി അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത് (സന്യാസം) അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ട വിധം പാലിച്ചതുമില്ല. (57:28). ’***

ബ്രഹ്മചര്യം എന്നത് മനുഷ്യന്റെ ജൈവ പ്രകൃതിക്ക് വിരുദ്ധവും പാലിക്കാൻ കഴിയാത്തതും കൃത്രിമവുമായ ഒരു തീവ്രവാദ നിലപാടാണ്. ദൈവം മനുഷ്യന് ലൈംഗിക ശേഷി നൽകിയിരിക്കെ അത് ഉപയോഗിക്കാൻ പാടില്ല എന്ന് ദൈവം തന്നെ കല്പിക്കുന്നു എന്ന് പറയുന്നത് യുക്തി വിരുദ്ധമാണ്. മറിച്ച് മനുഷ്യന്റെ മറ്റെല്ലാ കഴിവുകളും പ്രവർത്തിപ്പിക്കാൻ ദൈവം കല്പിച്ചതു പോലെ വിവേചന ബോധത്തിന്റെ അടിസ്ഥാനത്തിൽ ഉചിതജ്ഞതയോടെ അഥവാ ധർമ്മ സംഹിതകൾക്കനുസൃതമായി മനുഷ്യന്റെ ലൈംഗിക കഴിവുകൾ ഉപയോഗിക്കാനാണു ദൈവ കല്പന. നാവ് നൽകിയ ദൈവം അത് ഉപയോഗിക്കാൻ പാടില്ല എന്ന് പറയുന്നുവെങ്കിൽ അത് യുക്തിവിരുദ്ധമല്ലേ?

വിവാഹബന്ധത്തിലൂടെ പൊട്ടിവിരിയുന്ന നാനാവിധത്തിലുള്ള മനുഷ്യബന്ധങ്ങളും ആ മനുഷ്യവ്യവഹാരങ്ങളിലൂടെ ലഭിക്കുന്ന ധാർമ്മികവും ആത്മീയവുമായ അനുഭവജ്ഞാനങ്ങളും മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെ അമൂല്യമായ മുതൽക്കൂട്ടാണ്. മാത്രമല്ല, മനുഷ്യന്റെ വംശ വർദ്ധനവിനുള്ള സംസ്കാര സമ്പന്നമായ ഒരു ജൈവികോപാധികൂടിയാണ് വിവാഹം. അതുകൊണ്ടാണ് മുഹമ്മദ് നബി (സ) പറഞ്ഞത്.

***‘വിവാഹം നമ്മുടെ സമ്പ്രദായമാണ്. ആർ അതിൽ നിന്ന് വിട്ടുനിൽക്കുന്നുവോ അവൻ നമ്മളിൽപ്പെട്ടവനല്ല.’ (മുസ്‌ലിം)***

# ദൈവത്തിന്റെ പ്രവൃത്തിയും മനുഷ്യന്റെ പ്രവൃത്തിയും

**ഹദ്റത്ത് അഹ്മദ് (അ)**

**ഈ** അവസരത്തിൽ അഗാധചിന്താശീലമില്ലാത്ത ആളുകൾ ഒരു എതിർന്യായം ഉന്നയിക്കാറുണ്ട്. അക്ഷരമാലയും ഏകപദവും ദൈവത്തിന്റേയും മനുഷ്യന്റേയും വാക്കുകളിൽ സാധാരണയായി കാണപ്പെടുന്നു. ഇത് ദൈവത്തിന് മനുഷ്യന്റെ പങ്കാളിത്തം അനുപേക്ഷണീയമാണെന്ന് കാണിക്കുന്നില്ലേ എന്നാണ് അവരുടെ എതിർന്യായം.

ഇതിന്നുള്ള ഉത്തരം മുഖ്യപുസ്തകത്തിൽ ഇതിനു മുമ്പ് നാം വിവരിച്ചിട്ടുണ്ട്. അതായത് ദൈവമാണ് അക്ഷരമാലയും ധാതുപദങ്ങളും മനുഷ്യന് പഠിപ്പിച്ചത്. അത് മനുഷ്യർ അവന്റെ ബുദ്ധികൊണ്ട് കണ്ടുപിടിച്ചതല്ല. ഭാഷണം മനുഷ്യന് തുടക്കത്തിൽ തന്നെ ദൈവം അഭ്യസിപ്പിച്ചതാണ്. ഒരുപക്ഷേ മനുഷ്യൻ അവന്റെ ആവശ്യങ്ങൾക്കുവേണ്ടി വചനങ്ങളുടെ നിർമ്മാണവും അനുക്രമണവും കണ്ടുപിടിച്ചുണ്ടാവാം. ദൈവത്തിന്റെയും മനുഷ്യന്റെയും ഭാഷണവും എഴുത്തും ഒരിക്കലും തുല്യമായിരിക്കുകയില്ല. യാതൊരു വിധത്തിലും മനുഷ്യൻ ദൈവത്തിന്റെ പങ്കുകാരനാകുന്നില്ല.

കളിമണ്ണ് ദൈവത്തിന്റെ സൃഷ്ടിയാണ്. മനുഷ്യൻ അത് ഉപയോഗിച്ച് നിരവധി രീതിയിലുള്ള പാത്രങ്ങൾ നിർമ്മിക്കുന്നു. പക്ഷേ അത് മനുഷ്യൻ ദൈവപങ്കാളിത്തത്തോടെ ഉണ്ടാക്കിയതാണെന്ന് തെളിയിക്കാനാവില്ല. മനുഷ്യൻ കളിമണ്ണോ ചളിയോ ഉപയോഗിച്ച് മൃഗലോകത്തെയോ സസ്യജാലങ്ങളെയോ അമൂല്യഖനിജങ്ങളേയോ സൃഷ്ടിച്ചുകൊണ്ടാണ് അത് തെളിയിക്കേണ്ടത്. മനുഷ്യന് അത്തരത്തിലുള്ള കഴിവുക്കളൊന്നുമില്ല. മനുഷ്യന് ആവിഷ്ക്കാരത്തിനുള്ള കഴിവും ഭാഷണവിദ്യയും ഉണ്ട്. പക്ഷേ അത് ദൈവത്തിന്റെ ആവിഷ്ക്കാരത്തിനും വചനത്തിനും തുല്യമല്ല. ചില കാര്യങ്ങളിൽ പട്ടും തേനും ഉണ്ടാക്കുന്ന ചെറുപ്രാണികളുമായി പോലും മത്സരിക്കാൻ മനുഷ്യനാവില്ല.

നാം അർത്ഥമാക്കുന്ന അക്ഷരമാലയും ഏകപദങ്ങളും ചെറുവചനങ്ങൾക്കുമെല്ലാം അധിഷ്ഠാനമായ ഭാഷണത്തിലെ മൂലധാതുക്കൾ മനുഷ്യശരീരം നിർമ്മിക്കപ്പെട്ട മൂലപദാർത്ഥങ്ങൾപോലെ ദൈവം സൃഷ്ടിച്ചതാണെന്ന് ആളുകൾ ഓർക്കേണ്ടതുണ്ട്. മനുഷ്യന് അവന്റെ പ്രകൃതിയുടെ പരിണാമത്തിന് ആവശ്യമായതെല്ലാം ദൈവം നൽകിയിട്ടുണ്ട്. ദൈവത്തിന്റെയും മനുഷ്യന്റേയും വചനത്തിൽ ഒരുപോലെ കാണുന്ന മൂലധാതുക്കൾ കണ്ട് ഒരു സത്യാന്വേഷി ഒരിക്കലും വഞ്ചിതനാകരുത്.

വ്യത്യാസം ഇതാകുന്നു. അതായത് ദൈവത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വാക്കുകളിലേയും വചനങ്ങളിളേയും ജ്ഞാനം, അനുക്രമം, ഉചിതജ്ഞത, സന്തുലനം, വാഗ്മിത്വം എന്നിവയെല്ലാം ദൈവത്തിന്റെ പ്രവൃത്തിയാണ്. ദൈവം ചെയ്യുന്ന പ്രവൃത്തികളിലൊന്നും തന്നെ മനുഷ്യന് ദൈവവുമായി മത്സരിക്കാനാവില്ല. അതുകൊണ്ടാണ് കവനകലയിൽ അധിപനായിരിക്കെ അതിന്റെ വാഗ്മിതയെ പറ്റി അവകാശവാദമുന്നയിക്കുന്ന എല്ലാ അവിശ്വാസികളും ഖുർആന്റെ വെല്ലുവിളിക്കുമുമ്പിൽ മൂകരായിപോകുന്നത്.

**– ബ്റാഹിനെ അഹ്മദിയ്യ**

## ജ്ഞാനം

ഒരു വിശ്വാസിയുടെ വിജ്ഞാനാന്വേഷണം സ്വർഗ്ഗത്തിലെത്തുവോളം അവസാനിക്കില്ല.

**മുഹമ്മദ് നബി (സ)**

***(തിർമിദി)***

## ലേഖനം

**REVELATION RATIONALITY KNOWLEDGE AND TRUTH**

# ന്യൂട്ടണും ക്രിസ്തുമതവും

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

***വിശ്വാസത്തെ യുക്തിപരമായി പരിശോധിക്കണമെന്ന് പറഞ്ഞ എക്കാലത്തെയും മഹാനായ ശാസ്ത്ര പ്രതിഭ സർ ഐസക് ന്യൂട്ടൺ ക്രിസ്തുമതത്തിലെത്രിത്വത്തിൽ വിശ്വസിച്ചിരുന്നില്ല. അതുപോലെ ദൈവവിശ്വാസിയും മഹാനായ ഗണിതശാസ്ത്ര പ്രതിഭയുമായിരുന്ന റീനെ ദെക്കാർത്തെയും ക്രിസ്തുമതത്തെ പിന്തുണച്ചില്ല! യൂറോപ്യൻ തത്ത്വശാസ്ത്രത്തിന്റെ വളർച്ചയെപ്പറ്റി***

ഭൗതിക പ്രബുദ്ധതയുടെ സൂര്യൻ അവസാനം അന്തലൂഷ്യ (സ്പെയിൻ)ക്ക് മുകളിൽ അസ്തമിച്ചപ്പോൾ അതിന്റെ പ്രകാശിക്കുന്ന മുഖം ഫ്രാൻസിന്റെ ചക്രവാളത്തിനു മുകളിലാണ് പിന്നീട് ഉദിച്ചുയർന്നത്. ഫ്രാൻസിനു തൊട്ടുപിറകിലായ് കിടക്കുന്ന മുഴുവൻ യൂറോപിനെയും നോക്കി അത് മന്ദസ്മിതം പൊഴിച്ചു. തെക്ക് നിന്ന് വടക്കോട്ടും കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും ഭൂഖണ്ഡത്തെയാകമാനം അത് പ്രകാശമാനമാക്കി. യൂറോപ്പിനെ മുഴുവൻ നൂറ്റാണ്ടുകളോളം പ്രഭാവിതമാക്കിയ വിജ്ഞാനത്തിന്റെ മഹത്തായ നാളുകൾ പൊട്ടിവിടർന്നു! അങ്ങിനെ നവോത്ഥാനത്തിന്റെ (Renaissance) കാലഘട്ടത്തിന് ആരംഭം കുറിച്ചു.

നവോത്ഥാനം എന്ന് വിളിക്കപ്പെടുന്ന ജ്ഞാനപ്രബുദ്ധതയുടെ ആരംഭം മുസ്‌ലിം സ്പെയിനിനോടു എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്ന് യൂറോപ്പിലെ ചുരുക്കം ചില ആളുകൾക്ക് മാത്രമേ ബോദ്ധ്യം വന്നിട്ടുള്ളൂ. അന്തലൂഷ്യയിൽ നിന്നുള്ള അസാമാന്യ പ്രതിഭാശാലികളായ നിരവധി തത്ത്വജ്ഞാനികൾ, ഗണിതജ്ഞന്മാർ, ശാസ്ത്രജ്ഞന്മാർ, ഖഗോളവിജ്ഞാനികൾ, ശരീരശാസ്ത്രവിശാരദന്മാർ, എല്ലാം യൂറോപ്പിന്റെ തേഞ്ഞുമാഞ്ഞുപ്പോയ സ്മരണകൾ മാത്രമാണ്. അവർ അവഗണിക്കപ്പെട്ട വിസ്മൃതിയുടെ ശ്മശാനങ്ങളിൽ കുഴിച്ചുമൂടപ്പെട്ടിരുന്നു.

നവോത്ഥാനത്തിന്റെ ഉദയത്തോടെ അന്ധകാരം തിരോഭവിച്ചു. ഹേതുവാദവും യുക്തിവാദവും അന്ധവിശ്വാസങ്ങളെ, അത് അരിയിട്ട് വാഴ്ച നടത്തിയ ദേശങ്ങളിൽ നിന്നും കെട്ടുകെട്ടിച്ചു. ഭൗതികശാസ്ത്രങ്ങൾ ഒരു വശത്തും മതവും വിശ്വാസവും മറ്റൊരു വശത്തും നിർത്തി സന്തുലനം പാലിക്കുക എന്നത് എളുപ്പമുള്ള പണിയായിരുന്നില്ല. ഹേതുവാദത്തിലും യുക്തിചിന്തയിലുമധിഷ്ഠിതമായ നൂതനമായ തത്ത്വശാസ്ത്രങ്ങളുടെ അധിനിവേശങ്ങളെ പ്രതിരോധിക്കുക എന്നത് പുരോഹിതന്മാർക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഒരു സമൂഹത്തിന് നിസ്സാരമായ ഒരു വെല്ലുവിളിയായിരുന്നില്ല. അവർ ക്രിസ്തുമതത്തിന്റെ പാരമ്പര്യമായിരുന്നു ഉൾക്കൊണ്ടിരുന്നത്. അവരുടെ ക്രിസ്തുമതമാകട്ടെ വലിയതോതിൽ സെന്റ് പോളിന്റെ സ്വാധീനത്തിന് വിധേയമായതും മിത്തുകളിലധിഷ്ഠിതമായ മതസിദ്ധാന്തങ്ങളിൽ വിശ്വസിക്കപ്പെട്ടതുമായിരുന്നു. ക്രിസ്തുവിനെ പ്രബുദ്ധമാക്കിയ ആ ദിവ്യവെളിച്ചം ദീർഘകാലം പ്രകാശിച്ചിരുന്നില്ല.

നവോത്ഥാനത്തിന് മുമ്പ് പോലും ചില യൂറോപ്യൻ ധിഷണാശാലികൾ യുക്തിയും വിശ്വാസവും തമ്മിൽ ഒരു സന്തുലനം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇ.ജെ. സ്കോട്ട് യുക്തിയും വിശ്വാസവും തമ്മിൽ ഒരു ഒത്തുതീർപ്പിന് ശ്രമിച്ചതിന്റെ ഉത്തമ മാതൃകയാണ്. സത്യത്തെ വെറും യുക്തികൊണ്ട് മാത്രം പ്രാപിക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം ശക്തിയായി വാദിച്ചു. പക്ഷേ യുക്തിയും വിശ്വാസവും ഒരുമിച്ചുപോകേണ്ടതുണ്ടെന്നും അദ്ദേഹം വാദിച്ചു. തുടക്കത്തിൽ മതവിശ്വാസങ്ങൾ കെട്ടിപടുത്തത് യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നുവെന്നും വെറും ഊഹങ്ങളിൽ നിന്ന് മാത്രം ദൃഢമായ ബോദ്ധ്യങ്ങൾ ജനിക്കുന്നില്ല എന്നും സ്കോട്ട് അഭിപ്രായപ്പെട്ടു. ദൃഢമായ ബോദ്ധ്യങ്ങൾ സ്ഥാപിക്കപ്പെടണമെങ്കിൽ യുക്തിപരമായ അടിസ്ഥാനം വേണ്ടതുണ്ട്. ബോധപൂർവ്വമോ അബോധപൂർവ്വമോ ആയിക്കൊള്ളട്ടെ. എല്ലാ ബോധ്യങ്ങളും അത് ഉരുവം കൊള്ളുന്നത് കാര്യകാരണബന്ധങ്ങളുടെ അടി

സ്ഥാനത്തിലാവേണ്ടതുണ്ട്. ചുരുക്കത്തിൽ യഥാർത്ഥ വിശ്വാസം മിത്തുമായി സമതുലിതമാക്കപ്പെടാൻ പാടില്ലെന്ന് സ്കോട്ട് വിശ്വസിച്ചു. യുക്തിപരവും മൂർത്തവുമായ അധിഷ്ഠാനങ്ങളിൽ അവ മനസ്സിലാക്കപ്പെടണം. മനുഷ്യമനസ്സിൽ വിശ്വാസം ആദ്യമായി വേരുപിടിക്കുമ്പോൾ അത് ചില യുക്തിയുടേയും കാര്യകാരണബന്ധങ്ങളുടേയും പിൻബലമില്ലാതെ സംഭവിക്കുക സാധ്യമല്ല എന്ന് സ്കോട്ട് കരുതുന്നു. പക്ഷേ കാലം കഴിയുമ്പോൾ ആ ബന്ധം മാഞ്ഞുപോകുകയും യുക്തിയുടെ പിൻബലം കാണാതാവുകയും ചെയ്തു. പിന്നീട് വിശ്വാസം യുക്തി എന്ന തൂണിന്റെ പിൻബലമില്ലാതെ അന്തരീക്ഷത്തിൽ തൂങ്ങി കിടക്കുന്നതായിട്ടാണ് പ്രത്യക്ഷപ്പെടുക. എങ്കിലും കാലം തെളിയിക്കപ്പെട്ട വിശ്വാസത്തിന്റെ ഉറപ്പും ദാർഢ്യതയും സൂചിപ്പിക്കുന്നത്, ഇത്തരത്തിൽ ഉയർന്ന തോതിലുള്ള അതിന്റെ വിശ്വസനീയത യുക്തിയും കാര്യകാരണങ്ങളും കൂടാ തെ പ്രാപിക്കാൻ സാധ്യമല്ലെന്നാണ്.

ഉപസംഹാരത്തിൽ സ്കോട്ട്സ് ഉപദേശിക്കുന്നത് ഒരാളുടെ വിശ്വാസത്തിന്റെ മൂല്യം കാലാകാലങ്ങളിൽ യുക്തിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടണമെന്നാണ്. രണ്ടും തമ്മിൽ സംഘട്ടനമുണ്ടാകുന്നുവെങ്കിൽ യുക്തിയുടെ പക്ഷം ചേരേണ്ടതാണ്. അതിനാൽ കാര്യകാരണതത്വത്തിന്ന് എപ്പോഴും വിശ്വാസത്തിനു മീതെ ഒരു മേൽകൈ വേണ്ടതുണ്ട്.

## ന്യൂട്ടനും ക്രിസ്തുമതവും

ഈയൊരു സമീപനം ന്യൂട്ടന്റെ* (1642–1727) ത്രിത്വത്തോടുള്ള നിലപാടിന്റെ കാര്യത്തിൽ നല്ലത്പോലെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് പാരമ്പര്യമായി ലഭിച്ച മതവീക്ഷണങ്ങൾ ബുദ്ധിപൂർവ്വവും ശാസ്ത്രീയവുമായും പരിശോധനക്ക് വിധേയമാക്കാതിരുന്ന കാലത്തോളം അദ്ദേഹം ഒരു ക്രിസ്തുമതഭക്തനായി തുടർന്നു. പിൽക്കാലത്ത് അദ്ദേഹം തന്റെ വിശ്വാസം യുക്തിപരമായ പരിശോധനക്കും ഹേതുവാദ വിശകലനത്തിനും വിധേയമാക്കിയപ്പോൾ അദ്ദേഹത്തിന് ത്രിത്വവിശ്വാസം നിഷേധിക്കുന്ന തീരുമാനമല്ലാതെ മറ്റൊന്നിലും എത്തിച്ചേരാനായില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ത്രിത്വസിദ്ധാന്തം യുക്തിപരമായ പരിശോധനയിൽ പരാജയപ്പെടുകയാണുണ്ടായത്.

അങ്ങിനെ ക്രിസ്തുസഭയുടെ അപ്രീതിക്ക് പാത്രമായി കുരിശിന്റെ ബലിപീഢത്തിൽ ഹോമിക്കപ്പെട്ട എക്കാലത്തേയും വലിയ ശാസ്ത്രജ്ഞനായി അദ്ദേഹം മാറി. ന്യൂട്ടന്റെ പ്രതിഭാശേഷിയോടുള്ള ആദരവെന്നോണം അദ്ദേഹം കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ 'കോളേജ് ഓഫ് ദ ഹോളി ആൻഡ് അൺഡിവൈഡഡ് യൂണിറ്റി'യുടെ ഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ആ സ്ഥാനത്ത് അദ്ദേഹം വർഷങ്ങളോളം വിരാജിച്ചു. എന്നിരുന്നാലും 1675ൽ ന്യൂട്ടനോട് രണ്ടിൽ ഏതെങ്കിലുമൊരു തീരുമാനം കൈക്കൊള്ളുവാൻ കല്പിക്കപ്പെടുകയണ്ടായി. ഒന്നുകിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ ഉറച്ചുകൊണ്ട് ആ സ്ഥാനത്തുനിന്നും ഒഴിഞ്ഞുപോവുക. അല്ലാത്തപക്ഷം തന്റെ അഭിപ്രായങ്ങൾ മാറ്റിവച്ചുകൊണ്ട് യാഥാസ്ഥികത്വം തുറന്നു പ്രഖ്യാപിക്കുകയും ഒരിക്കൽ കൂടി സ്ഥാനം സ്വീകരിക്കുകയും ചെയ്യുക.

'ദ ഹോളി ആൻഡ് അൺഡിവൈഡഡ് യൂണിറ്റി' അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ ഒരു പ്രലോഭനം പോലെ നിൽക്കുന്നുണ്ടായിരുന്നു. ത്രിത്വം അംഗീകരിക്കാതെ അദ്ദേഹം തന്റെ നിഷേധത്തിൽ ഉറച്ചുനിന്നതിനാൽ അദ്ദേഹത്തിന് ഫെല്ലോഷിപ്പ് നഷ്ടപ്പെടുക മാത്രമല്ല ആകർഷകമായ 60 പവൻ വാർഷിക സ്റ്റൈപ്പൻഡ് നഷ്ടപ്പെടുകയും ചെയ്തു. തീർച്ചയായും അക്കാലത്തെ മൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ അതൊരു നിസ്സാര തുകയല്ല. മതനിന്ദ ആരോപിക്കപ്പെട്ട അദ്ദേഹം ഫെല്ലോഷിപ്പും യൂണിവേഴ്സിറ്റിയുടെ അദ്ധ്യക്ഷസ്ഥാനവും ഉപേക്ഷിച്ചു. ന്യൂട്ടന്റെ അഭിപ്രായത്തിൽ യേശുവിനെ ആരാധിക്കുന്നത് ബിംബാരാധന പോലെയായിരുന്നു. അത് അടിസ്ഥാനപരമായ ഒരു പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആർ.എസ്. വെസ്റ്റ് ഫാൾ (R.S. Westfall) ന്യൂട്ടനെ സംബന്ധിച്ച് എഴുതുന്നു.

"ദൈവത്തിനും മനുഷ്യവംശത്തിനും ഇടയിലുള്ള ദിവ്യനായ ഒരു മദ്ധ്യവർത്തിയായികൊണ്ടാണ് അദ്ദേഹം (ന്യൂട്ടൻ) യേശുവിനെ അംഗീകരിച്ചത്. അദ്ദേഹത്തെ സൃഷ്ടിച്ച പിതാവിനേക്കാൾ പദവിയിൽ താഴ്ന്ന ആളായിരുന്നു യേശു എന്നുമാണ്. (1)

'നാലും അഞ്ചും നൂറ്റാണ്ടുകളിൽ വമ്പിച്ച തോതിൽ നടത്തിയ കൃത്രിമങ്ങൾ ആദിമസഭയുടെ പൈതൃകത്തെ വികൃതമാക്കി എന്നു ക്രമേണ അദ്ദേഹത്തിന് (ന്യൂട്ടൺ) ബോധ്യമായി. വേദപുസ്തകത്തിലെ മുഖ്യമായ കൃത്രിമം ത്രിത്വത്തിനനുകൂലമായി നടത്തിയ കൃത്രിമങ്ങളാണെന്ന് ന്യൂട്ടൺ വിശ്വസിച്ചു. അദ്ദേഹത്തിൽ ആ ഉറച്ച അഭിപ്രായങ്ങൾ എപ്പോഴാണ് ശക്തിപ്പെട്ടതെന്ന് കൃത്യമായി പറയാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ ഒറിജിനൽ കുറിപ്പുകൾ ആദ്യം തന്നെ അദ്ദേഹം സംശയാലുവാണെന്ന് തെളിയിക്കുന്നതാണ്. സംശയങ്ങളുമായി അദ്ദേഹം മൗനം ദീക്ഷിച്ച് ദൂരെ നിന്നെങ്കിലും പിന്നീട് ആ സംശയങ്ങൾ

*** സർ ഐസക്ക് ന്യൂട്ടൻ (Sir Issac Newton 1642 – 1727)** : ഇംഗ്ലണ്ടിൽ ജനിക്കുകയും ഭൗതികശാസ്ത്രത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയും ചെയ്ത യുഗപരിവർത്തനകാരിയായ ഭൗതികശാസ്ത്രജ്ഞൻ. അദ്ദേഹം ഗുരുത്വാകർഷണബലം അവതരിപ്പിക്കുകയും ഗ്രഹചലനങ്ങളെ അതിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുകയും ചെയ്തു. ന്യൂട്ടന്റെ ചലനനിയമങ്ങൾ (Newton's law of motion) പ്രശസ്തമാണ്. സൂര്യപ്രകാ ശത്തിന്റെ വർണ്ണരാജി (Spectrum) സൃഷ്ടിച്ചുകൊണ്ട് ഏഴുനിറങ്ങളുടെ സമന്വയമാണ് ധവളസൂര്യപ്രകാശം എന്ന് അദ്ദേഹം തെളിയിച്ചു. കലനം (Calculus) എന്ന ഗണിതശാഖയും ഇദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്. ശാസ്ത്രത്തിന്റെ നിരവധി മണ്ഡലങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. 'ഫിലോസഫൈൻ നാചറലിസ് പ്രിൻസിപ്പിയ മാത്തമാറ്റിക്ക' എന്ന പേരിൽ 1687ൽ അദ്ദേഹം പുറത്തിറക്കിയ ഗ്രന്ഥം അദ്ദേഹത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചു. (വിവ:)

അദ്ദേഹത്തെ പൂർണ്ണമായും ഗ്രസിക്കുകയായിരുന്നു. (2)

ക്രിസ്തുമതവിശ്വാസത്തിന്റെ മൂല്യം നിർണ്ണയിക്കാൻ അദ്ദേഹം നടത്തിയ നിഷ്പക്ഷവും സത്യസന്ധവുമായ ഗവേഷണങ്ങളാണ് അദ്ദേഹത്തിന്റെ ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിനും ത്രിത്വത്തിന്റെ നിഷേധത്തിനുമുള്ള അടിസ്ഥാനം. അദ്ദേഹത്തിന്റെ പേഴ്സണൽ ബൈബിളിന്റെ മാർജിനിൽ നിരവധി കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ കറിപ്പുകളിൽ ഒന്ന് ഇപ്രകാരമാണ്.

'അതുകൊണ്ട് പുത്രൻ ദൈവമായിരിക്കുമ്പോൾ പിതാവ് പുത്രന്റെ ദൈവമാകുന്നു' (പുത്രൻ അങ്ങിനെ കണക്കാക്കപ്പെടുമ്പോൾ മാത്രം. (3)

വെസ്റ്റ്ഫാൾ ബൈബിൾ മാർജിനിൽ രേഖപ്പെടുത്തിയ ഈ കുറിപ്പിനെക്കുറിച്ച് ഇങ്ങിനെ അഭിപ്രായപ്പെടുന്നു.

'ന്യൂട്ടന്റെ ദൈവശാസ്ത്രപഠനങ്ങളുടെ ആദ്യത്തെ ഫലം ഏറെക്കുറെ ക്രിസ്തുവിന്റെ സ്ഥാനത്തെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുമുള്ള സന്ദേഹങ്ങളായിരുന്നു.' (3)

## റീനെ ദെക്കാർത്തെ

വിശ്വാസവും യുക്തിയും തമ്മിലുള്ള കാലപ്പഴക്കമുള്ള തർക്കവിഷയത്തിൽ നവോത്ഥാന കാലഘട്ടത്തിൽ നൂതനമായൊരു താല്പര്യം ജനിക്കുകയുണ്ടായി. ആ താൽപര്യം വിപുലമായ അടിസ്ഥാനത്തിലുള്ളതായിരുന്നു. അക്കാലത്ത് വിശ്വാസത്തിന്റെ പതാക ഉയർത്തിപിടിക്കാനുള്ള നിയോഗം ഏറിയപങ്കും റീനെ ദെക്കാർത്തെ* (1596–1650)ക്കായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം പ്രശ്നം ക്രിസ്തുമതവും യുക്തിയും തമ്മിലുള്ള തർക്കം എന്ന രീതിയിലായിരുന്നില്ല. മനുഷ്യധിഷണയുടെ തത്ത്വശാസ്ത്രപരമായ അലച്ചിലിന്റെ ആ കാലഘട്ടത്തിൽ ദൈവവിശ്വാസത്തിനെതിരെ നേർക്കുനേരെ ഉന്നയിച്ച ഒരു പ്രശ്നമായാണ് ദെക്കാർത്തെ അതിനെ കണ്ടത്.

റീനെ ദെക്കാർത്തെ അസാമാന്യ ബുദ്ധികൂർമ്മതയുള്ള ഒരു താർക്കികനായിരുന്നു. അദ്ദേഹം ദൈവവിശ്വാസി മാത്രമായിരുന്നില്ല. ദൈവത്തിലേക്ക് നയിക്കാൻ നിർഭയമായി യുക്തിയെ അവലംബമാക്കിയ തത്ത്വശാസ്ത്രജ്ഞന്മാരിൽ ആദ്യത്തെയാളുമായിരുന്നു. ഭാഗ്യമെന്ന് പറയട്ടെ, ത്രിത്വത്തിന്റെ യുക്തിയെ സംബന്ധിച്ച ചർച്ചകളിലേക്ക് താൻ വലിച്ചിഴക്കപ്പെടാൻ അദ്ദേഹം വിസമ്മതിച്ചു. അദ്ദേഹം തെളിയിച്ചത് ഒരു പരമോന്നത ശക്തിയുടെ അസ്തിത്വമായിരുന്നു. പ്രചുരപ്രചാരം സിദ്ധിച്ച ത്വിത്വമെന്ന ക്രിസ്തുമത സിദ്ധാന്തത്തിനെതിരെ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും നിഷേധമുണ്ടായതുകൊണ്ടായിരിക്കാം അക്കാലത്തെ വിശ്വാസികളായ ബുദ്ധിജീവികളിൽ നിന്നും അദ്ദേഹത്തിന് ബഹുമാന്യമായ സ്ഥാനം നഷ്ടപ്പെട്ടത്. 'ഫിലോസഫി' എന്ന പുസ്തകത്തിൽ ജെ ഗുത്മാൻ (Philosophy - J. Gutman) ഈ അവസ്ഥ വിവരിക്കുന്നുണ്ട്. (4)

ഇവിടെ വെളിപാടുകളിൽ വിശ്വസിച്ച ആസ്തിക്യവാദിയായിരുന്ന ദെക്കാർത്തെ അത്തരത്തിൽ ഒരു വിശ്വാസിയായി ചിത്രീകരിക്കപ്പെടുകയുണ്ടായില്ല. എന്നാൽ വെളിപാടിന്റെ അടിസ്ഥാനത്തിലുള്ള ഒരു ആസ്തിക്യവാദിയാണ് താൻ എന്ന സന്ദേശം ധ്വനിപ്പിച്ചുകൊണ്ട് മാത്രമാണ് അദ്ദേഹം സംസാരിച്ചത്. ക്രിസ്തുമതത്തിന്റെ പ്രത്യേകതയാൽ അദ്ദേഹം ആ മതത്തോട് സ്വീകരിച്ച യുക്തിപരമായ അവഗണന കാരണം അദ്ദേഹത്തിന് തക്കതായ പ്രതിഫലം ലഭിച്ചു.

നിർഭാഗ്യകരമെന്നു പറയട്ടെ ദൈവത്തിനെതിരെയുള്ള വിപ്ലവകാരിയായിട്ടും ക്രിസ്തുമതം സമൂഹമദ്ധ്യത്തിൽ അദ്ദേഹത്തെ അപകീർത്തിപ്പെടുത്തിയയത്ര അദ്ദേഹം ക്രിസ്ത്യൻ പുരോഹിതന്മാരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുകയുണ്ടായില്ല. അസാമാന്യമായ നിലയിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന തത്ത്വശാസ്ത്രജ്ഞനും, ഗണിതവിജ്ഞാനിയുമായിരുന്നിട്ടും ദെക്കാർത്തെ വേണ്ടവിധം ആദരിക്കപ്പെട്ടില്ല എന്നത് ഒരു ദുരന്തമാണ്. ഒരു കാര്യം നാമോർക്കണം, അദ്ദേഹം ഒരു സൈദ്ധാന്തിക തത്ത്വശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല. **പൈഥഗോറസി**ന്റെ (സി. 580–500 ബി.സി.) ജ്യാമിതീയ ഗണിത (Geometry) സംബന്ധമായ രചനകളെ അഭൂതപൂർവ്വമാംവിധം മുന്നോട്ടുകൊണ്ടുപോയ അത്യുന്നതനായ ജ്യാമിതീയ ഗണിതജ്ഞനുമായിരുന്നു അദ്ദേഹം. ജ്യാമിതിയിൽ പ്രഥമസ്ഥാനീയമായ നിരവധി കൃതികൾ ഉൾക്കൊള്ളുന്ന ദെക്കാർത്തെയുടെ സമൂർത്തമായ സംഭാവനകളെ കുറി ച്ചോർക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്വത്തിന് മുമ്പിൽ ശിരസ്സ് കുനിഞ്ഞുപോവും.

തത്ത്വശാസ്ത്രത്തിൽ ഗണിതപരമായ വാദമുഖങ്ങളവതരിപ്പിക്കുക എന്ന പ്രവണതക്ക് ആദ്യമായി തുടക്കം കുറിച്ചത് ദെക്കാർത്തെയാണ് എന്ന വസ്തുത അദ്ദേഹത്തിന്റെ മഹത്വത്തിന്റെ മറ്റൊരു കീർത്തിമുദ്രയാണ്. സത്യത്തെ സംബന്ധിച്ചും കേവലത്വത്തെ (Absolutenes) സംബന്ധിച്ചുമുള്ള അദ്ദേഹത്തിന്റെ സങ്കല്പം ആരംഭിക്കുന്നത് ആത്മാവബോധത്തി (Self Consciousness)ൽ നിന്നാണ്. അദ്ദേഹത്തിന്റെ സത്യപരിശോധനാരീതി ഒരാൾ എന്തെങ്കിലും ഒരു കാര്യം കാണുമ്പോഴും കേൾക്കുമ്പോഴും ഉടൻ ഉണ്ടാവുന്ന ആദ്യത്തെ മനോഭാവവുമായി ബന്ധപ്പെട്ടതാണ്.

---

* **റീനെ ദെക്കാർത്തെ (Rene Descartes - 1596-1650):** ഫ്രഞ്ച് ദാർശനികനും ഗണിതജ്ഞനുമായിരുന്ന ദക്കാർത്തെ നെതർലാന്റ്സിലാണ് കൂടുതൽ കാലം ചിലവഴിച്ചത്. കാർട്ടീസിയൻ ഫിലോസഫി എന്നാണ് അദ്ദേഹത്തിന്റെ തത്ത്വചിന്തകൾ അറിയപ്പെടുന്നത്. 'ഡിസ്ക്കോഴ്സസ് ഇൻ ഫിലോസഫി' എന്ന പ്രശസ്തമായ തത്ത്വശാസ്ത്ര ഗ്രന്ഥം രചിച്ച ദെക്കാർത്തൊ ഗണിതശാസ്ത്രങ്ങളിലെ അനലറ്റിക്കൽ ജ്യോമട്രിയുടെ ഉപജ്ഞാതാവാണ്. (വിവ:)

* **പൈഥഗോറസ് (Pythagoras - ബി.സി. 580 – 500):** സംഖ്യയാണ് എല്ലാറ്റിന്റേയും സത്ത അഥവാ ഉറവിടം എന്ന് വിശ്വസിച്ച ഗ്രീക്ക് ഗണിതജ്ഞനും ഖഗോളജ്ഞനും, ദാർശനികനുമാണ് പൈഥഗോറസ്. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി വിശദവിവരങ്ങളൊന്നുമറിയില്ല. സംഖ്യകളെ മതപരമായ ചിഹ്നങ്ങളാക്കി കണക്കാക്കി ഒരു പ്രത്യേക ആരാധനാ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവായിരുന്നു അദ്ദേഹം. (വിവ:)

അതായത് ഒരു കാര്യത്തിൽ സത്യത്തിന്റെ മാനദണ്ഡം ആരോപിക്കുന്നതിൽ എന്തെങ്കിലും പരാജയം സംഭവിച്ചാൽ ഉടൻ തന്നെ ആ കാര്യം സംശയിക്കാനുള്ള അർഹത സ്വയം നേടുന്നു എന്ന് അദ്ദേഹം വാദിച്ചു. മറ്റുവാക്കുകളിൽ പറഞ്ഞാൽ വൈരുദ്ധാത്മകമായ വാദഗതികളില്ലാതെ ഒരാൾക്ക് സത്യമാണെന്ന് വിശ്വസിക്കാൻ കഴിയുന്ന ഒരു കാര്യം സ്പഷ്ടമായ സത്യമാണെന്ന് കരുതി സ്വീകരിക്കാം. ഈ തർക്കശാസ്ത്രം സ്വന്തം ആത്മബോധത്തിൽ ആരോപിക്കുമ്പോൾ ഈ വാദത്തിന് ഇപ്രകാരം ഒരു പരാവർത്തനം ലഭിക്കുന്നു. *'ഞാൻ ചിന്തിക്കുന്നു എന്നതിനാൽ ഞാൻ ഉണ്ട്'* അതായത് യാതൊരു താർക്കിക യുക്തിയുടെ പിന്തുണയില്ലാതെ തന്നെ ഞാൻ ഈ ലളിതമായ പ്രസ്താവനയെ പിന്തുണക്കുന്നു എന്ന്, ആയതിനാൽ തീർച്ചയായും ഞാൻ ഉണ്ട്. (5)

അപ്രകാരം ഇത് പ്രഥമവും പ്രധാനവുമായ ഒരു സ്പഷ്ടസത്യമായിതീരുന്നു. ഇത് സംബന്ധമായി ദെക്കാർത്തെ ലളിതസുന്ദരമായ ഒരു ശൈലി രൂപപ്പെടുത്തിയത് ഇപ്രകാരമായിരുന്നു. ***'ഞാൻ ചിന്തിക്കുന്നു എന്നതിനാൽ ഞാൻ ഉണ്ട്'*** (Cogito ergo sum - 'I think therefore I am') ആദ്യസത്യത്തിനുശേഷം അദ്ദേഹം അംഗീകരിച്ച രണ്ടാമത്തെ സത്യം. ദൈവത്തിന്റെ അസ്തിത്വമായിരുന്നു. ദൈവാസ്തിത്വത്തിന്റെ മതിയായ തെളിവ് അദ്ദേഹത്തിന്റെ തന്നെ അസ്തിത്വമാണെന്ന് ഗണിതശാസ്ത്രപരമായി അദ്ദേഹം കണക്കുകൂട്ടി തെളിയിച്ചുകാട്ടി. അതായത് ഒരു ത്രികോണത്തിന്റെ മൂന്ന് കോണുകളുടെ അളവുകൾ രണ്ട് മട്ടകോണുകളുടെ അളവുകൾക്ക് തുല്യമാണെന്നത് പോലെ.

ദൈവാസ്തിത്വത്തെ സംബന്ധിച്ച് ദെക്കാർത്തെ ഉന്നയിച്ച തത്ത്വശാസ്ത്രപരമായ തെളിവുകൾ തുടർന്നുവന്ന തത്ത്വശാസ്ത്രജ്ഞന്മാരുടെ തലമുറകൾക്ക് സ്വീകാര്യമായിരുന്നാലും ഇല്ലെങ്കിലും ശരി ചുരുങ്ങിയപക്ഷം അദ്ദേഹത്താൽ അവർ അഗാധമായി സ്വാധീനിക്കപ്പെട്ടിരുന്നു. പിന്നീട് വന്ന ചിന്തകന്മാർ തർക്കശാസ്ത്രത്തെ അനുകൂലമായും എതിരായും ഉപയോഗിച്ചു. തുടർന്നുണ്ടായ ഇത്തരത്തിലുള്ള പ്രവണതകളുടെ ഫലമായിട്ടായിരുന്നു ദ്വന്ദാത്മക ഭൗതികവാദം (Dilectical Materialism) ആവിർഭവിച്ചത്.

പ്രതിഭാസത്തിന്റേയും യുക്തിയുടേയും അതിർത്തികൾ മതത്തിന്റേയും വിശ്വാസത്തിന്റേയും പൊതു അതിർത്തികളുമായി പങ്ക് വെക്കുന്നില്ല എന്ന് ജോൺ ലോക്ക്*, ബെർക്കിലി*, ഹ്യൂം* എന്നിവർ പതിനേഴാം നൂറ്റാണ്ടിൽ വേർതിരിച്ചുകാണിക്കുന്നത് വരെ ഈ രീതിയിൽ തർക്കശാസ്ത്രം ദൈവാസ്തിത്വത്തിന്നും അനുകൂലമായും പ്രതികൂലമായും ഉപയോഗിക്കപ്പെട്ടു. ഈ തത്ത്വശാസ്ത്രം ഉപയോഗിച്ചുകൊണ്ട് മതത്തിന്റേയും വിശ്വാസത്തിന്റെയും സാധുതയെ ലോക്ക് പ്രത്യേകമായി എടുത്ത് നിഷേധിച്ചില്ല. എന്നാൽ തിരഞ്ഞെടുക്കുന്ന രീതികൾക്കനുസൃതമായിട്ടായിരിക്കും അത് തീരുമാനിക്കപ്പെടുക എന്ന് പറഞ്ഞ് അക്കാര്യം വിശ്വാസികൾക്ക് അദ്ദേഹം വിട്ടുകൊടുത്തു. അത് പിൽക്കാലത്ത് വന്ന യൂറോപ്യൻ തത്ത്വശാസ്ത്രജ്ഞന്മാർ ദൈവത്തെ നിഷേധിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തി. അക്കൂട്ടത്തിൽപ്പെട്ട ദൈവനിഷേധികളിൽ ഏറ്റവും പ്രഗത്ഭരായിരുന്നു. റൂസോയും*, നീഷെയും*.

– വിവ: എ.എം.

* **ജോൺ ലോക്ക് (John Locke - 1632 – 1704) :** ഇംഗ്ലീഷ് ദാർശനികൻ ഇദ്ദേഹത്തിന്റെ രചനകൾ യൂറോപ്യൻ നവോത്ഥാനത്തിന് സഹായകമായി. എസ്സെ കൺസേർണിങ്ങ് ഹ്യൂമൺ അണ്ടർസ്റ്റാന്റിങ്ങ്, എ ലെറ്റർ കൺസേണിങ്ങ് ടോളറേഷൻ, ദ റീസണബിൾസ് ഓഫ് ക്രിസ്റ്റ്യാനിറ്റി എന്നിവയാണ് മുഖ്യകൃതികൾ (വിവ:)

* **ജോർജ് ബെർക്കെലി (George Berkeley - 1685 – 1753):** ഐറിഷ് ദാർശനികനും പുരോഹിതനുമായ ബെർക്കിലി ആധുനിക ആശയവാദത്തിന്റെ ആചാര്യനായി ഗണിക്കപ്പെടുന്നു. (വിവ:)

* **ഡേവിഡ് ഹ്യൂം (David Hume - 1711 – 1770):** സ്കോട്ടിഷ് ചരിത്രകാരനും, ദാർശനികനുമായ ഹ്യൂം സന്ദേഹവാദത്തിന്റെ ആചാര്യനായി ഗണിക്കപ്പെടുന്നു. (വിവ:)

* **ഷാൻ ഷാക് റൂസ്സോ (Jean Jacques Rousseau 1712–78):** ഫ്രഞ്ച് ദാർശനികൻ സ്വിറ്റ്സർലണ്ടിൽ ജനിച്ച റൂസ്സോ. ഫ്രഞ്ച് വിപ്ലവത്തെ അഗാധമായി സ്വാധീനിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രശസ്തകൃതിയാണ് 'സോഷ്യൽ കോൺട്രാക്റ്റ്'. കൺഫെഷൻസ് ആണ് മറ്റൊരു പ്രസിദ്ധ കൃതി. പാരീസിലെ ഒരു മനോരോഗാശുപത്രിയിൽ വെച്ചാണ് റൂസ്സോ മരിച്ചത്. (വിവ: )

* **ഫ്രെഡ്രിക് നീഷെ Friedrich Nietszche - 1844–1900)**: – ജർമ്മൻ ദാർശനികൻ. ജീവിതത്തിന്റെ എല്ലാ മേഖലകളിലേയും പാരമ്പര്യത്തേയും കീഴ്വഴക്കങ്ങളേയും നിശിതമായി വിമർശിച്ച നീഷെ – ക്രിസ്തുമതത്തെ നഖശിഖാന്തം എതിർത്തു. 'ദൈവം മരിച്ചു' എന്ന് തന്റെ കൃതികളിലൂടെ അദ്ദേഹം വിളംബരം ചെയ്യുകയുണ്ടായി. (വിവ:)

**Reference**

**1. Westfall R.C. (1993). The life of Issac Newton - Cambride University Press - Cambridge - P. 124.**
**2. Ibid P. 122.**
**3. Ibid P. 121**
**4. Gutman J (1963) Philosophy A to Z Grosset & Damplne, New York.**
**5. Kiernan - T. (966) Who is who in the History of Philosophy. Vison Press - New York P. 54.**

## പാരിടത്തിൽ അരനാഴികനേരം

*അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്നും നിവേദനം: റസൂൽ (സ) എന്റെ ചുമലിൽ പിടിച്ച് പറഞ്ഞു. ഇഹലോകത്ത് നീ ഒരു പരദേശിയെപോലെയോ അല്ലെങ്കിൽ വഴിയാത്രക്കാരനെപ്പോലെയോ ആവുക.*

*ഇബ്നു ഉമർ ഇങ്ങിനെ പറയുമായിരുന്നു. ' പ്രദോഷമായാൽ നീ പ്രഭാതം പ്രതീക്ഷിക്കരുത്. പ്രഭാതമായാൽ പ്രദോഷവും പ്രതീക്ഷിക്കരുത്. നിന്റെ രോഗകാലത്തേക്കുള്ളത് ആരോഗ്യകാലത്തും മരണത്തിനു വേണ്ടത് ജീവിതകാലത്തും ശേഖരിക്കുക'*

***(അൽബിഹാരി കിത്താബു റിഖാഖ്)***

ലേഖനം

# വിവാഹിതനായ യേശു

എ.ആർ. മലബാരി

**വിവാഹം മനുഷ്യനെ ധാർമ്മികമായും ആദ്ധ്യാത്മികമായും പൂർണനാക്കുകയും ജൈവ പാരമ്പര്യത്തിന് കണ്ണികോർക്കുകയും ചെയ്യുന്നു. ക്രിസ്തു അവിവാഹിതനായിരുന്നു എന്ന ക്രിസ്തീയ സിദ്ധാന്തത്തിന് സുവിശേഷങ്ങളിൽ തെളിവുകളില്ല.**

ജൂദാ ദേശത്തിന്റെ വിജനതയിൽ നിന്നും തിരിച്ചെത്തി ഏറെനാൾ കഴിയും മുമ്പേ യേശു നസറേത്തിൽ നിന്നും ഏതാനും മൈലുകൾ വടക്ക് സ്ഥിതി ചെയ്യുന്ന കാനാഗ്രാമം സന്ദർശിച്ചു. യേശുവിന്റെ മാതാവ് ഈ ഗ്രാമക്കാരിയായിരുന്നു. തന്റെ ഭർത്താവിന്റെ മരണാനന്തരം ഏതാനും വർഷങ്ങൾക്കുശേഷം, യേശു തന്റെ പണിപ്പുര അടച്ച് ദേവശുശ്രൂഷക്കുള്ള ആഹ്വാനം സ്വീകരിച്ചതിന് ശേഷം അവർ വീണ്ടും തന്റെ ഗ്രാമത്തിലേക്ക് മടങ്ങി അവിടെ സ്ഥിര താമസമാക്കിയിരുന്നു. വെന്താത്ത് ഏണസ്റ്റ് റെനാന്റെ ലിഖിതങ്ങളിൽ നിന്നും മനസ്സിലാവുന്നത് മേരിയിൽ ആറിലധികം സന്താനങ്ങൾ ജനിക്കത്തക്ക കാലയളവ് ഭർത്താവായ ജോസഫ് അവരുടെ കൂടെ ജീവിച്ചിരുന്നുവെങ്കിലും സുവിശേഷകാരന്മാർ ജോസഫിനെ കുറിച്ചും മേരിയെ കുറിച്ചും ഒന്നും തന്നെ പറയുന്നില്ല. മേരിയുമായുള്ള ജോസഫിന്റെ വിവാഹത്തെക്കുറിച്ചും യേശുവിന്റെ ജനനാനന്തരമുള്ള കുടുംബത്തിന്റെ ഈജിപ്ത് പ്രയാണത്തെ കുറിച്ചും പിന്നീട് പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം പെസഹ ആഘോഷങ്ങൾക്കായുള്ള ജറുസലേം യാത്രയെ കുറിച്ചുമുള്ള സംക്ഷിപ്ത പരാമർശങ്ങൾക്ക് ശേഷം ജോസഫിനെകുറിച്ചുള്ള വൃത്താന്തങ്ങൾ സുവിശേഷങ്ങളിൽ നിന്നും അപ്രത്യക്ഷമാവുന്നത് കാണാം. യേശു ജലം വീഞ്ഞാക്കി മാറ്റി ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചത് കാനായിൽ വെച്ചായിരുന്നു. കാനാ ദേശം യേശുവിന് ദാനിയേൽ എന്ന ഒരു ശിഷ്യനെയും സമ്മാനിച്ചിരുന്നു.

## കാനായിലെ അതിഥി സൽക്കാരം

ക്ഷണിക്കപ്പെട്ടതനുസരിച്ച് വിവാഹ ചടങ്ങിൽ പങ്കുകൊള്ളുക എന്ന ഉദ്ദേശത്തോടു കൂടിയായിരുന്നു യേശുവും ശിഷ്യരും കാനായിലേക്ക് പോയത്. വിവാഹ ഗൃഹത്തിൽ എത്തിയപ്പോൾ യേശു തന്റെ മാതാവിനെ ആ ഗൃഹത്തിൽ കണ്ടു. അതിഥികളെ പരിചരിക്കുന്നതിലും അവരുടെ ക്ഷേമ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിലും അതിഥികൾക്ക് ഭക്ഷണം വിളമ്പുന്നതിലും അവർ വളരെ സജീവമായിരുന്നു. ഒരതിഥി എന്നതിനേക്കാളേറെ തന്റെ സ്വന്തം ഗൃഹത്തിൽ നടക്കുന്ന ചടങ്ങ് എന്ന നിലയിൽ അവർ അതിൽ താല്പര്യം കാണിക്കുന്നതായി കാണാം. അതിഥി സൽക്കാരത്തിൽ അവർ കാണിക്കുന്ന അമിത താല്പര്യവും, മേരിക്ക് അവിവാഹിതരായ ആൺമക്കളായിരുന്നു എന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ വിവാഹവരൻ മേരിയുടെ മൂത്തമകനായ യേശുവല്ലാതെ മറ്റാരുമായിരുന്നില്ല എന്ന നിഗമനത്തിലാണ് സ്വാഭാവികമായും നിരൂപകന്മാർ എത്തിച്ചേരുന്നത്. പിതാവിന്റെ അഭാവത്തിൽ മക്കളെ വിവാഹം ചെയ്ത് കൊടുക്കേണ്ട ഉത്തരവാദിത്വം മാതാവിന്റേതായിരുന്നു. അതിനാൽ മേരി ഇത്രയധികം താല്പര്യം കാണിച്ചിരുന്ന കാനായിലെ വിവാഹചടങ്ങ് യഥാർത്ഥത്തിൽ യേശുവിന്റേതായിരുന്നു എന്ന നിഗമനം ഒട്ടും ആക്ഷേപാർഹമല്ല തന്നെ.

യേശുവിന്റെ ദൈവികതയിൽ ഉറച്ച് വിശ്വസിക്കുന്നവർ യേശു വിവാഹിതനായിരുന്നു എന്ന വസ്തുത നീരസത്തോടെ പുച്ഛിച്ച് തള്ളിക്കളയുന്നവരാണ്. ഒരാൾ വിവാഹിതനായിരുന്നു എന്നതിലാകട്ടെ ഒട്ടും അയുക്തികതയും അധാർമ്മികതയും ഇല്ലതാനും. യേശു മനുഷ്യപുത്രനാണ് എന്നത്പോലെ തന്നെ ദൈവപുത്രനുമാണ് എന്നാണ് ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസം. മാനുഷി

കവും ദൈവികവുമായ പുത്രസ്ഥാനം അവിഭാജ്യമായും അഗോചരമായും യേശുവിൽ ലയിക്കപ്പെട്ടിരിക്കുന്നു വെന്ന വിശ്വാസക്കാരാണവർ. പുത്ര രൂപമായ ഈ രണ്ട് പദവികളും അല ങ്കരിക്കുന്ന യേശുവിന്റെ യഥാർത്ഥ മാതാവ് ആശാരിയുടെ ഭാര്യയായ മേരി തന്നെയാണ്. ദൈവപുത്രനായ യേശുവിന് മനുഷ്യപുത്രനായ യേശു വിൽ നിന്നും വ്യത്യസ്തമായ ഒരു മാതാവുണ്ടായിരുന്നില്ല. ജൈവശാ സ്ത്രങ്ങളിൽ നിന്നും വ്യതിരിക്തമ ല്ലാത്ത ഒരു സാധാരണ മനുഷ്യ സ്ത്രീക്ക് ദൈവപുത്രനെ ഗർഭം ധരിച്ച് പ്രസവിക്കാമെങ്കിൽ ആ പുത്രന് ഒരു ഭാര്യയുടെ ആവശ്യം എന്തുകൊണ്ട് ഉണ്ടായിക്കൂടാ. അദ്ദേ ഹത്തിന് എന്തുകൊണ്ട് വിവാഹിത നായിക്കൂടാ എന്ന ചോദ്യം സ്വാഭാവി കമായും ഇവിടെ ഉടലെടുക്കുന്നു. ദൈവം ഒരു മനുഷ്യ സ്ത്രീയുടെ ഗർഭാശയത്തിലൂടെ, ആ ഗർഭാശയം എത്രതന്നെ പരിശുദ്ധവും അനർഘ വുമായിരുന്നാലും ഭൂമിയിൽ ജന്മം കൊള്ളുവാൻ ദാക്ഷിണ്യപൂർവ്വം തിര ഞ്ഞെടുത്തു എന്ന വിശ്വാസം പ്രായ പൂർത്തിയെത്തിയപ്പോൾ ആ മകൻ ഒരു ജീവിതസഖിയെ കണ്ടെത്തി സ്വീ കരിച്ചു എന്ന വസ്തുതയേക്കാൾ ഹീ നമായ ദൈവനിന്ദയല്ലെ? പലപ്പോ ഴും വൈകാരികത പ്രത്യേകിച്ച് മത പരമായ വൈകാരിത ഒരിക്കലും യു ക്ത്യാധിഷ്ഠിതമായിരിക്കണമെന്നില്ല.

യേശു വിവാഹിതനായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളൊ ന്നുമില്ല. അതുപോലെ തന്നെ യേശു വിന്റെ ജീവിതത്തെ സംബന്ധിച്ച പല വസ്തുതകൾക്കും യാതൊരുവിധ തെളിവുകളും ഇല്ലാത്തതാണ് യഥാർത്ഥ യേശുവിന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സാദ്ധ്യത കളും സംഭാവ്യതകളും മാത്രമാണ് നമ്മെ നയിക്കുന്ന ചൂണ്ട്പലകകൾ. അദ്ദേഹം വിവാഹിതനായിരുന്നു എന്ന് വിശ്വസിക്കുവാൻ കൂടുതൽ വഴി നൽകുന്ന വസ്തുതകൾ വളരെ യേറെയുണ്ട്. യേശു ആരോഗ്യവാനും ഊർജ്ജസ്വലനും ചെറുപ്പക്കാരനുമാ യിരുന്നു. വിവാഹം ഒരു പവിത്രമായ വ്യവസ്ഥിതിയാണെന്നും മനുഷ്യന്റെ ധാർമ്മികവും സാമുദായികവുമായ ഉന്നമനത്തിന് വിവാഹം ബ്രഹ്മചര്യ ത്തേക്കാൾ പ്രയോജനപ്രദമായ പ്രകൃ തിമാർഗ്ഗമാണെന്നും ഉറച്ച് വിശ്വസി ക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിലെ ധാതുപുഷ്ടിയുള്ള പുരുഷനായി രുന്നു യേശു. ധാർമ്മികവും സാമുദാ യികവുമായ ഔന്നത്യലബ്ധി പ്രദാനം ചെയ്യുന്ന അനുഗ്രഹപൂർണ്ണ മായ ആ ഉദാത്തമായ അനുഭൂതി പരി ത്യജിച്ചുകൊണ്ട് ഉത്തമഭർത്താവ്, പിതാവ് എന്ന നിലയിൽ ശിഷ്യഗണ ത്തിന് ഒരു പ്രായോഗിക മാതൃകയാ യിത്തീരാൻ ശ്രമിക്കുന്നതിന് പകരം ജീവിതാന്ത്യം വരെ യേശു അവിവാ ഹിതനായി ജീവിച്ചു എന്നതിനോട് ഒരിക്കലും യോജിക്കാനാവുന്നില്ല. ഒരു സ്ത്രീ വിദ്വേഷിയായിത്തീരത്ത ക്കവിധം ലൈംഗിക വൈകല്യം ബാധിച്ച വ്യക്തിയായിരുന്നില്ല നസ റേത്തിലെ യേശു. യേശുവിന്റെ കായി കശേഷിയെക്കുറിച്ച് ലോകപ്രശസ്ത നായ സുവിശേഷ പ്രബോധകൻ ബില്ലിഗ്രഹാം പറയുന്നു:

ലോകം കണ്ടതിൽ വെച്ച് ഏറ്റവും കുറ്റമറ്റ ശരീരഘടന യേശു വിന്റേതായിരുന്നു. ഇന്നത്തെപ്പോലെ കായിക മത്സരങ്ങൾ അന്നുണ്ടായിരു ന്നുവെങ്കിൽ എക്കാലത്തേയും ശ്രേഷ്ഠനായ കായികതാരം യേശു ആകുമായിരുന്നു.

മറ്റൊരു പ്രധാന കാര്യം കൂടി ഇവിടെ സ്മരണീയമാണ്. യേശുവിന് മുമ്പ് മൺമറഞ്ഞ് പോയ എല്ലാ പ്രവാ ചകന്മാരും വിവാഹിതരായിരുന്നു. അവരിൽ ഭൂരിഭാഗവും ബഹുഭാര്യത്വം സ്വീകരിച്ചവരായിരുന്നു. യേശു തന്റെ ദൗത്യത്തിലും സ്വഭാവത്തിലും വളരെ യേറെ കടപ്പെട്ടിരിക്കുന്ന മൂന്ന് സുപ്ര ധാന പ്രവാചകന്മാരായ യാക്കോബ്, മോസസ്, ദാവീദ് എന്നിവരും ഇതിൽ ഉൾപ്പെടുന്നു. യാക്കോബിന്റെ ഗൃഹ ത്തിൽ അധികാരം നടത്തുന്നതിനും മോശെയുടെ നിയമങ്ങൾ നിവർത്തി പ്പാനുമായിട്ടാണല്ലോ യേശു ദാവീ ദിന്റെ സന്താനപരമ്പരയിൽ ജന്മമെ ടുത്തത്. ഇവരിൽ യേശുവിന്റെ രാജ കീയ പൂർവ്വികനായ ദാവീദിന് അദ്ദേഹം ഹെബ്രോണിൽ ചിലവഴിച്ച ഏഴര വർഷത്തിനുള്ളിൽ അരഡസ നോളം സ്ത്രീകളും അത്ര തന്നെ സന്താനങ്ങളും ഉണ്ടായിരുന്നതായി ബൈബിൾ മനസ്സിലാക്കിത്തരുന്നു. ഇവരിൽ തന്റെ മകനായ ഇത്ത്റീ മിന്റെ അമ്മയായ എഗ്ല മാത്രമെ ദാവീദിന്റെ ഭാര്യാ പദം അലങ്കരിച്ചി രുന്നതായി പറയുന്നുള്ളൂ. അദ്ദേഹം മുപ്പത്തിമൂന്ന് വർഷം ഭരിച്ച ജറുസ ലേമിലും ധാരാളം ഭാര്യമാരും വെപ്പാ ട്ടികളും ഉണ്ടായിരുന്നതായി ബൈബിൾ പറയുന്നുണ്ട്. ക്രിസ്ത്യൻ ബൈബിളും ക്രിസ്ത്യാനികളും ദാവീ ദിനെ മഹാനായി പരിഗണിക്കുകയും യേശു അദ്ദേഹത്തിന്റെ വംശപരമ്പര യിൽ ജനിച്ച ദിവ്യാത്മാവാണെന്ന് അഭിമാനിച്ച് ഊറ്റം കൊള്ളുകയും ചെയ്യുന്നവരാണ്. മാത്രമല്ല ക്രിസ്തു മത ശാസ്ത്ര ആചാര്യന്മാർ യേശു വിന്റെ അമ്മയായ മേരിയെയും ദാവീ ദിന്റെ വംശപരമ്പരയുമായി ബന്ധിപ്പി ക്കുന്നുണ്ട്. തന്റെ പിതാമഹനും രാജാധിപനുമായിരുന്ന ദാവീദിന് സ്ത്രീകളോട് ഇത്രയും പ്രതിപത്തി ഉണ്ടായിരുന്ന സ്ഥിതിക്ക് ഈ ലോക വിശ്രുതനായ പുത്രൻ മാത്രം ഒരു സ്ത്രീ വിദ്വേഷിയായിത്തീർന്നതെ ങ്ങിനെ ? ഈ സ്ത്രീ വിദ്വേഷം യേശു വിന് എന്ത് ബഹുമതിയാണ് നേടി ക്കൊടുത്തത് എന്ന് തെല്ലുനേരം ആരും ചിന്തിച്ചുപോവും. ഖുർആൻ വരച്ച് കാട്ടുന്ന ദാവൂദ് നബിയുടെ ചിത്രം ഒന്ന് വേറെ തന്നെയാണ്. അദ്ദേഹം ഒരു തികഞ്ഞ പുണ്യവാ ളനും അല്ലാഹുവിന്റെ പ്രവാചകനുമാ യിരുന്നുവെന്നാണ് ഖുർആൻ മനസ്സി ലാക്കിത്തരുന്നത്. യഥാർത്ഥത്തിൽ ദാവീദ് യേശുവിന്റെ പിതാമഹനായി രുന്നുവെങ്കിൽ തീർച്ചയായും അത് ഖുർആൻ വിവരിക്കുന്ന ദാവീദായിരു ന്നു. അല്ലാതെ ബൈബിൾ ചിത്രീക രിക്കുന്ന ദാവീദ് ആയിരുന്നില്ലെന്നത് തീർച്ചയാണ്.

**മഗ്ദലന മറിയമിന്റെ സാമാന്യാ**

**തീതമായ അഭിനിവേശം?**

യേശു വിവാഹിതനായിരുന്നുവെന്നത് ഒരു കല്പിത കഥയല്ല. അദ്ദേഹം വിവാഹിതനായിരുന്നുവെന്നതിലേക്ക് ചരിത്രപരവും വേദഗ്രന്ഥപരവുമായ ധാരാളം തെളിവുകൾ ഉണ്ട്. ഫിലിപ്പിന്റെ അപ്പോക്രിഫാ ഇനത്തിൽപ്പെട്ട പ്രമാണത്തിൽ മഗ്ദലന മറിയമിന്ന് യേശുവിന്റെ ഭാര്യാപദവി നൽകപ്പെട്ടിട്ടുണ്ട്. മറ്റ് ചിലരാവട്ടെ മഗ്ദലനക്കാരി മറിയമിനെ കൂടാതെ ബേഥാന്യായിലെ മാർത്തക്കും യേശുവിന്റെ ഭാര്യാപദവി നൽകുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും മഗ്ദലനമറിയം യേശുവിന്റെ പത്നിയായിരുന്നുവെന്ന് അനിഷേധ്യമായി തെളിയിക്കാവുന്നതാണ്. (യോഹന്നാൻ 20:1-15)

മഗ്ദലനക്കാരി മറിയമിന്റെ യേശുവിനോടുള്ള അസാധാരണ സ്നേഹവായിപും അവൾക്ക് യേശു നൽകുന്ന പരിഗണനകളിൽ നിന്നും അവരുടെ പരസ്പര വിനിമയങ്ങളിൽ നിന്നും അവർ തമ്മിലുണ്ടായിരുന്ന സവിശേഷവും അഗാധവുമായ ബന്ധത്തിന്റെ സ്വഭാവത്തെ കുറിച്ച് മനസ്സിലാക്കാവുന്നതാണ്. കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയമിന്റെ മുന്നിലായിരുന്നു. അമ്മയുടെയോ സഹോദരന്മാരുടേയോ ശിഷ്യന്മാരുടേയോ മുന്നിലായിരുന്നില്ല. യേശു കുരിശിൽ വെച്ച് മരണമടഞ്ഞുവെന്നാണ് ക്രിസ്തീയർ വിശ്വസിക്കുന്നത്. ക്രിസ്തുമതം നിലകൊള്ളുന്നതു ആ വിശ്വാസത്തിലാണ്. മരണാനന്തരം സ്വർഗ്ഗം വിട്ടിറങ്ങിയ യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയമിന്റെ മുന്നിലായിരുന്നുവെന്നത് തന്നെ അവർ തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം ഗ്രഹിക്കുവാൻ പര്യാപ്തമാണ്. വിവാഹബന്ധം അനുശാസിക്കുന്ന ധാർമ്മികവും സാമൂഹികവുമായ കടപ്പാടുകളെക്കുറിച്ച് യേശു പരിപൂർണ്ണമായും ബോധവാനായിരുന്നു. ഏത് കാര്യത്തിനും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന പരിശന്മാരുടെ ചോദ്യത്തിന് യേശു നൽകുന്ന മറുപടിയിൽ നിന്ന് വിവാഹ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്താഗതിയെ കുറിച്ച് വ്യക്തമായും മനസ്സിലാക്കാവുന്നതാണ്. (മത്തായി 19:3-6)

ബഥാന്യായിലെ മാർത്തയെ യേശു പരിണയിച്ചിരുന്നുവെന്നതിന്, മേരി മഗ്ദലനയുടെ കാര്യത്തിലെന്നപോലെയുള്ള പ്രബലമായ തെളിവുകൾ ബൈബിളിൽ നിന്നും ലഭ്യമല്ല. എങ്കിലും യേശുവും മാർത്തയും തമ്മിൽ ഗുരുശിഷ്യബന്ധത്തേക്കാൾ ഗാഢമായ ഒരു ബന്ധം ഉണ്ടായിരുന്നുവെന്നതിന് സുവിശേഷങ്ങളിൽ ധാരാളം സൂചനകളുണ്ട്. ആ സൂചനകളിൽ നിന്നും അവരുടെ ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുവാൻ വിമർശനബുദ്ധിയുടെ ആവശ്യമില്ല. മാർത്തയും സഹോദരി മേരിയും സഹോദരൻ ലാസറസും അടങ്ങിയ മാർത്തയുടെ കുടുംബത്തോട് യേശു ഗാഢ സൗഹൃദം പുലർത്തിയിരുന്നു. യേശുവിന് അവർ വളരെ അഗാധമായി ഇഷ്ടപ്പെട്ടിരുന്നുവെന്നും സുവിശേഷം തന്നെ എടുത്ത് പറയുന്നുണ്ട് (ലൂക്കോസ് 10:30, 40) ജറുസലേമിന്റെ പ്രാന്തപ്രദേശങ്ങളിലായിരുന്നപ്പോഴൊക്കെ യേശു അവരുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്. മാർത്ത യേശുവെ ഗൃഹത്തിലേക്ക് സ്വാഗതം ചെയ്യുക യും അദ്ദേഹത്തിന്റെ വ്യക്തിപരമായ സുഖസൗകര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു. യേശു വരുന്നു എന്ന് കേട്ടിട്ട് മാർത്ത മറിയയെ വീട്ടിലിരുത്തി അവനെ എതിരേൽപ്പാൻ എത്തുന്നതും കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്ന് അളവറ്റ വ്യക്തിബന്ധത്തോടെ പറഞ്ഞതായും കാണുന്നു (യോഹന്നാൻ 11:20, 21)

## യേശു ഒരു സാധാരണ മനുഷ്യൻ

യേശുവിന്റെ വൈവാഹിക ജീവിതത്തെക്കുറിച്ചുള്ള ഉപദേശങ്ങളേക്കാളേറെ ക്രിസ്ത്യാനികളെ സ്വാധീനിച്ചിരിക്കുന്നത് പൗലോസിന്റെ വിവാഹ വിരുദ്ധ സിദ്ധാന്തങ്ങളാണ്. യേശുവിന്റെ ദിവ്യത്വത്തിന് അനുയോജ്യമായ ഒരു പത്നിയെ കണ്ടെത്തുന്നതിൽ ചർച്ച് പരാജയപ്പെടുകയായിരുന്നു. വിവാഹം ചെയ്യണമെന്ന് ആഗ്രഹിച്ചാൽ പോലും ദൈവപുത്രൻ ആരെയാണ് പരിഗണിക്കുക ? വിവാഹം എന്ന ആവശ്യം പോലും ക്രിസ്തീയരെ സംബന്ധിച്ചിടത്തോളം അസ്വീകാര്യവും യേശുവിന്റെ ദൈവീകസ്ഥാനത്തിന് നിരക്കാത്തതുമാണ്. അതേസമയം ദൈവപുത്രനായിരുന്നുവെങ്കിലും യേശു ഒരു പരിപൂർണ്ണ മനുഷ്യനും ഭൗതികവും ജൈവശാസ്ത്രപരവുമായ സകലനിയമങ്ങൾക്കും വിധേയനും നമ്മെപ്പോലെയുള്ള ഒരു സാധാരണ മനുഷ്യനും ആയിരുന്നുവെന്ന് അവർ ഏറ്റുപറയുകയും ചെയ്യുന്നു. ഭക്ഷണം, ജലപാനം, ഉറക്കം, മലമൂത്രവിസർജ്ജനം എന്നിവ മറ്റെല്ലാ മനുഷ്യരേയും പോലെതന്നെ യേശുവിനും അനിവാര്യമായിരുന്നു. നമ്മുടെ ഭൗതികാവശ്യങ്ങൾക്ക് മരണം വിരാമമിടുന്നു. എന്നാൽ യേശുവെ സംബന്ധിച്ച് അങ്ങിനെയായിരുന്നില്ല. മരണാനന്തരം മൂന്ന് ദിവസങ്ങൾക്ക് ശേഷം കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഉടനെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് കൂടി ശിഷ്യരോട് ഭക്ഷിപ്പാൻ വല്ലതുമുണ്ടോ എന്നന്വേഷിക്കുകയും അവർ നൽകിയ മീനും തേനും അവരുടെ മുന്നിൽ വെച്ച് ആർത്തിയോടെ ഭക്ഷിക്കുകയും ചെയ്തു. അതിന്ശേഷം മാത്രമേ അദ്ദേഹം ആകാശപാളികളിൽ പൊങ്ങിമറഞ്ഞുള്ളൂ. യേശുവിന്റെ ഭൗമികജീവിതകാലമത്രയും മരണാനന്തരം ഉയിർത്തെഴുന്നേറ്റതിന് ശേഷമുള്ള ദിവസങ്ങളടക്കം അവിതർക്കിതമാം വിധം മനുഷ്യസഹജവും പ്രകൃത്യാനുസാധാരണവുമായിരുന്നെങ്കിൽ, ജീവിതത്തിലെ മറ്റെല്ലാ ആവശ്യങ്ങളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ലൈംഗികേച്ഛയിൽ നിന്നും യേശു വിമുക്തനായിരുന്നുവെന്ന് പറയുന്നത് തികച്ചും

ബുദ്ധിഹീനമാണ്. സ്ത്രീകളുമായി ഇടപഴകുകയും അവരുടെ സാന്നിദ്ധ്യവും പരിചരണവും ഇഷ്ടപ്പെടുകയും ചെയ്തിരുന്ന യേശു ക്രിസ്തീയരുടെ ഈ വാദത്തിന് ഒരു തികഞ്ഞ അപവാദമാണ്. യേശുവെക്കുറിച്ചുള്ള ക്രിസ്തീയ വിശ്വാസങ്ങൾ (കൊരിന്ത്യർ 7:1–4) പൌലോസിന്റെ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാണ്; പ്രത്യേകിച്ച് ക്രിസ്തുവിന്റെ വിവാഹജീവിതത്തെക്കുറിച്ചുള്ള വിശ്വാസം. പൌലോസ് ഒരു സ്ത്രീ വിദ്വേഷിയായിരുന്നു. വൈവാഹികജീവിതത്തിലെ തിക്താനുഭവങ്ങളാണോ, അതല്ല ലൈംഗികപരമായ വൈകല്യങ്ങളാണോ, ഈ വിരോധത്തിന് പിന്നിൽ പ്രവർത്തിച്ചതെന്ന് നമുക്കറിയില്ല. കാരണമെന്തായാലും തന്റെ ജനം വിവാഹിതരാവരുതെന്ന് പോൾ അതിയായി ആഗ്രഹിച്ചിരുന്നുവെന്ന് ഉറപ്പാണ്. ധാർമ്മിക ജീവിതത്തിന്റെ പരമ മൂല്യലബ്ധിക്ക് ബ്രഹ്മചര്യം അനിവാര്യമാണെന്നു വിശ്വസിക്കുന്നവർ ക്ക് യഥാർത്ഥത്തിൽ ധാർമ്മികജീവിതം എന്താണെന്നും ഒരു ബ്രഹ്മചാരിയുടെ ജീവിതം എത്രത്തോളം അപൂർണ്ണവും പ്രാകൃതവും, കർത്തവ്യനിഷ്ഠയില്ലാത്തതുമാണെന്നും മനസ്സിലാക്കാൻ പറ്റുകയില്ല.

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ചതിനു ശേഷം, പെറ്റ് പെരുകി ഭൂമിയിൽ നിറയുവാനായിരുന്നു ദൈവം ആദ്യമായി മനുഷ്യനോട് കല്പിച്ചത് എന്നാണ് ബൈബിളിൽ നിന്നും മനസ്സിലാവുന്നത്. (ഉൽപ്പത്തി) ബ്രഹ്മചര്യം സ്വീകരിച്ചുകൊണ്ട് ഈ ദൈവ കല്പനകളെ ക്രിസത്യാനികൾ മറികടക്കുകയാണ്. ക്രിസ്തു വിവാഹിതനായിരുന്നില്ല എന്നതുകൊണ്ട് മാത്രം അതിന്റെ പ്രസക്തി കുറയുകയുമില്ല. പഴയ നിയമത്തിലെ മോശയുടെ നിയമങ്ങൾ ബഹുഭാര്യത്വം നിർബന്ധമാക്കുന്ന സന്ദർഭങ്ങളുമുണ്ട്. വിധവയായ സഹോദരപത്നിയെ വിവാഹം ചെയ്യുവാൻ വരെ അത് അനുശാസിക്കുന്നുണ്ട്. (ആവർത്തന പുസ്തകം 25=5–6)

യേശു വിവാഹിതനായിരുന്നുവെന്നതും, രണ്ട് ഭാര്യമാർ ഉണ്ടായിരുന്നുവെന്നതും ഒരു പുതിയ ആവിഷ്ക്കാരമല്ല. ഈ വിശ്വാസത്തിന് നൂറ്റാണ്ടുകളോളം പഴക്കമുണ്ട്. ചില പ്രത്യേക ക്രിസ്തുമത വിഭാഗങ്ങൾ യേശുവിന്റെ ആധികാരികതയുണ്ടെന്നു അവകാശപ്പെട്ട് കൊണ്ട് ബഹുഭാര്യത്വം ആചരിക്കുകയും ചെയ്തിരുന്നു. 1830-ൽ അമേരിക്കയിൽ സ്ഥാപിതമായ മോർമൺ ക്രിസ്തീയ വിഭാഗക്കാർ ഈ വകുപ്പിൽപ്പെട്ട ആധുനിക വിഭാഗക്കാരാണ്. യേശുവിന്റെ മാതൃക പിൻപറ്റിക്കൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യംവരെ അവർ ബഹുഭാര്യത്വം സ്വീകരിച്ചിരുന്നു. മോർമൺ വിഭാഗക്കാർ വളരെ മതനിഷ്ഠതയുള്ളവരും ക്രൈസ്തവവേദപുസ്തകങ്ങളുടെ അനുശാസനകളും ആചാരങ്ങളും അക്ഷരാർത്ഥത്തിൽ അനുവർത്തിക്കേണ്ടതാണെന്ന് വാദിച്ച ക്രൈസ്തവ നവോത്ഥാനവിഭാഗത്തിൽ (പൂരിറ്റൻ വിഭാഗത്തിൽ) പെട്ടവരുമായിരുന്നു. പക്ഷേ അമേരിക്കയിലെ പൌലോസിന്റെ അനുയായികൾ 1862ൽ അമേരിക്കൻ കോൺഗ്രസ്സിൽ നിയമനിർമ്മാണം നടത്തിക്കൊണ്ട് അവരുടെ വിശ്വാസങ്ങളെ ശിക്ഷാർഹമാക്കുകയാണുണ്ടായത്.

മറ്റുള്ളവർക്ക് തികച്ചും പ്രകൃത്യാനുസരണവും നിയമാനുസാരവുമായ പല കാര്യങ്ങളും, മനുഷ്യരാശിയിലെ നല്ലൊരു ഭാഗം ഏറ്റവും നല്ലതെന്ന് പരിഗണിക്കുകയും ചെയ്യുന്ന പലതും എന്തുകൊണ്ട് യേശുവിന് മാത്രം ബാധകമല്ലാതായി എന്നതിന് ഒരു പ്രത്യേക കാരണമുണ്ട്. ജനനം മുതൽ തന്നെ യേശുവെ തന്റെ നൈസർഗ്ഗിക പരിതസ്ഥിതിയിൽ നിന്നും ബലമായി പിടിച്ചു മാറ്റി തികച്ചും മനുഷ്യഗുണമില്ലാത്ത ഒരു ചുറ്റുപാടിൽ പ്രതിഷ്ഠിക്കപ്പെടുകയാണുണ്ടായത്. നൂറ്റാണ്ടുകളോളം അദ്ദേഹത്തിന് ചുറ്റും പടുത്തുയർത്തിയ അസത്യത്തിന്റെയും കല്പിതകഥകളുടെയും ദുർഘടപാതകളിൽ കിടന്ന് നട്ടം തിരിയത്തക്കവിധം, യേശുവിന്റെ യഥാർത്ഥ ജീവിതത്തിന്റെ കണികപോലും അവശേഷിപ്പിക്കാതെ നിഷ്കരുണം മാറ്റിമറിക്കപ്പെട്ടിരിക്കുന്നു.

യേശുവിന്റെ ലൗകിക ജീവിതത്തെക്കുറിച്ച് കെട്ടിച്ചമച്ച ഐതിഹാസികത കാരണമായി ക്രിസ്ത്യാനികൾക്ക് യേശു വിവാഹിതനായിരുന്നുവെന്ന് സങ്കൽപ്പിക്കുവാൻ പോലും കഴിയാതെ വന്നു. താൻ വിവാഹിതനാവാൻ ആഗ്രഹിക്കുന്നില്ലെന്ന് ഒരിക്കൽ പോലും യേശു സൂചിപ്പിച്ചിട്ടില്ല. ക്രിസ്ത്യാനികളുടെ പ്രചരണത്തിന്റെ സ്വാധീനം കാരണം യേശു ജീവിതകാലം മുഴുവനും അവിവാഹിതനായിരുന്നുവെന്ന് മുസ്ലീംകൾ പോലും ഇന്നും വിശ്വസിക്കുന്നു. ഈസ (അ) വിവാഹിതനായിരുന്നുവെന്ന് ഖുർആൻ എവിടെയും പ്രസ്താവിക്കുന്നില്ല. ഹസ്റത്ത് ഈസ (അ) യുടെ വ്യക്തിജീവിതത്തെക്കുറിച്ച് ഖുർആൻ അധികമൊന്നും സൂചിപ്പിക്കുന്നില്ല. എല്ലാ പ്രവാചകന്മാരും വിവാഹിതരായിരുന്നുവെന്നും അവർക്ക് സന്താനങ്ങളുണ്ടായിരുന്നുവെന്നും ഖുർആൻ പൊതുവെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈ ഖുർആനിക പ്രസ്താവനയിൽ നിന്നും ഹസ്റത്ത് ഈസ (അ) വിവാഹിതനായിരുന്നുവെന്നും അദ്ദേഹത്തിന് സന്താനങ്ങളുണ്ടായിരുന്നുവെന്നും നമുക്ക് ന്യായമായും അനുമാനിക്കാവുന്നതാണ്. അങ്ങിനെ വിശ്വസിക്കുന്നതിൽ അക്ഷന്തവ്യവും അസംഭവ്യവുമായ യാതൊന്നും തന്നെ ഇല്ലതാനും. അദ്ദേഹത്തിന്റെ ലൌകിക ജീവിതത്തിന് പുതിയ മാനങ്ങൾ ഉണ്ടാക്കാവുന്നത് യേശുവിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥക്ക് മാറ്റ് കൂട്ടുക മാത്രമേ ചെയ്യുകയുള്ളൂ. മാനുഷിക തലത്തിൽ തികച്ചും ബുദ്ധിപൂർവ്വവും യുക്ത്യാനുസാരവുമായ ഈ കാഴ്ചപ്പാട് യേശുവിനെയും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളേയും ദൈവശാസ്ത്രപരമായ പരമാബദ്ധങ്ങൾ കൊണ്ടും ദുഷിച്ച തത്വപ്രബോധനങ്ങൾ കൊണ്ടും വികൃതമാ

*(ശേഷം 26-ാം പേജിൽ)*

## ലേഖനം

# യൂറോപ്പിനെ കീഴടക്കുന്ന നബി കീർത്തി

മുഹമ്മദ് ഉമർ എച്ച്. എ. കോഴിക്കോട്

**ഡന്മാർക്കിൽ കാർട്ടൂണിലൂടെ റസൂൽ തിരുമേനി(സ) യെ അപകീർത്തി പ്പെടുത്താൻ ശ്രമിച്ചപ്പോൾ അഹ്മദികളുടെ ഭാഗത്ത് നിന്നുണ്ടായ പ്രതി കരണം മുഖേന ഇസ്‌ലാമിനെക്കുറിച്ചറിയാനുള്ള വ്യാപകമായ താല്പര്യം ഉണ്ടായിരിക്കുന്നു. വിവാദ കാർട്ടൂൺ രചിച്ചയാൾ തന്നെ ഖേദപ്രകടനം നടത്തുകയും ചെയ്തു.**

ലോകാനുഗ്രഹിയും പ്രവാചകശ്രേഷ്ഠനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ സ്മരണ ലോകത്തുള്ള നൂറു കോടിയിലധികമുള്ള മുസ്‌ലിംകളുടെ ഹൃദയങ്ങളിൽ ഒരിക്കലും മായാതെ എന്നെന്നും നിലനിൽക്കുന്ന ഒന്നാണ്. ആ പുണ്യാത്മാവി ന്റെ അന്തസ്സിനെയും അഭിമാനത്തെയും സംരക്ഷിക്കേണ്ടത് തങ്ങളുടെ പ്രഥമ കർത്തവ്യമായി അവർ കരുതുന്നു.

ആ പുണ്യാത്മാവിന്റെ വരിഷ്ഠ ദാസനും അനുരക്തനും ഈ കാലത്തവതീർണ്ണരായ വാഗ്ദത്ത മഹ്ദിയും മസീഹുമായവതരിച്ച ഹദ്റത്ത് അഹ്മദ് (അ) ഹദ്റത്ത് റസൂൽ തിരുമേനി (സ)യോടുള്ള അളവറ്റതും അകൈതവും ആയ സ്നേഹത്തിന്റെയും അനുരക്തിയുടെയും മാധുര്യമേറിയൊരു സങ്കല്പമായാണ് ഓരോ അഹ്മദിയുടെയും ഹൃദയത്തിൽ കുടികൊള്ളുന്നത്. അതിന്റെ ഫലമായി ഓരോ അഹ്മദിയും തന്റെ ജീവിതത്തിലെ ഓരോ അംശത്തിലും പരമാണുവിലും ആ പുണ്യാത്മാവിനോടുള്ള സ്നേഹത്തിന്നും അനുരാഗത്തിന്നും മുൻതൂക്കം നൽകുന്നു.

ഹദ്റത്ത് അഹ്മദ്(അ) അരുൾ ചെയ്യുന്നു: "എന്റെ പ്രേമഭാജനമേ! അങ്ങയോടുള്ള സ്നേഹാധിക്യം എന്റെ ഹൃദയത്തിലും ശരീരത്തിലും മനസ്സിലും അങ്ങുന്നു പ്രവേശിപ്പിച്ചിരിക്കുകയാണ്. എന്റെ ഹൃദയത്തിന്റെ പൂന്തോട്ടമേ! അങ്ങയുടെ സ്മരണയിൽ നിന്ന് എന്റെ ഹൃദയം ഒരു നിമിഷം, ഒരു വിനാഴിക പോലും മുക്തമല്ല. നിശ്ചയമായും റസൂൽ കരീം(സ) എന്റെ ജീവനാകുന്നു. അങ്ങയുടെ മധുരസ്മരണയിൽ ഞാൻ ഫലഭൂയിഷ്ടനായിത്തീർന്നു. നബിതിരുമേനി (സ) പ്രകാശിക്കുന്ന സൂര്യബിംബമാണ്. അവശേഷിക്കുന്നവയെല്ലാം തന്നെ ആ സൂര്യനിൽ നിന്നം പ്രകാശം ലഭിച്ച ചന്ദ്രനും നക്ഷത്രങ്ങളും മാത്രം. (ദുർറെസമീൻ അറബി) അദ്ദേഹം തന്റെ ഒരു ഫാർസി കവിതയിൽ പറയുന്നു. "എന്റെ ജീവനും ഹൃദയവും മുഹമ്മദു നബി(സ)യുടെ സൗന്ദര്യത്തിൽ അർപ്പിതമാണ്. എന്റെ ഈ ജഡം തിരുനബി(സ)യുടെ വീട്ടുവാതിൽക്കൽ ബലിയിടപ്പെട്ടിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും ഹദ്റത്ത് മുഹമ്മദ് നബിയുടെ സൗന്ദര്യം എന്റെ അകക്കണ്ണുകൊണ്ടു കാണുവാൻ സാധിക്കുന്നു.

അങ്ങയുടെ മധുരശബ്ദം എന്റെ കർണ്ണങ്ങൾ കൊണ്ട് കേൾക്കുവാനും സാധിക്കുന്നു.

(താൻ ഉറുദു, അറബി, പാർസി എന്നീ ഭാഷകളിൽ രചിച്ച നൂറ്റി എട്ടിൽ പരം ഗ്രന്ഥങ്ങളെക്കുറിച്ചു പറയുന്നു). മനുഷ്യകുലത്തിന്റെ നന്മയ്ക്കായി ഞാനൊഴുക്കിയ ആത്മീയ ജ്ഞാനത്തിന്റെ ഈ നീരുറവ് മുഹമ്മദ് എന്ന മഹാസമുദ്രത്തിൽ നിന്നെടുത്ത ഒരു തുള്ളി മാത്രമാണ്.

ഞാൻ കത്തിച്ച ഈ പ്രേമാഗ്നി ഹ. റസൂൽ തിരുമേനിയോടുള്ള പ്രേമാഗ്നിയുടെ ഒരു ഭാഗം മാത്രം.

എന്റെ ഈ ജലം റസൂൽ തിരുമേനി(സ)യുടെ പവിത്ര ജലാശയ

ത്തിൽ നിന്നുമെടുക്കപ്പെട്ടതത്രെ. (ദുർറെസമീൻ ഫാർസി)

എന്റെ ഗുരുഭൂതനും മാർഗ്ഗദർശകനുമായ ഹദ്റത്ത് മുഹമ്മദു നബി (സ)യോടുള്ള അനുരക്തിയിലും അനുരാഗത്തിലും തന്നെ അർപ്പണം ചെയ്ത ഹദ്റത്ത് അഹ്മദ് (അ) തന്റെ ജീവിതം മുഴുവനും ആ പുണ്യാത്മാവിന്റെ സന്ദേശവും അദ്ധ്യാപനവും ലോകത്തെങ്ങും എത്തിക്കുവാൻ അഹോരാത്രം വ്യാപൃതനായിരുന്നു.

തിരുനബി(സ)യെ എതിർക്കുകയും അവഹേളിക്കുകയും ചെയ്തിരുന്ന സത്യനിഷേധികളെ അദ്ദേഹം വെല്ലുവിളിച്ചുകൊണ്ടിരിക്കുകയും ആ പുണ്യാത്മാവ് കൊണ്ടുവന്ന അദ്ധ്യാപനങ്ങൾക്കു തുല്യമായി തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ നിന്നു വല്ല അദ്ധ്യാപനവും എടുത്തുകാണിക്കുവാൻ സാധിക്കുമോ എന്ന ചോദ്യം അവരുടെ മുമ്പാകെ വെച്ചുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ ഈ വെല്ലുവിളികളെ നേരിടുവാനുള്ള ധൈര്യം ആർക്കും തന്നെ ഉണ്ടായിരുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്.

ഹദ്റത്ത് അഹ്മദു (അ) തന്റെ ഒരു ഉറുദു കവിതയിൽ പറയുന്നു.

ഓരോ എതിരാളിയെയും നാം (ആത്മീയരംഗത്തുള്ള) മത്സരത്തിന്നായി ക്ഷണിച്ചുകൊണ്ടിരുന്നിട്ടും പരീക്ഷണത്തിന്നായി ആരും തന്നെ മുന്നോട്ടു വന്നില്ല. അവർ അശ്രദ്ധയുടെയും അലംഭാവത്തിന്റെയും പുതപ്പിന്നുള്ളിൽ മൂടിപ്പുതച്ച് കിടന്നുറങ്ങുകയാണ്. നൂറുപ്രാവശ്യം ഉണർത്തിയിട്ടും അവർ ഉണരുന്നില്ല."

സത്യാസത്യ വിവേചനത്തിന്നായുള്ള പരീക്ഷണത്തിന്ന് ആരും തന്നെ രംഗത്ത് വന്നില്ലെങ്കിലും ശത്രുക്കൾ വിശിഷ്യ ക്രിസ്തീയ പാതിരിമാർ ഹദ്റത്ത് മുഹമ്മദ് നബി(സ)യെ നിന്ദിക്കുകയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിൽ ഒരു കുറവും വരുത്തിയിരുന്നില്ല.

ഹദ്റത്ത് അഹ്മദി(അ)ന്ന് തന്റെ ഗുരുനാഥനോടുള്ള അവർണ്ണനീയമായ സ്നേഹവും അനുരക്തിയും കാരണം താൻ ജീവനേക്കാൾ ഉപരിയായി സ്നേഹിക്കുന്ന ആ പുണ്യാത്മാവിനെക്കുറിച്ച് ആരെങ്കിലും അഹിതമായി വല്ലതും പറഞ്ഞാൽ അതദ്ദേഹത്തിന് സഹിക്കുമായിരുന്നില്ല.

അദ്ദേഹം പറയുന്നു:

ക്രിസ്തീയ മിഷ്യനറിമാർ നമ്മുടെ പ്രിയപ്പെട്ട റസൂൽ കരീമിന്നെതിരായി അസംഖ്യം വ്യാജാരോപണങ്ങൾ കെട്ടിപ്പടുക്കുകയും തങ്ങളുടെ ദജൽ (വ്യാജം) കാരണമായി അനേകരെ വഴിപ്പിഴപ്പിക്കുകയും ഉണ്ടായി. ഇക്കൂട്ടർ നമ്മുടെ റസൂലിന്നെതിരിൽ ചെയ്തുകൊണ്ടിരിക്കുന്ന ആക്ഷേപ ങ്ങളും അവഹേളനങ്ങളും എന്നെ കടുത്ത ദുഃഖത്തിലാഴ്ത്തിയത് പോലെ മറ്റൊരു സംഭവവും എന്നെ അത്രത്തോളം ദുഃഖത്തിലാഴ്ത്തിയിട്ടില്ല. ഖൈറുൽ ബശർ ആയ ആ പുണ്യപാദന്നെതിരിൽ ഇവരുടെ നിന്ദാത്മകമായ ജല്പനങ്ങൾ എന്റെ ഹൃദയത്തെ കീറിമുറിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയട്ടെ. എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും സന്തതസഹചാരികളും എന്റെ കൺമുമ്പാകെ അറുകൊല ചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾ വെട്ടിനുറുക്കപ്പെട്ടാലും എന്റെ കൃഷ്ണമണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എന്റെ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും വിനാശമായിപ്പോയാലും എന്റെ എല്ലാ സുഖസൗകര്യങ്ങളും കവർന്നെടുക്കപ്പെട്ടാലും അവയെക്കാളൊക്കെ എനിക്ക് അസഹ്യമായി അനുഭവപ്പെടുക റസൂൽ തിരുമേനിക്കെതിരായി ചെയ്യപ്പെടുന്ന ഈ നീചമായ വ്യാജാരോപണങ്ങളാണ്. (ആയിനയെ കമാലാത്തെ ഇസ്ലാം പേജ് 15)

ക്രിസ്തീയ മിഷ്യനറിമാരും അവരുടെ പത്രങ്ങളും ഇന്നും ഈ പ്രവാചകനിന്ദയെന്ന നീചമായ പ്രക്രിയ തുടർന്നു നടത്തിവരികയാണ്. ആവിഷ്കാരസ്വാതന്ത്ര്യം എന്ന സുന്ദരമായ ലേബലിൽ ഹദ്റത്ത് നബീ കരീം (സ)നെക്കുറിച്ചു ഡൻമാർക്കിലെ JYLLANDS POSTEN എന്ന ഡാനിഷ് പത്രം പന്ത്രണ്ട് കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച് മതലോകത്ത് ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. അതിന്റെ പ്രതികരണമെന്നോണം ഹാലിളകിയ ചില മുസ്ലിം സംഘടനകൾ മുസ്ലിം നാടുകളിലെ ഡാനിഷ് എമ്പസികൾക്ക് തീവെച്ചും ക്രൈസ്തവ ദേവാലയങ്ങളെ അക്രമിച്ചും അവരുടെ ദേശീയ പതാകകൾ ചുട്ടെരിച്ചും പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. ഈ അക്രമപ്രവർത്തനങ്ങൾ ഇസ്ലാമിന്റെ മഹത്തായ അദ്ധ്യാപനങ്ങൾക്കും വിശുദ്ധപ്രവാചകന്റെ പരിപാവനമായ മാതൃകകൾക്കും വിപരീതമായ പ്രകടനങ്ങളായിരുന്നു. മക്കയിൽ പതിമൂന്നു വർഷവും മദീനയിൽ പത്തുവർഷവും ശത്രുക്കളിൽ നിന്നും ക്രൂരമായ യാതനകളും മർദ്ദനങ്ങളും പീഢനങ്ങളും സഹിച്ചതിന്നുശേഷം ഹദ്റത്ത് മുഹമ്മദു നബി (സ) തന്റെ പതിനായിരം അനുയായികളോടൊപ്പം മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ തന്റെ ആജന്മ ശത്രുക്കളായ ഖുറൈഷികൾക്ക് പൊതുമാപ്പു നൽകി ചരിത്രം സൃഷ്ടിച്ച മഹാത്മാവായിരുന്നു.

ആ പുണ്യാത്മാവിന്റെ ഒരു ചെറുവിരലനക്കം മതിയായിരുന്നു നൂറുക്കണക്കിലുള്ള ഘാതകപരിഷകളുടെ ശിരച്ഛേദത്തിന്നും അങ്ങനെ മക്കാനഗരം രക്തക്കളമായി മാറുന്നതിനും നിമിത്തമായിത്തീരാൻ.

ഇത് സംബന്ധിച്ച് ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

നമ്മുടെ നബി കരീം(സ) എല്ലാ വിധത്തിലുള്ള അധികാരങ്ങളും ശക്തികളും ആർജ്ജിച്ച് സർവാധികാരിയായി മക്കയിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ആജന്മശത്രുക്കളും രക്തദാഹികളുമായിരുന്നവരോട് "ഇന്ന് നിങ്ങളുടെ മേൽ ഒരു കുറ്റാ

രോപണവും ഇല്ല" എന്നു പ്രഖ്യാപിക്കുകയുണ്ടായി.

ആ പുണ്യപുമാൻ ദൈവനിയുക്തനായി ആഗതനായ ഘട്ടത്തിൽ ആക്രമവും അനീതിയും ബിംബാരാധനയും അതിന്റെ പാരമ്യത്തിൽ എത്തിയിരുന്നു. കരയും കടലും ഒരുപോലെ ദുഷിച്ചു പോയിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആൻ തന്നെ സാക്ഷി പറഞ്ഞിരുന്ന കാലഘട്ടത്തിലായിരുന്നു തിരുനബി(സ) ആഗതനായിരുന്നത്. എന്നാൽ അദ്ദേഹത്തിന്നു "ദൈവസഹായവും വിജയവും സമാഗതമാകുമ്പോൾ ജനങ്ങൾ കൂട്ടംകൂട്ടമായി അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കുന്നതായി നീ കാണുന്നതാണ്" എന്ന അല്ലാഹുവിന്റെ ആശ്വാസവചനം സാക്ഷാൽക്കരിക്കപ്പെട്ടതായി സ്വന്തം കണ്ണുകൾ കൊണ്ട് അദ്ദേഹത്തിന് കാണുവാൻ സാധിച്ചു. ഇത്തരത്തിലുള്ള ഒരു ദൃഷ്ടാന്തം ലോകത്തെവിടെയും കാണുക സാധ്യമല്ല. ഈ ഒരു പരിപൂർണ്ണതയെ സ്ഥാപിക്കുവാനായിരുന്നു ആ പുണ്യാത്മാവ് ആഗതനായിരുന്നത്. അതദ്ദേഹം പൂർത്തീകരിച്ച് കാണിച്ചുതന്നു." (അൽഹക്കം 81-10-1907).

ലോകാനുഗ്രഹിയും പ്രവാചകശ്രേഷ്ഠനുമായ ഹദ്റത്ത് മുഹമ്മദു നബി(സ) തിരുമേനി കാണിച്ചിരുന്ന അതിമഹത്തായ മാതൃകയാണിത്. സമത്വസുന്ദരവും സമാധാനസമ്പൂർണ്ണവും ആയ ഇസ്ലാംമതത്തിന്റെ ഇന്നത്തെ വാഹകർ അനുവർത്തിക്കുന്ന ഹിംസാത്മകമായ നിലപാടു കാരണം, ഇസ്ലാമിന്ന് വളരെയധികം ദുഷ്പേര് ആഗോളതലത്തിൽ ത്തന്നെ ഉണ്ടായിരിക്കുന്നു. പ്രവാചകനിന്ദക്കെതിരായി ചില മുസ്ലിംകളും അവരുടെ സംഘടനകളും കാണിച്ച പ്രതികരണങ്ങൾ തികച്ചും അനിസ്ലാമികവും മനുഷ്യത്വരഹിതവും ആയിപ്പോയി. പ്രവാചകനിന്ദയുടെ പേരിൽ നിരപരാധികളെ കൊല്ലുക, എമ്പസികൾ അക്രമിക്കുക എന്നിവ ഇസ്ലാമികവിരുദ്ധമായ പ്രതികരണങ്ങളാണ്.

*എന്നാൽ വിശുദ്ധ ഖുർആൻ ഇത്തരം നിന്ദകൾക്കും പരിഹാസങ്ങൾക്കും കാണിച്ചുതരുന്ന പരിഹാരം ഈ കാര്യം അല്ലാഹുവിന്ന് വിട്ടുകൊടുക്കുക അവൻ തന്നെ അവർക്ക് ശിക്ഷ നൽകിക്കൊള്ളുമെന്നാണ്.*

*'അല്ലാഹുവിനെയും അവന്റെ ദൂതരെയും വിഷമിപ്പിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്. (33:58)*

*തങ്ങൾ സത്യാത്മാക്കളെ പരിഹസിച്ചുകൊണ്ടിരുന്നവരായിരുന്നു എന്ന് നരകവാസികൾ ഏറ്റുപറയുന്നതായി (74:46) വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.*

*വീണ്ടും അരുൾ ചെയ്യുന്നു.*

*അല്ലാഹുവിന്റെ വചനങ്ങളെപ്പറ്റി നിഷേധം പ്രകടിപ്പിക്കുന്നതായും പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ അവർ മറ്റു കാര്യങ്ങളിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത് എന്നു അല്ലാഹു ഈ ഗ്രന്ഥത്തിൽ വിധി ഇറക്കിയിട്ടുണ്ട്. അങ്ങനെ ആയാൽ തീർച്ചയായും നിങ്ങളും അവരെപ്പോലെ ഗണിക്കപ്പെടുന്നതാണ്. അല്ലാഹു കപടവിശ്വാസികളെയും അവിശ്വാസികളെയും നരകത്തിൽ ഒന്നായി ഒരുമിച്ചു കൂട്ടുന്നതായിരിക്കും. (4:141).*

*വീണ്ടും അരുൾ ചെയ്യുന്നു.*

*ആ നാളിൽ സത്യനിഷേധികൾക്ക് മഹാനാശം. അവർ പരിഹാസവാക്കുകളിൽ മുഴുകി വിനോദിക്കുന്നവരത്രെ (52:12, 13).*

ഈ വചനങ്ങളിലോ ഇതുപോലുള്ള ഇതരവചനങ്ങളിലോ എവിടെയും തന്നെ റസൂൽ തിരുമേനിയെയും സഹചരന്മാരെയും പരിഹസിക്കുന്നവരെ എതിർക്കുവാനുള്ള അധികാരവും അവകാശവും ആർക്കും തന്നെ നൽകിയിരുന്നതായി കാണുന്നില്ല. അതായത് അല്ലാഹുവിന്റെ പ്രവൃത്തി കയ്യിലെടുക്കുവാൻ നമുക്കധികാരമില്ല തന്നെ.

എന്നാൽ അല്ലാഹു നമുക്കു കാണിച്ചുതന്ന സമാധാനപൂർണ്ണമായ പ്രതിവിധി അഹ്മദിയ്യാ ജമാഅത്ത് ഈ കാർട്ടൂൺ പ്രശ്നത്തിൽ പ്രാവർത്തികമാക്കുകയുണ്ടായി.

പ്രസ്തുത കാർട്ടൂൺ പ്രകാശനത്തിന്നുശേഷം ഡെൻമാർക്കിലെ അഹ്മദിയാ മുസ്ലിം മിഷ്യൻ ചെയ്ത പ്രവർത്തനങ്ങൾ സ്തുത്യർഹവും പ്രശംസനീയവുമാണ്. ഡൻമാർക്കിലെ ഏതൊരു പത്രത്തിലാണോ കാർട്ടൂണുകൾ പ്രസിദ്ധീകൃതമായിരുന്നത് അതേ പത്രത്തിൽ അവിടുത്തെ മുബല്ലിഗ് ഇൻചാർജ്ജ് മൗലാനാ നിഅ്മത്തുല്ലാ ബശാറത്ത് സാഹിബിന്റെ ഒരു ലേഖനം 2005 ഒക്ടോബർ 13-ാം തിയതി അദ്ദേഹത്തിന്റെ മൂന്നു കോളമടങ്ങിയ പടത്തോടുകൂടി പ്രസിദ്ധീകരിക്കുകയുണ്ടായി.

പ്രസ്തുത ലേഖനത്തിൽ കാർട്ടൂണുകളുടെ പ്രസിദ്ധീകരണത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതിന്നുശേഷം ഇപ്രകാരം എഴുതി. 'ഈ കാലഘട്ടം തൂലിക കൊണ്ടുള്ള ജിഹാദിന്റെ കാലമാണെന്ന് വാഗ്ദത്ത മസീഹ് അരുൾ ചെയ്തിരിക്കുന്നു. അതുകൊണ്ടു ഞങ്ങൾ ഈ കാർട്ടൂണുകളുടെ പ്രസിദ്ധീകരണത്തിൽ തങ്ങളുടെ വേദനയും ദുഃഖവും പ്രതിഷേധവും അറിയിക്കുന്നതോടൊപ്പം ഞങ്ങൾ ഈ വിഷയത്തിൽ ഒരു സംവാദത്തിന്നായി വെല്ലുവിളിക്കുകയുമാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യം ഓരോ ആളുടെയും അവകാശമാണെങ്കിലും അതോടനുബന്ധിച്ചു ചില ഉത്തരവാദിത്വങ്ങളും ഉണ്ട്. മതാചാര്യന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യേണ്ട കടമ നമുക്കുണ്ട്. എന്നാൽ ഈ സംവാദവും പ്രഭാഷണവും വിദ്വേഷത്തിന്റെയും വൈരാഗ്യത്തിന്റെയും ഭീഷണിയുടെയും അടിസ്ഥാനത്തിലല്ല വളരെ സ്നേഹാധിഷ്ഠിതമായ നിലയിൽ നടക്കേണ്ടതാണ്. അപ്പോൾ

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ എത്ര മാത്രം സമത്വസുന്ദരവും റസൂൽ തിരുമേനിയുടെജീവിതചര്യയും മാതൃകയും എത്രമാത്രം മനോഹരവും ആണെന്ന യാഥാർത്ഥ്യം വ്യക്തമാകുന്നതാണ്. ഞാനും എന്നോടൊപ്പമുള്ള മുസ്‌ലിംകളും ഈ പരിശുദ്ധ റമദാൻ മാസത്തിൽ അധികസമയവും ആരാധനാകർമ്മങ്ങളിൽ മുഴുകുവാൻ ആഗ്രഹിക്കുന്നവരാണെങ്കിലും ഈ കാർട്ടണുകളിൽ പ്രതിപാദിക്കപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഒരു സംവാദം നടത്തുന്നതും തങ്ങളുടെ പ്രഥമകർത്തവ്യമായി കരുതുന്നു. ഈ കാർട്ടൂണുകൾ എന്തടിസ്ഥാത്തിലാണ് വരക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തതെന്ന് ലോകത്തിന്നു കാണിച്ചുകൊടുക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞാൻ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്നനുകൂലിയാണെങ്കിലും അതിന്റെ പേരിൽ കോടിക്കണക്കിലുള്ള മുസ്‌ലിംകളുടെ ഹൃദയങ്ങളെ വ്രണപ്പെടുത്തിയതിന്റെ ഉത്തരവാദിത്വവും അവർ ഏറ്റെടുക്കേണ്ടതാണ്.

അഹ്മദിയാ ജമാഅത്തിന്റെ സ്ഥാപകൻ ഹദ്റത്ത് അഹ്മദി (അ)ന്റെ കാലത്തും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായിരുന്നു. ശത്രുക്കൾ പരിശുദ്ധ പ്രവാചകൻ ഹദ്റത്ത് നബി കരിം (സ)ന്നെതിരായി നിന്ദാത്മകമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഹദ്റത്ത് അഹ്മദ് (അ) സ്വന്തമായും അത്തരം ക്ഷുദ്രകൃതികൾക്കു മറുപടികൾ എഴുതിയിരുന്നുവെന്ന് മാത്രമല്ല നാവുകൊണ്ടും തൂലികകൊണ്ടും സുശക്തമായ ദൃഷ്ടാന്തങ്ങൾ കൊണ്ടും അവരെ നേരിടണമെന്ന് തന്റെ ജമാഅത്തിനെ താക്കീത് ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം ഈ കാര്യത്തിൽ തൂലിക കൊണ്ടുള്ള ജിഹാദിന്നുള്ള അനുവാദം മാത്രമാണ് നൽകിയിരുന്നത്. മൗലാനാ സാഹിബ് തന്റെ ഈ ലേഖനത്തിൽ തദ്വിഷയകമായി ഒരു സംവാദത്തിന്നായി – അത് വാമൊഴിയിലോ വരമൊഴിയിലോ ആയിരുന്നാലും ശരി – കാർട്ടൂണുകളുടെ രചയിതാവിനെയും അയാളുടെ അനുകൂലികളെയും ക്ഷണിക്കുകയുണ്ടായി.

പ്രസ്തുത ലേഖനം പ്രസിദ്ധീകരിച്ചതിൽ ഡാനിഷ് ജനങ്ങളിൽ വളരെ നല്ല പ്രതികരണമാണുണ്ടായിരുന്നത്. പലരും ഫോൺ, കത്തുകൾ എന്നിവ വഴി ലേഖനകർത്താവിനെ പ്രശംസിച്ചുകൊണ്ട് തങ്ങളുടെ പ്രതികരണം വെളിപ്പെടുത്തി.

2005 നവംബർ 21ാം തിയതി മുബല്ലിഗ് ഇൻ ചാർജ് സാഹിബും സിക്രട്ടറി ഉമുർ ഖാരിജ ജനാബ് കറം ജമാൽ സാഹിബും അടങ്ങിയ ഒരു നിവേദകസംഘം മിസ്സ് റിക്കി ഹിവിഷി (ദേശീയോദ്ഗ്രഥന മന്ത്രി) യുമായി ഇന്റഗ്രേഷൻ മിനിസ്റ്ററുമായി കാണുകയും കാർട്ടൂൺ വിഷയകമായി ജമാഅത്തിന്റെ നിലപാടു വിശദീകരിക്കുകയുമുണ്ടായി. വളരെ അനുകൂലമായ നിലപാടായിരുന്നു അവർ സ്വീകരിച്ചിരുന്നത്.

2005 നവമ്പർ 23-ാം തിയ്യതി ഡാനിഷ് ജേഴ്ണലിസ്റ്റ് യൂണിയൻ പ്രസിഡണ്ട് മോജൻസ് ബിച്ചർ ബയറിഗാർസിന്റെ ഭാഗത്തു നിന്ന് ഡിസംബർ ഒന്നാം തിയ്യതി നടക്കുന്ന യോഗത്തിൽ പങ്കെടുക്കുവാനുള്ള ക്ഷണം നമ്മുടെ മുബല്ലിഗ് ഇൻചാർജ്ജ് സാഹിബിന്നു ലഭിച്ചു. ഈ ക്ഷണമനുസരിച്ച് ഈ യോഗത്തിൽ ജമാഅത്തിന്റെ ഒരു നിവേദകസംഘം സംബന്ധിച്ചു. പ്രസ്തുത യോഗത്തിൽ ഡെന്മാർക്കിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകർ സാമ്പത്തിക വിദഗ്ധർ, പാർലമെന്റംഗങ്ങൾ, വിവാദ കാർട്ടൂണിസ്റ്റ് രചയിതാവ്, ക്രിസ്തീയ മതപുരോഹിതൻ, ഇസ്‌ലാം ക്രിസ്ത്യൻ സ്റ്റഡി സെന്റർ ചെയർമാൻ എന്നിവർ ക്ഷണിതാക്കളായിരുന്നു. ഈ യോഗത്തിലെ സുപ്രധാന വിഷയം മുബല്ലിഗ് സാഹിബിന്റെ സംവാദത്തിന്നുള്ള ക്ഷണമായിരുന്നു. ഈ യോഗത്തിൽ മൗലാനാ സാഹിബ് തദ്വിഷയകമായി അഹ്മദിയാ ജമാഅത്തിന്റെ നിലപാട് ഇപ്രകാരം വിശദീകരിച്ചു.

ഡെൻമാർക്കിലെ ഭരണഘടന ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്നുള്ള അനുവാദം തരുന്നുവെങ്കിലും അന്യമതസ്ഥരുടെ ബഹുമാനപാത്രവും ആദരണീയരുമായ മതാചാര്യന്മാരെയും മഹാത്മാക്കളെയും നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിന്നുള്ള അനുവാദം നൽകുന്നില്ല. മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ചുപാർക്കുന്ന ഈ നാട്ടിലെ സാമൂഹ്യജീവിതത്തിൽ അന്യോന്യമുള്ള വികാരങ്ങളെ മാനിക്കേണ്ട ആവശ്യമുണ്ട്. അപ്രകാരം ചെയ്തില്ലെങ്കിൽ നാട്ടിൽ ശാന്തിയും സമാധാനവും സ്ഥാപിതമാകുന്നതല്ല. ഇസ്‌ലാം ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്നു അനുവാദം നൽകുന്നുവെങ്കിലും അതോടൊന്നിച്ചു ചില ഉത്തരവാദിത്വങ്ങളും ഉണ്ടെന്നു ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആ യോഗത്തിൽ വിശദീകരിക്കുകയുണ്ടായി.

വാസ്തവത്തിൽ ഇതേവരെ യൂറോപ്പിന്ന് ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങളെക്കുറിച്ചും ഹദ്റത്ത് നബി തിരുമേനി(സ)യുടെ സമാധാന സമ്പൂർണ്ണമായ ഉപദേശങ്ങളെയും സുന്ദരവും അനുകരണ യോഗ്യവും ആയ മാതൃകകളെയും കുറിച്ചും ഒരറിവും ഇല്ല തന്നെ. ആ പുണ്യാത്മാവ് എത്രമാത്രം ഉദാത്തമായ സൽഗുണങ്ങളുടെ മൂർത്തിമദ്ഭാവമായിരുന്നുവെന്നു കാണിക്കുന്ന പല സംഭവങ്ങളും യോഗത്തിൽ വിശദീകരിക്കപ്പെട്ടു.

ഈ മനോഹരവും പ്രിയങ്കരവും ആയ മാതൃകയെയും അദ്ധ്യാപനങ്ങളെയും കുറിച്ചറിയുന്ന ആർക്കും തന്നെ ഇത്തരം കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് ഡാനിഷുകാരായ ജനങ്ങളെ ഇസ് ലാമിന്റെ യഥാർത്ഥവും സുന്ദരവും ആയ അദ്ധ്യാപനങ്ങളെക്കുറിച്ചു ബോധവൽക്കരിക്കേണ്ടുന്ന ആവശ്യമുണ്ട്. ഇത് വരെ ഡാനിഷ് ജനതയുടെ മുമ്പാകെ മാധ്യമങ്ങൾ മുഖേന, അല്ലെങ്കിൽ മുസ്‌ലിംകളുടെ തെറ്റായ മാതൃകയും പ്രവൃത്തിയും മുഖേന ഇസ്‌ലാമിന്റെ വികടവും വിക

ലവുമായ ഒരു ചിത്രമാണുള്ളത്. അതിന്റെ ഫലമായി ഇസ്ലാം ഒരു ഭീകരമതവും മുസ്ലിംകൾ ഭീകരവാദികളും ആണെന്ന ഒരു തെറ്റായ സങ്കല്പമാണ് ഈ ജനതക്കുള്ളത്.

അല്ലാഹുവിന്നു സ്തുതി, അഹ്മദിയാ ജമാഅത്ത് ഇവിടെ കാഴ്ചവെച്ച ഈ നിലപാടിനെ യോഗത്തിൽ സന്നിഹിതരായ പ്രമുഖ വ്യക്തികളെല്ലാം തന്നെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. പ്രസ്തുത കാർട്ടൂണിസ്റ്റ് തന്റെ അഭിപ്രായം ഇപ്രകാരം വെളിപ്പെടുത്തി.

"ഇതുപോലുള്ള യോഗം ആദ്യം തന്നെ ചേർന്നിരുന്നുവെങ്കിൽ താൻ ഒരിക്കലും ഈ രീതിയിലുള്ള കാർട്ടൂണുകൾ വരക്കുകയോ പ്രസിദ്ധീകരണത്തിന്നു കൊടുക്കുകയോ ചെയ്യുമായിരുന്നില്ല. ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനമെന്താണെന്ന് എനിക്കിപ്പോൾ മനസ്സിലായി"

ഈ സംവാദപ്രക്രിയ തുടർന്നു നടത്തേണമെന്നും ഇത്തരം പ്രശ്നങ്ങൾ സംവാദം, പ്രഭാഷണം എന്നിവ വഴി പരിഹരിക്കപ്പെടേണമെന്നും എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. പ്രസ്തുത മീറ്റിംഗിന്റെ അവസാനത്തിൽ യൂനിയൻ പ്രസ്സിന്റെ ഭാഗത്തു നിന്ന് ഒരു പ്രസ്സ് റിലീസ് പ്രസിദ്ധീകൃതമായി. അതു മീറ്റിംഗിൽ വായിച്ചു കേൾപ്പിക്കപ്പെട്ടു. അതായത് ഞങ്ങൾ ഈ നിന്ദാത്മകമായ കാർട്ടൂണുകളെ അപലപിക്കുകയും സമാധാന സംസ്ഥാപനത്തിന്നായി ഇത്തരം സംവാദങ്ങളും പ്രഭാഷണങ്ങളും ആവശ്യമാണെന്ന് ഏകകണ്ഠ്യേന അഭിപ്രായപ്പെടുകയും ചെയ്യുന്നു.

പിറ്റെന്ന് അതായത് ഡിസംബർ 21-ാം തിയതി ടി.വി. പ്രതിനിധികൾ മിഷ്യൻ ഹൗസിൽ വരുകയും മുബല്ലിഗ് സാഹിബിന്റെ ഇന്റർവ്യൂ നടത്തി അതു പിന്നീടു സംപ്രേക്ഷണം ചെയ്യുകയുമുണ്ടായി.

2006 ജനുവരി 9-ാം തിയതി അഹ്മദിയാ മുസ്ലിം ജമാഅത്ത് ഡൻമാർക്കിൽ നിന്നും ഒരു പ്രസ്സ് റിലീസ് പ്രസിദ്ധീകരിക്കുകയും എല്ലാ പത്രമാസികൾക്കും ബുദ്ധിജീവികൾക്കും സംസ്കാരികനായകന്മാർക്കും അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത പ്രസ് റിലീസിൽ പറയുന്നു.

''അഹ്മദിയാ ജമാഅത്ത് ഹദ്റത്ത് റസൂൽ തിരുമേനിയെക്കുറിച്ചുള്ള നിന്ദാത്മകമായ കാർട്ടൂണുകളുടെ പ്രസിദ്ധീകരണത്തിൽ ശക്തമായ രീതിയിൽ പ്രതിഷേധം രേഖപ്പെടുത്തുന്നു. അതോടൊപ്പം എമ്പസികൾ ആക്രമിക്കുകയും ഡാനിഷ് പതാക ചുട്ടെരിക്കുകയും ചെയ്യുന്നതിലും ഞങ്ങൾക്ക് പ്രതിഷേധിക്കുകയും ചെയ്യുന്നു. ഡൻമാർക്ക് അഹ്മദിയാ ജമാഅത്ത് മതസ്വാതന്ത്ര്യമടങ്ങുന്ന ഭരണഘടനയെ അനുകൂലിക്കുന്നു. എന്നാൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന്ന് ഒരു അതിർവരമ്പും പരിധിയും നിശ്ചയിക്കേണ്ടതാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഫലമായിട്ടാണ് നമുക്ക് മതസ്വാതന്ത്ര്യം തന്നെ ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും എല്ലാ മുസ്ലിംകളും പ്രയോജനമടയുന്നു. ഏതെങ്കിലും ഒരു സമൂഹവ്യവസ്ഥിതിയിൽ ഈ ഭരണഘടനാ അവകാശം ദുരുപയോഗം ചെയ്യപ്പെടുമ്പോൾ അതിന്ന് ബുദ്ധിപരമായ മറുപടിയാണ് നൽകേണ്ടത്. അല്ലാതെ അക്രമവും ഭീഷണിയും മുഖേന അല്ല. അതേപ്രകാരം ഏതെങ്കിലും ഒരു പത്രം നിന്ദാത്മകമായ വല്ല ലേഖനവും പ്രസിദ്ധീകരിക്കുന്നെങ്കിൽ അതിന്നുള്ള മറുപടി ഇസ്ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ നീതിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. കാർട്ടൂൺ വിവാദത്തിൽ ഗവർമ്മെണ്ടിന്റെയും പത്രത്തിന്റെയും ഭാഗത്തു നിന്നു ക്ഷമാപണം ചെയ്യപ്പെട്ടതിന്നുശേഷം അതിനെ അംഗീകരിക്കേണ്ടത് നമ്മുടെ ധർമ്മമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തു നിന്നു ഡൻമാർക്കിലെ കുട്ടികൾക്കും മുസ്ലിംകൾക്കും ഇപ്പോൾ അരക്ഷിതാവസ്ഥയിലാണ് തങ്ങളെന്നു കരുതുന്ന ഡൻമാർക്കിലെ അമുസ്ലിംകൾക്കുമുള്ള ഞങ്ങളുടെ സന്ദേശം Love for all hatred for none എന്നതാണ്.

ഈ പ്രസ്സ് റിലീസ് പുറത്തുവന്നതിനുശേഷം മാധ്യമങ്ങളുടെയെല്ലാം ശ്രദ്ധ ജമാഅത്തിലേക്ക് തിരിയുകയും നാട്ടിലെ പ്രമുഖ പത്രങ്ങളെക്കൂടാതെ International writers Bureau, Danish writers Bureau എന്നിവയും പ്രസ്തുത press release പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ BBC London മുബല്ലിഗ് സാഹിബുമായുള്ള ഒരു ഇന്റർവ്യൂ പ്രക്ഷേപണം ചെയ്യുകയുമുണ്ടായി.

ഇതൊന്നും കൂടാതെ 2006 ഫിബ്രവരി 6-ാം തിയതി Berlingske എന്ന പ്രമുഖ പത്രം മൗലാനാ സാഹിബിന്റെ ഒരു ഇന്റർവ്യു അദ്ദേഹത്തിന്റെയും നുസ്റത്ത് ജഹാൻ മസ്ജിദിന്റെയും പടങ്ങളോടു കൂടി 'എല്ലാവരോടും സ്നേഹം ആരോടും വെറുപ്പില്ല' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചു. നുസ്റത്ത് ജഹാൻ മസ്ജിദിൽ ഓരോ വെള്ളിയാഴ്ചയും ഇരുന്നൂറിൽപരം അഹ്മദീ മുസ്ലിംകൾ പങ്കെടുക്കുന്നുവെന്നും ഇവർ ഇസ്ലാമിന്റെ തന്നെ ഒരു ശാഖയായ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ടവരാണെന്നും വാഗ്ദത്ത മസീഹിന്റെ പുനരാഗമനം നടന്നിരിക്കുന്നുവെന്ന വിശ്വാസം നിമിത്തം ഇതര മുസ്ലിംകൾ ഇവരെ എതിർക്കുന്നുവെന്നും പത്രം പ്രസ്താവിക്കുകയുണ്ടായി. മൗലാനാ നിഅ്മത്തുല്ലാ ബശാറത്ത് തന്റെ ഇന്റർവ്യൂവിൽ ഇപ്രകാരം പറയുന്നു. തങ്ങൾ ഡെൻമാർക്കിൽ താമസിക്കുന്നവരും ഡാനിഷ് ഭാഷ ഉപയോഗിക്കുന്നവരുമാണ് മുഹമ്മദുനബി(സ)യുടെ ജീവിതക്രമവും ചർച്ചയും തങ്ങളുടെ ജീവിതത്തിൽ പകർത്തേണമെന്നും മനുഷ്യരായ നാമെല്ലാവരും മനുഷ്യത്വത്തിന്റെ മഹനീയതയെ സ്വായത്തമാക്കേണമെന്നും അദ്ദേഹം പറഞ്ഞു. പ്രസ്തുത കാർട്ടൂണുകൾ നിമിത്തം മൗലാനയുടെ ഹൃദയം അങ്ങേഅറ്റം വ്രണിതമാണ്. അദ്ദേഹം തന്റെ അഭിപ്രായം ഇപ്രകാരം വെളിപ്പെടുത്തി. പതാക

*(ശേഷം 26-ാം പേജിൽ)*

## ലേഖനം

# ഈസാനബി വിവാഹിതനായിരുന്നില്ലേ?

(മർഹൂം) മൌലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. (റഹ്)

ഈസാനബി(അ)ദൈവമാണെന്നും അദ്ദേഹം മനുഷ്യരുടെ പാപപരിഹാരാർത്ഥം കുരിശിൻമേൽ മരിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കരേറിപ്പോയെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെയല്ല മുസ്‌ലിംകൾ വിശ്വസിച്ചു വരുന്നത്. ഇക്കാലത്തെ ഭൂരിപക്ഷമുസ്‌ലിംകളുടെ വിശ്വാസം ശത്രുക്കളായ യഹൂദർ ഇസാനബിയെ അദ്ദേഹത്തിന്റെ 33-ാംമത്തെ വയസ്സിൽ ക്രൂശിക്കാൻ പിടിക്കുന്നതിന് വളഞ്ഞപ്പോൾ അല്ലാഹു അദ്ദേഹത്തെ ആകാശത്തിലേയ്ക്ക് ഉയർത്തി രക്ഷപ്പെടുത്തിയെന്നും പകരം ശത്രുക്കളിൽ ഒരുവനെ അദ്ദേഹത്തിന്റെ ആകൃതിയിൽ അല്ലാഹു രൂപാന്തരപ്പെടുത്തിയതനുസരിച്ച് അവനെ യഹൂദർ ഈസാനബിയെന്നു ധരിച്ചു പിടിച്ചുകൊണ്ടുപോയി കുരിശിൽ തറച്ചു കൊന്നുവെന്നുമാണ്. ഇങ്ങനെ ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും വിശ്വാസങ്ങൾക്ക് തമ്മിൽ അന്തരമുണ്ടെങ്കിലും ഈസാനബി (അ) 33-ാംമത്തെ വയസ്സിൽ ആകാശത്തിലേയ്ക്ക് ഉയർത്തപ്പെട്ടു എന്ന വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇരുകൂട്ടരും ഏകഭാവക്കാർ തന്നെയാണ്. അത് കൊണ്ട് ഈസാനബി തന്റെ 33-ാംമത്തെ വയസ്സുവരെയുള്ള ജീവിതഘട്ടത്തിൽ വിവാഹം ചെയ്തിരുന്നില്ലെന്ന ക്രിസ്ത്യാനികളുടെ വിശ്വാസത്തെ അവലംബിച്ച് കൊണ്ട് മുസ്‌ലിംകളും പൊതുവെ വിശ്വസിക്കുന്നത് ആ പുണ്യാത്മാവ് വിവാഹം ചെയ്തിരുന്നില്ലെന്നാണ്. അവരുടെ വിശ്വാസം ഇപ്രകാരമാണെങ്കിലും അതിലേയ്ക്ക് വിശുദ്ധ ഖുർആനിൽനിന്നോ ഹദീസിൽനിന്നോ അവർക്ക് യാതൊരു തെളിവും ലഭിക്കുകയില്ല. പ്രവാചകന്മാരെപ്പറ്റി പൊതുവെ പല അബദ്ധ വൃത്താന്തങ്ങളും ഖുർആന്റെ ഭാഷ്യഗ്രന്ഥങ്ങളിൽ സ്ഥലം പിടിക്കുകയും അവ മുസ്‌ലിംകളുടെ വിശ്വാസങ്ങളെന്നോണം പ്രചരിക്കുകയും ചെയ്തത് പ്രവാചകന്മാരെ സംബന്ധിച്ച് യഹൂദി നസാറാക്കളുടെ ഇടയിൽ നടപ്പുള്ളതും ബൈ ബിളിൽ വിവരിക്കപ്പെട്ടതുമായ കഥകൾ പൂർവ്വ മുസ്‌ലിം പണ്ഡിതന്മാർ സത്യവൃത്താന്തങ്ങളെന്ന് ധരിച്ച് ഉദ്ധരിച്ചതുകൊണ്ടാണ്. ഇപ്രകാരം തന്നെയാണ് ഈസാനബിയെ സംബന്ധിച്ചുള്ള അടിസ്ഥാനരഹിതങ്ങളായ പല ക്രിസ്ത്യ വിശ്വാസങ്ങളും മുസ്‌ലിംകളിൽ കടന്നുകൂടിയത്. വാസ്തവത്തിൽ അത്തരം വിശ്വാസങ്ങളിൽ വലിയ ഭാഗവും ആധാരമറ്റവയും പ്രവാചകന്മാരുടെ സ്ഥാനമാഹാത്മ്യത്തിനു നിരക്കാത്തവയുമാകുന്നു. ദൈർഘ്യ ഭയത്താൽ ആവക സംഗതികൾ ഇവിടെ വിവരിക്കുന്നില്ല.

ഈസാനബി(അ) 33-ാം വയസ്സിൽ ആകാശത്തിലേയ്ക്ക് എടുക്കപ്പെട്ടുവെന്നും അതുപര്യന്തമുള്ള തന്റെ ജീവിതത്തിൽ അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്നുമാണല്ലോ പൊതുവേയുള്ള വിശ്വാസം. എന്നാൽ അദ്ദേഹം അങ്ങനെ 33-ാം വയസ്സിൽ ആകാശത്തിലേയ്ക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും പിന്നെയും ഒരു ദീർഘകാലത്തോളം അദ്ദേഹം ജീവിച്ചിരുന്നു തന്റെ ദൗത്യം പ്രബോധിച്ചുകൊണ്ടിരുന്നെന്നും വിവാഹം ചെയ്യുന്ന കാര്യത്തിൽ അദ്ദേഹത്തിനു യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ലെന്നും തെളിയുന്നതായാൽ അദ്ദേഹം തന്റെ ആ ദീർഘമായ ജീവിതകാലത്തിനിടയിൽ വിവാഹം ചെയ്തിട്ടുണ്ടായിരിക്കണമെന്നും പറയുന്നത് അസംഗതമാവുകയില്ല; അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്ന് പറയുന്നതാവട്ടെ അടിസ്ഥാനരഹിതമായതാണെന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്. ആ പുണ്യാത്മാവ് 33-ാം വയസ്സിൽ ജഡത്തോടെ ആകാശത്തേയ്ക്ക് ഉയർത്തപ്പെടുകയല്ല, മറ്റു പ്രവാചകന്മാരെപ്പോലെ ദിവ്യദൗത്യം നിർവ്വഹിച്ചതിനുശേഷം ഈ ഭൂമിയിൽ തന്നെ മൃതിപ്പെടുകയാണുണ്ടായതെന്നു വിശുദ്ധ ഖുർആനിൽ നിന്നും സുഗ്രാഹ്യമാകുന്നുണ്ട്. അദ്ദേഹം എത്ര വയസ്സുവരെ ജീവിച്ചിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലെങ്കിലും 120 വയസ്സുവരെ അദ്ദേഹം ജീവിച്ചിരുന്നുവെന്ന് നബിവചനങ്ങളിൽ പ്രസ്താവിതമായിട്ടുണ്ട്. നിതിരുമേനി(സ) അരുൾ ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്.

اخبرني ان عيسى ابن مريم
عاش عشرين ومائة سنة

“ഈസബ്നുമറിയം 120 വയസ്സ് ജീവിച്ചിരുന്നിട്ടുണ്ടെന്ന് എന്നോട് അദ്ദേഹം (ജിബ്‌റീൽ) പറഞ്ഞു.” നബി തിരുമേനി പറഞ്ഞതായിട്ട് ആയിശ സിദ്ദീഖയും ഫാത്തിമയും നിവേദനം ചെയ്തിട്ടുള്ള ഈ വചനത്തെ ത്വബ്രാനീ തന്റെ “മുഅ്ജിമുൽ കബീർ'' എന്ന ഗ്രന്ഥത്തിലും ഹാക്കിം തന്റെ “മുസ്തദ്‌രിക്ക്” എന്ന ഗ്രന്ഥത്തിലും ഉദ്ധരിച്ചിട്ടുണ്ട്. ഹദ്‌റത്ത് ഇബ്നു ഉമറും ഈ നബി വചനത്തെ നിവേദനം ചെയ്തിട്ടുണ്ട്. ഈ ഹദീസിനെകുറിച്ച് അല്ലാമഃ സർഖാനി പറഞ്ഞിരിക്കുന്നതാവിത്:-

اخرج الطبراني في
الكبير بسند رجاله ثقات

''ഈ ഹദീസിനെ ത്വബ്രാനി വിശ്വാസയോഗ്യരായ നിവേദകന്മാർ മുഖേന തന്റെ ‘മുഅ്ജിമുൽ കബീർ’ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്” (മവാഹിബുല്ലദുന്നിയ്യ ജിൽദ് 1, ഭാ. 42) അല്ലാമഃ സിദ്ദീഖ് ഹസൻഖാൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു:-

اخرج الطبراني في الكبير بسند
رجال ثقات ان عيسى ابن مريم
عاش عشرين ومائة
سنة رواه الحاكم في المستدرك

“ഈസബ്നുമറിയം 120 വയസ്സ് ജീവിച്ചിരുന്നുവെന്നുള്ള ഹദീസിനെ ത്വബ്രാനി തന്റെ ‘മുഅ്ജിമുൽകബീർ’ എന്ന ഗ്രന്ഥത്തിൽ വിശ്വാസയോഗ്യരായ നിവേദകന്മാരിൽ നിന്നു ഉദ്ധരിച്ചിട്ടുണ്ട്. ഇതിനെ ഹാക്കിം തന്റെ ‘മുസ്തദ്‌രിക്ക്’ എന്ന ഗ്രന്ഥത്തിൽ നിവേദനം ചെയ്തിട്ടുമുണ്ട്. (ഹുജജുൽ കിറാമ: ഭാഗം 428) ഇങ്ങനെ ഈസാനബി(അ) 120 വയസ്സുവരെ ജീവിച്ചിരുന്നുവെന്ന് ജിബ്രീൽ മുഖേന സിദ്ധിച്ച അറിവനുസരിച്ച് നബിതിരുമേനി(സ) നമ്മെ പഠിപ്പിച്ച് തന്നിരിക്കുമ്പോൾ ഈസാനബി 33 -ാം വസ്സിൽ ജഡത്തോടെ ആകാശത്തേയ്ക്ക് ഉയർത്തപ്പെട്ടു എന്ന് ലക്ഷക്കണക്കായ പണ്ഡിതന്മാർ പറയുന്നതായാലും അത് വിശ്വസിക്കാവുന്നതല്ല. അങ്ങനെ 33-ാമത്തെ വയസ്സിൽ ഈസാനബി ആകാശത്തിലേയ്ക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസം അടിസ്ഥാനരഹിതമായതും ക്രിസ്ത്യാനികൾ മുഖാന്തരം മുസ്‌ലിംകൾക്കിടയിൽ പ്രചരിതമായതുമാണെന്ന് ചില പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്. ''ഫത്തഹുൽബയാൻ'' എന്ന ഖുർആൻ ഭാഷ്യത്തിൽ ഈ വിഷയകമായി ഇങ്ങനെ പറഞ്ഞു കാണുന്നു:-

ففي زاد المعاد للحافظ ابن قيم
رحمه الله تعالى وما يذكران عيسى
رفع وهو ابن ثلاث و ثلاثين
سنة لا يعرف له اثر يجب المصير
إليه قال الشامي وهو كما قال
فان ذلك انما يروى عن النصارى

ഹാഫിസ് ഇബ്നുഖയ്യിം തന്റെ ‘സാദുൽമആ’ എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഈസ 33 -ാമത്തെ വയസ്സിൽ ഉയർത്തപ്പെട്ടുവെന്ന് പറയുന്നതിന് ആധാരമായി വിശ്വാസയോഗ്യമായ യാതൊരു ഹദീസും ഇല്ല 33-ൽ ഉയർത്തപ്പെട്ടു എന്നത് നസാറാക്കളിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടതാകയാൽ അദ്ദേഹം പറഞ്ഞതാണ് യാഥാർത്ഥ്യമെന്ന് ശാമി പറഞ്ഞിട്ടുണ്ട്.” (ഫത്തഹുൽബയാൻ, ജിൽദ് 2 ഭാ: 49) ഇതിൽ നിന്നും വ്യക്തമാകുന്നതു, ഈസാനബി(അ) 33-ാം വയസ്സിൽ ആകാശത്തിലേയ്ക്ക് ഉയർത്തപ്പെട്ടിട്ടേ ഇല്ലെന്നും അങ്ങനെ ഉയർത്തപ്പെട്ടു എന്ന വിശ്വാസത്തിന് ആധാരമായിട്ടുള്ളത് ക്രിസ്ത്യാനികളുടെ വിശ്വാസം മാത്രമാണെന്നും വാസ്തവത്തിൽ അദ്ദേഹം 120 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടെന്ന് വരുമ്പോൾ അദ്ദേഹം 33-ാം വയസ്സിൽ ആകാശത്തിലേയ്ക്ക് കരേറ്റപ്പെട്ടുവെന്നും അതുപര്യന്തമുള്ള ജീവിതഘട്ടത്തിൽ അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്നും ക്രിസ്ത്യാനികൾ പറയുന്നതുവെന്നത് കൊണ്ടുമാത്രം അദ്ദേഹം വിവാഹിതനായിരുന്നില്ലെന്ന് വിശ്വസിക്കുന്നത് ന്യായമാകയില്ല.

ഈസാനബി(അ) 33 വയസ്സുവരെ പലസ്തീനിൽ നയിച്ച ജീവിതഘട്ടത്തെ കുറിച്ച് മാത്രമേ സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളൂ. എങ്കിലും അദ്ദേഹം ദിവ്യദൗത്യം നിറവേറ്റിയ ഒരു സത്യപ്രവാചകനാകണമെങ്കിൽ അതിനുശേഷവുമദ്ദേഹം ജീവിച്ചിരുന്ന ഇസ്രായിൽ ഗോത്രങ്ങൾക്കിടയിൽ എല്ലാം തന്റെ ദൗത്യം പ്രബോധിച്ചിരിക്കേണ്ടതാണ്. എന്തെന്നാൽ അദ്ദേഹം ഇസ്രായേല്യർക്കു വേണ്ടി റസൂലായി വന്നയാളായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ നിന്നും ‘സുവിശേഷ’ങ്ങളിൽ കാണുന്ന അദ്ദേഹത്തിന്റെ സ്വന്തം വചനങ്ങളിൽ നിന്നു സ്പഷ്ടമാകുന്നുണ്ട്. എന്നാൽ അദ്ദേഹം പലസ്തീനിൽ പ്രവാചകനായി നിയോഗിക്കപ്പെട്ട കാലത്ത് ഇസ്രായീൽക്കാരായ പന്ത്രണ്ട് ഗോത്രങ്ങളിൽ വെച്ച് രണ്ട് ഗോത്രക്കാർ മാത്രമേ അവിടെ താമസമുണ്ടായിരുന്നുള്ളൂ. ബാക്കി പത്ത് ഗോത്രക്കാരും അദ്ദേഹത്തിന്റെ ആവിർഭാവത്തിനു മുമ്പ് തന്നെ അസ്സീരിയൻ രാജാവായ ശാലമൻസർ അവരെ പൂർവ്വദേശത്തേക്ക് തടവുകാരായി കൊണ്ടുപോയതനുസരിച്ച് അഫ്ഗാനിസ്താൻ കശ്മീർ തുടങ്ങിയ രാജ്യങ്ങളിൽ പാർപ്പാക്കിയിരുന്നു. ഈ വസ്തുത ചരിത്രത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. *അപ്പോൾ ഇസ്രായില്യർക്കായി നിയോഗിക്കപ്പെട്ട ഈസാനബി (അ) പലസ്തീനിലെ ആ രണ്ട് ഗോത്രക്കാരോട് മാത്രം കുറച്ച് കാലത്തോളം തന്റെ ദൗത്യം പ്രബോധിച്ചതിനു ശേഷം ഭൂരിപക്ഷക്കാരായ് ബാക്കി ഗോത്രക്കാരോടും അപ്രകാരം പ്രബോധനം ചെയ്യേണ്ടതിനു അവർ അധിവസിച്ചിരുന്ന ദേശങ്ങളിൽ ചെല്ലുകയും അവരുടെ ഇടയിൽ ജീവിക്കുകയും ചെയ്തിരിക്കേണ്ടതാണ്. അങ്ങനെ അദ്ദേഹം ആ ബാക്കി ഗോത്രക്കാരുടെ ഇടയിലും സന്മാർഗ്ഗ പ്രബോധനം ചെയ്തിട്ടില്ലെന്ന് വരികിൽ അദ്ദേഹം ദിവ്യദൗത്യം നിർവ്വ

ഹിച്ചില്ലെന്നും തന്റെ ആഗമനോദ്ദേശ്യം സഫലമാക്കിയില്ലെന്നും പറയേണ്ടി വരും. ഇസ്രായീല്യർ അക്കാലത്ത് കാശ്മീർ മുതലായ പൂർവ്വപ്രദേശങ്ങളിൽ പാർത്തുവന്നിരുന്നുവെന്നുള്ള സംഗതി ഇവിടെ വിസ്തരിക്കുന്നില്ല. എന്നാൽ ഈസാനബി പലസ്തീനിൽ പ്രവാചകനായി നിയോഗിക്കപ്പെട്ട കാലത്ത് അവിടെ രണ്ട് ഇസ്രായീൽ ഗോത്രക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നത് യഹൂദരും ക്രിസ്ത്യാനികളും ഒരുപോലെ സമ്മതിക്കുന്ന വസ്തുതയാണ്. അതുകൊണ്ട് ബാക്കി ഗോത്രങ്ങൾ അധിവസിച്ചിരുന്ന ദേശങ്ങളിൽ അദ്ദേഹം ചെന്ന് തന്റെ ദൗത്യം പ്രബോധിക്കേണ്ടത് അദ്ദേഹത്തിന്റെ ധർമ്മമായിരുന്നു. അത് അദ്ദേഹം നിർവ്വഹിച്ചില്ലെന്ന് ഒരിക്കലും വിചാരിക്കാവതല്ല. അദ്ദേഹം പലസ്തീനിൽ നിന്നും മറുദേശത്ത് ചെന്ന് താമസിച്ചിരുന്നതായിട്ട് വിശുദ്ധ ഖുർആനിൽ നിന്നു മനസ്സിലാകുന്നുണ്ട്. അല്ലാഹു പറയുന്നതാവിത്;

'നാം ഈസബ്നുമറിയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കുകയും, വാസയോഗ്യവും നല്ല വെള്ളമുള്ളതുമായ ഒരു ഉന്നത പ്രദേശത്ത് അവർ ഇരുവർക്കും നാം അഭയം നൽകുകയും ചെയ്തു (23:50) ഈ വാക്യത്തിൽ നിന്നും മനസ്സിലാകുന്നത്, അല്ലാഹു ഈസാനബിയെ അദ്ദേഹത്തിനു നേരിട്ട ഒരു വലിയ അപകടത്തിൽ നിന്നും രക്ഷപ്പെടുത്തുകയും ജലസമൃദ്ധിയും ഫലപുഷ്ടിയുമുള്ള ഒരുന്നതപ്രദേശത്തിൽ അദ്ദേഹത്തിന് താമസിക്കുവാൻ സൗകര്യം നൽകുകയും ചെയ്തുവെന്നാണ്. ഈ ആയത്തിൽ പറയപ്പെട്ട ലക്ഷണങ്ങളോട് കൂടിയ രാജ്യം കാശ്മീരാണെന്നതു ഒരു പരമാർത്ഥം മാത്രമാണ്. അദ്ദേഹത്തിന്റെ അഭയസ്ഥലം ഏലിയയാണെന്നും റംലയാണെന്നും മിസ്രാണെന്നും ദിമേശ്ക്കാണെന്നും മറ്റും ഭാഷ്യകാരന്മാർ ഭിന്നാഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പലസ്തീനിലെ ദ്രോഹികളായ യഹൂദന്മാരുടെ അക്രമങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന്ന് ഈസാനബി അലൈഹിസലാം ഇപ്പറഞ്ഞ ഏതെങ്കിലും ഒരു സ്ഥലത്താണ് അഭയം പ്രാപിച്ചതെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ ആ സ്ഥലങ്ങളിൽ എവിടെ വെച്ചായിരുന്നാലും അദ്ദേഹത്തിനു യഹൂദരുടെ കയ്യിൽ നിന്നു രക്ഷപ്പെടാവതല്ല. അതുകൊണ്ട് അദ്ദേഹത്തെ യഹൂദരുടെ ദ്രോഹോദ്യമങ്ങളിൽ നിന്നു അല്ലാഹു രക്ഷപ്പെടുത്തിയതിനുശേഷം അദ്ദേഹത്തെ പിന്നെയും പലസ്തീനിൽ തന്നെ താമസിപ്പിക്കുമാറാക്കി എന്നു വിചാരിക്കുന്നത് ശരിയല്ല. അദ്ദേഹത്തിന് ഈ അഭയം ലഭിച്ചത് അദ്ദേഹത്തിന്റെ ദിവ്യനിയോഗത്തിനുശേഷമുണ്ടായ ഒരു അപകട സംഭവത്തിലായിരിക്കണമെന്ന് ഖുർആനിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ പ്രവാചകന്മാർക്ക് ദൈവത്തിങ്കൽ നിന്നു ലഭിക്കുന്ന വിജയത്തേയും അവരുടെ ശത്രുക്കൾക്കുണ്ടാകുന്ന പരാജയത്തിനേയും സംബന്ധിച്ച പ്രസ്താവനക്കിടയിലാണ് ഈസാനബിയെക്കുറിച്ച് മേൽപ്രകാരം ഖുർആൻ പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിനു നൽകിയ ആ അഭയദാനം യഹൂദർ അദ്ദേഹത്തെ കൊല്ലുവാൻ ചെയ്ത കുരിശേർപ്പാടിൽ നിന്നുള്ളതായിരിക്കാനേ തരമുള്ളൂ. മകനുണ്ടായ ആ ആപത്ത് മാതാവിനും ആപത്തായിരിക്കകൊണ്ടു മകനോടൊപ്പം മാതാവിനും അഭയം നൽകിയതുകൊണ്ടുമാണ് അവർ ഇരുവർക്കും അഭയം നൽകിയെന്ന് അല്ലാഹു മേൽപ്പടി ആയത്തിൽ പറഞ്ഞിരിക്കുന്നത്. ചുരുക്കത്തിൽ ഈസാനബിയെ അല്ലാഹു കുരിശുമരണത്തിൽ നിന്ന് രക്ഷിക്കുകയും മേല്പടി ആയത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങളോടുകൂടിയ - ഇസ്രായേൽ ഗോത്രക്കാർ അധിവാസം ചെയ്തിരുന്ന ഒരു പ്രദേശത്ത് അദ്ദേഹത്തിന് അഭയം നൽകുകയും ചെയ്തുവെന്ന് അതിൽ നിന്നു മനസ്സിലാകുന്നു. "ഇസ്രായീൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല." (മത്താ: 15:24) എന്നും "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നത്'' (ലൂക്കോ:19:10) എന്നും അദ്ദേഹം പറഞ്ഞുകൊണ്ട് താൻ ഇസ്രായീൽ ഗോത്രങ്ങളിൽ കാണാതെപോയ ഗോത്രങ്ങളുടെ അടുക്കൽ ചെന്ന് അവരോട് സന്മാർഗ്ഗോപദേശം ചെയ്യേണ്ടതിനു നിയുക്തനായ ആളാണെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

ഇസ്രായീൽ ഗോത്രങ്ങൾ താമസിച്ചിരുന്ന സ്ഥലങ്ങളിൽ ഈസാനബി(അ) സഞ്ചരിച്ചുകൊണ്ടിരുന്നുവെന്ന് നബി വചനങ്ങളിൽ നിന്നും മനസ്സിലാകണ്ട്, നബിതിരുമേനി പറയുന്നതാവിത്:-

''അല്ലാഹു ഈസായ്ക്ക് ഇങ്ങനെ വഹ്യ് നൽകി: അല്ലയോ ഈസാ നീ അറിയപ്പെടാതിരിക്കുന്നതിനും നിനക്ക് ദ്രോഹം ഏൽക്കാതിരിക്കുന്നതിനും നീ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുക" (കൻസുൽ ഉമ്മാൽ, ജിൽദ് 2 ഭാ. 34) വീണ്ടും തിരുനബി(സ) പറയുന്നതാവിത്:

"സന്ധ്യയാവുമ്പോൾ കാട്ടിലെ ചീരവർഗ്ഗങ്ങൾ ഭക്ഷിക്കുകയും സ്വച്ഛജലം കുടിക്കുകയും ചെയ്തുകൊണ്ട് ഈസബ്നുമറിയം ദേശസഞ്ചാരം ചെയ്യാറുണ്ടായിരുന്നു." (കൻസുൽ ഉമ്മാൽ, ജിൽദ് 2, ഭാ. 71) ഈ ഹദീസുകളിൽ പറഞ്ഞ ഈസാനബിയുടെ ദേശസഞ്ചാരം അദ്ദേഹം പലസ്തീനിൽ ജീവിച്ചിരുന്ന കാലത്ത് നടന്നതാണെന്ന് ഒരു പ്രകാരത്തിലും വിചാരിക്കാവതല്ല. അപ്പോൾ അത് അദ്ദേഹം തന്റെ സ്വദേശത്തുനിന്നു ഇസ്രായീൽ ഗോത്രങ്ങൾ താമസിച്ചിരുന്ന മറ്റുദേശത്തിലേക്കു പോയ സുദീർഘമായ യാത്രയായിരിക്കാനേ തരമുള്ളൂ. ഇസ്രായീൽ ഗോത്രങ്ങൾ താമസിച്ചിരുന്ന ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളിൽ ഈസാനബി സഞ്ചരിച്ചിരുന്നുവെന്ന സംഗതി അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും സമ്മതിച്ചു തുടങ്ങീ

ട്ടുണ്ട്. ഉദാഹരണമായി അദ്ദേഹത്തിന്റെ പ്രസ്തുത ദേശസഞ്ചാരത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ശൈഖ് റശീദ് റിസാ തന്റെ ഖുർആൻ ഭാഷ്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:-

"അദ്ദേഹം ഇന്ത്യയിലേക്ക് പലായനം ചെയ്തുവെന്നതും ആ രാജ്യത്തിൽവെച്ച് അദ്ദേഹം മരിച്ചുവെന്നതും യുക്തിക്കും പ്രമാണത്തിനും എതിരായതല്ല.' (തഫ്സീറുൽ മനാർ ജിൽദ് 6 ഭാ.42) ചുരുക്കത്തിൽ ഈസാനബി ഇങ്ങനെ കുരിശുസംഭവത്തിനുശേഷം ഇസ്രായീല്യരിൽ പ്രവാസികളായ പത്ത് ഗോത്രക്കാരുടെ വാസദേശങ്ങളിൽ ചെന്നു അവരുടെ ഇടയിൽ 120 വയസ്സുവരെ ജീവിച്ചിരുന്നുവെന്ന് തെളിയുമ്പോൾ അദ്ദേഹം വിവാഹം ചെയ്തിട്ടുണ്ടോ എന്ന സംഗതി എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ഇത്രയും ദീർഘമായ കാലത്തോളം ലക്ഷക്കണക്കായ ഇസ്രായീൽക്കാരുടെ ഇടയിൽ ജീവിച്ചിരുന്നിട്ടും അദ്ദേഹം വിവാഹം ചെയ്യാതിരിക്കണമെങ്കിൽ താഴെ പറയുന്ന മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്നു അതിനു പ്രതിബന്ധമായി അദ്ദേഹത്തിനുണ്ടായിരിക്കേണ്ടതാണ്.

1. വിവാഹം അദ്ധ്യാത്മികത്വത്തിനും ദൈവവുമായുള്ള പ്രേമബന്ധത്തിനും തടസ്സമായ ഒന്നാണെന്ന് താൻ കരുതിക്കൊണ്ടായിരിക്കണം അദ്ദേഹം ആ ബന്ധത്തിൽ ഏർപ്പെടാതിരുന്നത് എന്ന് വിചാരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ ആദ്ധ്യാത്മികത്വത്തിലും ദൈവവുമായുള്ള ബന്ധത്തിലും അദ്ദേഹത്തെക്കാൾ ഉൽകൃഷ്ടമായ സ്ഥാനം പ്രാപിച്ചവരെന്ന് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാവുകയും മുസ്ലിംകൾ അപ്രകാരം വിശ്വസിക്കുകയും ചെയ്യുന്നവരായ നബി തിരുമേനി(സ) മൂസാനബി(അ)ഇബ്രാഹീം നബി(അ) മുതലായ പ്രവാചകന്മാർ വിവാഹം ചെയ്ക മാത്രമല്ല ബഹുപത്നിമാരെ സ്വീകരിക്കകൂടി ചെയ്തിരുന്നു. ആ സ്ഥിതിക്ക് മൂസാനബിയുടെ ന്യായപ്രമാണത്തെ പ്രബോധിക്കുന്നതിന് വന്നയാളാണെന്നു സ്വയം സമ്മതിച്ച് പറഞ്ഞ ഈസാനബി(അ) വിവാഹത്തെ ആദ്ധ്യാത്മികത്വത്തിന് നിരക്കാത്ത ഒരു ഏർപ്പാടായി കരുതി അതിൽ നിന്നും ഒഴിഞ്ഞുനിന്നുവെന്ന് വിചാരിക്കാൻ പാടില്ലതന്നെ.

(2) അദ്ദേഹം വിവാഹം ചെയ്യാതിരുന്നത് അദ്ദേഹത്തിന്നു ഭാര്യയായി സ്വീകരിക്കാൻ തന്റെ ജനത്തിൽ നിന്നും ആരെയും ലഭിക്കാതിരുന്നത് കൊണ്ടായിരിക്കണമെന്ന് വിചാരിക്കാനും നിവൃത്തിയില്ല. ലക്ഷക്കണക്കായ ഇസ്രായീൽക്കാരുടെ ഇടയിൽ ഒരു ദീർഘകാലത്തോളം മതപ്രബോധനം ചെയ്തുകൊണ്ട് ജീവിച്ചിരുന്ന ആ ആത്മഗുരുവിന് ആയിരക്കണക്കിന് അനുചരന്മാർ ഉണ്ടായിരുന്നിരിക്കണം അവരിൽ ഓരോരുത്തരും സ്വന്തം മകളേയോ, പെങ്ങളേയോ തന്റെ ഭക്തിബഹുമാനങ്ങൾക്ക് പാത്രമായ ആ ഗുരുവിന് വിവാഹം ചെയ്തുകൊടുക്കുന്നത് എത്രയും സന്തോഷകരവും അനുഗ്രഹലബ്ധിക്ക് കാരണവുമായി കരുതുമെന്നത് തീർച്ചയാണ്. ആ സ്ഥിതിക്ക് അദ്ദേഹത്തിന് ആരെയും ഭാര്യയായി ലഭിക്കാതിരുന്നത് കൊണ്ടായിരിക്കണം അദ്ദേഹം വിവാഹം ചെയ്യാതിരുന്നത് എന്ന് വിചാരിക്കുന്നതും ന്യായമാകുകയില്ല.

3) അദ്ദേഹം രോഗിയായത്കൊണ്ട് അദ്ദേഹത്തിനു പുരുഷശക്തി നഷ്ടമായതുകൊണ്ടു ആയിരിക്കണം അദ്ദേഹം വിവാഹം ചെയ്യാതിരുന്നതു എന്ന വിചാരിക്കാൻ തരമില്ല. എന്തെന്നാൽ അദ്ദേഹം അങ്ങനെ രോഗിയായിരുന്നുവെന്നതിലേയ്ക്ക് യാതൊരു തെളിവുമില്ല. മറിച്ച് പലസ്തീനിലെ അദ്ദേഹത്തിന്റെ ജീവിതചര്യകളിൽ നിന്നു അദ്ദേഹം നല്ല ആരോഗ്യവാനും ദൃഢഗാത്രനുമായിരുന്നുവെന്നാണ് തെളിയുന്നത്. തന്നെയുമല്ല ദൈവത്തിന്റെ ഒരു പ്രവാചകനെ കുറിച്ച് അദ്ദേഹം പുരുഷശക്തി നഷ്ടപ്പെട്ട ഒരു രോഗിയായിരുന്നുവെന്നു വിചാരിക്കുന്നതു തന്നെ അദ്ദേഹത്തിന്റെ നേർക്കുണ്ടായിരിക്കേണ്ട ഭക്ത്യാദരങ്ങൾക്കു നിരക്കാത്തതുമായതാകുന്നു. ഈ അവസ്ഥ അദ്ദേഹത്തിനു ഒരു പ്രകാരത്തിലും ശ്രേഷ്ഠതയ്ക്കു കാരണമാകുന്നതല്ല.

ചുരുക്കത്തിൽ വിവാഹം ചെയ്യാതിരുക്കുന്നതിന് ഉണ്ടായിരിക്കാവുന്ന മൂന്ന് കാരണങ്ങളിൽ ഒന്നുംതന്നെ ഈസാനബിക്ക് ഉണ്ടായിരുന്നില്ല എന്ന് വരുമ്പോൾ തീർച്ചയായും അദ്ദേഹം വിവാഹം ചെയ്തിരുന്നിരിക്കണം എന്നുതന്നെയാണ് വിചാരിക്കേണ്ടിയിരിക്കുന്നത്.

എന്നാൽ, പലസ്തീനുപുറമെയുള്ള അദ്ദേഹത്തിന്റെ ജീവിതത്തെ സംബന്ധിച്ച വൃത്താന്തം ചരിത്രത്തിനു അജ്ഞാതമായിരിക്കകൊണ്ടു അദ്ദേഹത്തിന്റെ വിവാഹത്തെകുറിച്ച് നമുക്ക് ചരിത്രം മുഖേന അറിയാൻ സാധിക്കുന്നില്ലെന്നേയുള്ളൂ. എങ്കിലും അദ്ദേഹം വിവാഹം ചെയ്തയാളായിരുന്നുവെന്നു വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നുണ്ട്. അല്ലാഹു പറയുന്നതാവിത്:-

"നിനക്ക് മുൻപ് നാം പ്രവാചകന്മാരെ നിയോഗിക്കുകയും അവർക്ക് ഭാര്യമാരേയും സന്താനങ്ങളേയും നൽകുകയും ചെയ്തു (13;38) ഈ ആയത്തിൽ നിന്നും നബി തിരുമേനിക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാർക്ക് ഭാര്യാമക്കൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് ഈസാ(അ) നബി തിരുമേനിക്കു നേരെ മുമ്പു വന്നുകഴിഞ്ഞ ഒരു പ്രവാചകനായിരിക്കെ അദ്ദേഹം ഈ അവസ്ഥയിൽ നിന്നു ഒഴിവാകാൻ യാതൊരു ന്യായവുമില്ല. തന്നെയുമല്ല മുമ്പുണ്ടായിരുന്ന പ്രവാചകന്മാർക്ക് ഭാര്യാമക്കൾ ഉണ്ടായിരുന്നുവെന്ന മേല്പടി പ്രസ്താവന തിരുമേനിക്ക് നേരെ മുമ്പു കഴിഞ്ഞ ഈസാനബിക്ക് പ്രത്യേകിച്ചും ബാധകമായിരിക്കേണ്ടതുമാണ്. അല്ലെങ്കിൽ ആ പ്രസ്താവന ശരിയാണോ എന്നും ശരിയാണെങ്കിൽ ഈസാനബിക്ക് ഭാര്യാമക്കൾ ഉണ്ടായിരുന്നോ എന്നും

*(ശേഷം 26-ാം പേജിൽ)*

## ലേഖനം

# ഉലമാക്കന്മാരുടേത് ആരുടെ പാരമ്പര്യം?

കെ.പി. കമറുദ്ദീൻ, തൃക്കരിപ്പൂർ

**ഉലമാക്കന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളായും ആകാശത്തിനു കീഴിലെ ഏറ്റവും നികൃഷ്ട ജീവികളായും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഇക്കാലത്തെ മുസ്‌ലിം ഉലമാക്കന്മാർ ഏത് പക്ഷത്തു നിൽക്കുന്നു.**

പണ്ഡിതന്മാരെ ഏറ്റവും കൂടുതൽ ആദരിച്ച മതമാണ് ഇസ്‌ലാം. *"എന്റെ നാഥാ എനിക്ക് ജ്ഞാനം (ഇൽമ്) വർധിപ്പിച്ചു തരേണമേ'* (20:115) എന്ന പ്രാർത്ഥന പഠിപ്പിച്ച ഖുർആൻ വിജ്ഞാനികളെ അത്യധികം ആദരിക്കുന്നു. *'അറിവ് നൽകപ്പെട്ടവരെ പല പദവികളിലേക്ക് ഉയർത്തുന്നതാണ്'* (58:12) എന്നും ഖുർആൻ പറയുന്നു. മറ്റൊരിടത്ത് *'പറയുക അറിവുള്ളവരും അറിവില്ലാത്തവരും സമന്മാരാണോ'* (39:10) *'അല്ലാഹുവിന്റെ ദാസന്മാരിൽ ജ്ഞാനികൾ മാത്രമെ അവനെ ഭയപ്പെടുകയുള്ളൂ'* (35:29) അറിവ് അന്വേഷിക്കുന്നവരെക്കുറിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതായി അബൂദർദ് (റ) നിവേദനം ചെയ്യുന്നു: *'അറിവ് തേടി ഒരാൾ സഞ്ചരിക്കുകയാണെങ്കിൽ അല്ലാഹു അയാളുടെ സ്വർഗ്ഗത്തിലേക്കുള്ള പാത എളുപ്പമാക്കിക്കൊടുക്കും. മലക്കുകൾ ആ വിജ്ഞാനാന്വേഷിയുടെ പ്രയത്നത്തിൽ സംതൃപ്തരായി തങ്ങളുടെ ചിറകുകൾ വിരിച്ചുകൊടുക്കുകയും ചെയ്യും. ആകാശത്തിലും ഭൂമിയിലുമുള്ളവരെല്ലാം ജലത്തിൽ വസിക്കുന്ന മത്സ്യങ്ങൾപോലും അറിവന്വേഷകന്റെ പാപപ്പൊറുതിക്കായി പ്രാർത്ഥിക്കും. ഗ്രഹങ്ങളിൽ ചന്ദ്രൻ എപ്രകാരമാണോ അപ്രകാരം ഒരു അറിവാളി ആരാധനയിൽ ഏർപ്പെട്ടവനേക്കാൾ ഔന്നത്യത്തോടെ വിളങ്ങിനിൽക്കുന്നു. പ്രവാചകന്റെ അനന്തരാവകാശികൾ ദിവ്യജ്ഞാനികളാണ്. പ്രവാചകന്മാർ ജ്ഞാനമല്ലാതെ ദിർഹവും ദീനാറും അനന്തരസ്വത്തായി വിട്ടേച്ചു പോവുന്നില്ല. ആരാണോ ആ ജ്ഞാനം കരസ്ഥമാക്കുന്നത് അയാൾ അതിലൊരു ഭാഗം കരസ്ഥമാക്കി* (അബൂദാവൂദ്, തിർമിദി).

ഉലമാക്കന്മാർക്ക്, ഇസ്‌ലാം നൽകിയ മഹോന്നത സ്ഥാനത്തിന് ഭൂരിപക്ഷ മുസ്‌ലിം സമുദായത്തിലെ ഉലമാക്കന്മാർ അർഹരാണോ? മുസ്‌ലിം സമുദായത്തെ ഭിന്നിപ്പിക്കാനും അതിനെ ബലഹീനമാക്കാനുമുള്ള പ്രവൃത്തിയിൽ ഉത്സാഹപൂർവ്വം മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ് ഇന്നത്തെ ഉലമാക്കന്മാർ ചെയ്യുന്നത്. മതപരമായ ഭിന്നതയാണ് മുസ്‌ലിം സമുദായത്തെ ഗ്രസിച്ച ഏറ്റവും വലിയ ശാപം. ഖുർആൻ ഇതിനെ പറ്റി പറയുന്നു. *'തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കൽ തന്നെയാണിരിക്കുന്നത്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് പിന്നീട് അല്ലാഹു അവർക്ക് വിവരം നൽകുന്നതാണ്* (6:160) മുസ്‌ലിം സമുദായത്തിന്റെ ഈ ഭിന്നതക്ക് കാരണം പുറമെയുള്ള അമേരിക്കയോ, ബ്രിട്ടനോ, ഇസ്രായീലോ അല്ല എന്നത് സ്പഷ്ടമല്ലേ? ഈ ഭിന്നിപ്പിന് നേതൃത്വം നൽകുന്നത് സമുദായത്തിലെ ആലിമീങ്ങൾ തന്നെയാണ്. ഒരു ആലിം നേതൃത്വം നൽകുന്ന മുസ്‌ലിം സംഘടനയുടെ ഏറ്റവും വലിയ ശത്രു മുഹമ്മദ് നബി(സ) ന്റെ ഉമ്മത്തിൽ തന്നെയുള്ള മറ്റൊരു മുസ്‌ലിം കക്ഷിയാണ്.

ഈ വിധത്തിൽ മുസ്‌ലിം ഉമ്മത്തിനെ ഭിന്നിപ്പിച്ച് ദുർബലമാക്കിയ ഉലമാക്കന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണെന്ന് പറഞ്ഞാൽ അത് പ്രവാചകന്മാരെ അപമാനിക്കലായിരിക്കില്ലേ?

എന്നാൽ റസൂൽ തിരുമേനി (സ) ഈ ഭിന്നിപ്പിന്നും ഛിദ്രതക്കും നേതൃത്വം നൽകുന്ന ഉലമാക്കന്മാരെ പറ്റിയും അക്കാലത്തെ മുസ്‌ലിം സമുദായത്തിന്റെ അവസ്ഥയെ സംബന്ധിച്ചും വ്യക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആ ഹദീസുകൾ മുസ്‌ലിം പണ്ഡിതന്മാർ അധികം പറയാറില്ല - കാരണം സാധാരണക്കാർ റസൂൽ തിരുമേനി (സ) ന്റെ വചനങ്ങളിലൂടെ ഇവരെ തിരിച്ചറിയുമെന്ന ഭയമാണ്. റസൂൽ തിരുമേനി(സ) അരുൾ ചെയ്തു: *"ബനീ ഇസ്രായീൽ സമുദായം 72 കക്ഷികളായി പിരിഞ്ഞു. എന്റെ സമുദായം 73 കക്ഷികളായി പിരിയും. അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അപ്പോൾ സഹാബാക്കൾ ചോദിച്ചു: "അല്ലയോ ദൈവദൂതരേ ആ കക്ഷി ഏതാണ്? തിരുമേനി(സ) പറഞ്ഞു: ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ (മിശ്കാത്ത്).*

കക്ഷികളിൽ ഒന്നൊഴികെ ബഹുഭൂരിപക്ഷവും നരകാവകാശികളായിത്തീരും എന്നാണ് റസൂൽ തിരുമേനി (സ) പറഞ്ഞത്. മാത്രമല്ല നരകത്തിലേക്ക് നയിക്കുന്ന അത്തരം മുസ്‌ലിംകക്ഷികളെപറ്റി റസൂൽ തിരുമേനി(സ) വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കി തരുന്നു: *ജനങ്ങളെ നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കന്മാർ ഫിത്നയുടെ കവാടങ്ങളിലുണ്ടാവും. മരണം വരെ വല്ല മരക്കൊമ്പുകളിലും തൂങ്ങിക്കിടക്കുന്നതാണ് അവരിലാരെയെങ്കിലും പിന്തുടരുന്നതിനേക്കാൾ നിനക്കുത്തമം* (മുസ്‌ലിം) ഹദ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്ത മറ്റൊരു ഹദീസിൽ റസൂൽ തിരുമേനി (സ) ഇപ്രകാരം പറഞ്ഞു: *'നരകകവാടങ്ങളിൽ നിന്നുകൊണ്ട് ജനങ്ങളെ വിളിക്കുന്ന ചില പ്രചാരകന്മാരുണ്ടാകും. വിളികേൾക്കുന്നവരെ അവർ നരകത്തിലെറിയും ഞാൻ പറഞ്ഞു: 'അവർ എങ്ങിനെയുള്ളവരായിരിക്കുമെന്ന് ഞങ്ങൾക്ക് പറഞ്ഞ് തന്നാലും." റസൂൽ (സ) പ്രതിവചിച്ചു. 'നമ്മിൽപ്പെട്ട നമ്മുടെ ഭാഷ സംസാരിക്കുന്ന ഒരു കൂട്ടം ആളുകളായിരിക്കുമവർ" ഞാൻ അതിന് സാക്ഷിയായാൽ എന്നോട് എന്താണ് അങ്ങ് കല്പിക്കുന്നത്, അവിടുന്ന പറഞ്ഞു: 'നീ ഇസ്‌ലാമിക ജമാഅത്തിനേയും അവരുടെ ഇമാമിനേയും പിൻപറ്റുക. അൽ ജമാഅത്തും ഇമാമുമില്ലെങ്കിൽ എല്ലാ കക്ഷികളേയും വെടിഞ്ഞ് ഏതെങ്കിലും മരപ്പൊത്തിൽ ശിഷ്ടജീവിതം കഴിച്ചുകൊള്ളുക'* (മുസ്‌ലിം). ഇവിടെ റസൂൽ തിരുമേനി(സ) പറഞ്ഞ വിനാശകാരികളായ ഉലമാക്കന്മാർ - മുസ് ലിം വേഷം ധരിച്ച ഭിന്നിപ്പിന്റെ കക്ഷികൾക്ക് നേതൃത്വം നൽകുന്ന മുസ്‌ലിംകളിൽപ്പെട്ടവർ തന്നെയായിരിക്കുമെന്നാണ്.

മറ്റൊരു വചനത്തിൽ റസൂൽ (സ) തിരുമേനി ഇപ്രകാരം പറയുന്നു: *തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും. അന്നു ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും; അവരുടെ പള്ളികൾ ജനപ്പെരുമാറ്റമുള്ളവയായിരിക്കുമെങ്കിലും അവ ഭക്തിശൂന്യങ്ങളായിരിക്കും. അവരുടെ ആലിംകൾ ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ഫിത്ന അവരിൽ നിന്ന് പുറപ്പെടുകയും അവരിലേക്ക് തന്നെ മടങ്ങുകയും ചെയ്യും* (മിശ്കാത്ത്). ഇന്നത്തെ മുസ്‌ലികളുടെ അവസ്ഥയും ഉലമാക്കന്മാരുടെ സ്വഭാവവും റസൂൽ തിരുമേനിയുടെ ഈ ഹദീസിനെ അക്ഷരംപ്രതി സത്യപ്പെടുത്തുന്നു. അപ്പോൾ ചോദ്യമിതാണ് ഇക്കാലത്തെ മുസ്‌ലിം ഉലമാക്കന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളോ അതല്ല ആകാശത്തിന് കീഴിലെ നികൃഷ്ടജീവികളോ? സമുദായത്തെ ഭിന്നിപ്പിച്ച് ബലഹീനമാക്കുകയും എല്ലാ അർത്ഥത്തിലും നാശത്തിലകപ്പെടുത്തുകയും ചെയ്ത ഉലമാക്കന്മാർ തീർച്ചയായും രണ്ടാമത് പറഞ്ഞ കൂട്ടത്തിലല്ലേ? മുസ്‌ലിം സമുദായം ഇനിയെങ്കിലും ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞെങ്കിൽ.

ജീർണിച്ച സമൂഹങ്ങളെ അല്ലാഹു ഉദ്ധരിക്കുന്നത് പ്രവാചകന്മാരെ അയച്ചുകൊണ്ടാണ്. ഒരുലക്ഷത്തിലേറെ പ്രവാചകന്മാർ ഭൂമിയിലവതിരിച്ചിട്ടുണ്ട്. ഈ സമ്പ്രദായം അല്ലാഹു നിർത്തലാക്കിയിട്ടില്ല. ഉലമാക്കന്മാർക്ക് ആത്മീയ പ്രകാശത്തിലൂടെ മനുഷ്യസമൂഹങ്ങളെ സമുദ്ധരിക്കാൻ സാധ്യമല്ല. അവർ ഏടുകളിലെ ഗ്രന്ഥങ്ങൾ ഉരുവിട്ടു പഠിച്ചും മന:പ്പാഠമാക്കിയും അറിവ് സമ്പാദിക്കുന്നു. ആ മതജ്ഞാനങ്ങൾ ജീവിതത്തിൽ പകർത്തിയാൽ മാത്രമെ ആത്മീയമായും ധാർമ്മികമായും മനുഷ്യന് അഭ്യുന്നതിയുണ്ടാവൂ. ഈ കർമ്മകാണ്ഡം വിസ്മരിച്ചാൽ അറിവ് ശാപമായിത്തീരും. ഉലമാക്കന്മാർ ദുഷിപ്പിച്ചുകഴിഞ്ഞ ഇക്കാലത്തെ മുസ്‌ലിം സമുദായത്തെ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്നും റസൂൽ തിരുമേനി(സ) പ്രവചനപ്രകാരം ആഗതനാം മഹാത്മാവാകുന്നു ഹദ്റത്ത് അഹ്മദ് (അ) റസൂൽ തിരുമേനി(സ)യുടെ ജീവിതം സമ്പൂർണമായും പകർത്തി നുബുവ്വത്ത് കൊണ്ടും വെളിപാടുകൾ കൊണ്ടും അനുഗ്രഹീതനായ ഹദ്റത്ത് അഹ്മദ് (അ) ഇക്കാലത്തെ പണ്ഡിതന്മാരെക്കുറിച്ച് പറഞ്ഞ കാര്യം സ്മരിച്ചുകൊണ്ട് ഈ ലേഖനമവസാനിപ്പിക്കാം - ആ മഹാത്മാവ് അരുൾ ചെയ്തു.

*'ദാബ്ബത്തുൽ അർള് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഇക്കാലത്തെ ദുഷിച്ച മതപണ്ഡിതന്മാരാണ്. അവർ വാക്കാൽ തിരുനബി(സ) സത്യറസൂലാണെന്നു പറയുന്നതോടൊപ്പം ദജ്ജാലിനു ഭൃത്യവേല ചെയ്കയും ചെയ്യുന്നു. അവരുടെ അസ്തിത്വം തന്നെ രണ്ടംശങ്ങൾ അടങ്ങിയതുപോലത്രേ. ഒരംശം ഇസ്‌ലാമിന്റെ വശത്തും മറ്റൊരംശം 'കുഫ്റി'ന്റെ പക്ഷത്തിലുമാണ്. അവരുടെ വാക്കുകൾ വിശ്വാസികളുടേതു*

*പോലിരിക്കുമെങ്കിലും ചെയ്തികൾ അവിശ്വാസികളുടേതുപോലിരിക്കും. അവസാന കാലത്ത് അവർ എണ്ണത്തിൽ വളരെ അധികമായിരിക്കുമെന്നും, റസൂലുല്ലാഹ് (സ) നമുക്ക് അറിവ് തന്നിരിക്കുകയാണ്. അവർക്ക് 'ദാബ്ബത്തുൽ അർള്' എന്ന പേരു വെക്കാൻ കാരണം അവർ ദേഹേച്ഛകളിൽ പറ്റിപിടിച്ചിരിക്കുമെന്നു തന്നെയാണ്. അവർ ആകാശത്തിലേക്ക് (ആത്മീയതയിലേക്ക്) ഉയർത്തപ്പെടാൻ ആഗ്രഹിക്കുന്നില്ല. ഭൗതികലോകവും അതിന്റേതായ അഭിലാഷങ്ങളും കൊണ്ട് അവർ സംതൃപ്തരായിരിക്കുകയാണ്. മാനുഷികഹൃദയം അവർക്കില്ല. അവരിൽ ദുഷ്ടജന്തുക്കളുടെയും പന്നികളുടെയും സ്വഭാവ സമ്പ്രദായങ്ങൾ സമ്മേളിച്ചിരിക്കുകയാണ്. തങ്ങൾ ആകാശത്തെ പ്രാപിക്കുകയും സ്പർശിക്കുകയും ചെയ്തുവെന്ന് നടിക്കുമാറ് അവർ അഹങ്കാരികളും അഹംബുദ്ധികളുമായി കാണപ്പെടുന്നു. ഇങ്ങനെ ഭൗതികതയിൽ പറ്റിപ്പിടിച്ചിരിക്കയാൽ അവരുടെ കാലുകൾ ഭൂമിയിൽ നിന്ന് വേർപ്പെടുന്നില്ല. ആ നിലപാടിൽ അവർ ബന്ധനസ്ഥരെപ്പോലെയത്രെ. വായ കൊണ്ടല്ല, ഗുദം കൊണ്ടാണവർ സംസാരിക്കുക. അതായത് അവരുടെ സംസാരത്തിൽ സാത്വികന്മാരുടെ സംസാരത്തിലെന്നപോലെ പരിശുദ്ധിയും നന്മയും ഉണ്ടായിരിക്കയില്ല (ഹമാമത്തുൽ ബുശ്റാ 142).* ߏ

---

*(23 -ാം പേജിൽ നിന്ന് തുടർച്ച)*

ചോദ്യമുണ്ടാകുന്നതായിരിക്കും. അതദ്ദേഹത്തിന്നു ഭാര്യാമക്കൾ ഉണ്ടായിരുന്നില്ലെങ്കിൽ ഖുർആന്റെ പ്രസ്താവന അസത്യമെന്നു വരുകയോ അഥവാ അദ്ദേഹം മറ്റു പ്രവാചകന്മാരെപ്പോലെയുള്ള ഒരാളല്ലാ, ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന പ്രകാരം ഒരു ദൈവമാകുന്നു എന്നു സമ്മതിക്കേണ്ടി വരികയോ ചെയ്യുന്നതാണ്.

* ഹദ്റത്ത് അഹ്മദിന്റെ "മസീഹ് ഹിന്ദുസ്താൻ മെ" എന്ന ഗ്രന്ഥത്തിൽ ഈ വിഷയം സവിസ്തരം പ്രതിപാദിക്കപ്പെട്ടു കാണാം.

***(സത്യദൂതൻ 1943 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)*** ߏ

---

*(14 -ാം പേജിൽ നിന്ന് തുടർച്ച)*

ക്കിയവരുടെ ഗ്രഹണക്ഷമതയെ മാത്രമേ ചോദ്യം ചെയ്യുകയുള്ളു. അവരെ സംബന്ധിച്ചിടത്തോളം ദൈവപുത്രൻ ഒരു ഭാര്യയെ സ്വീകരിച്ച് പ്രജനനം നടത്തുന്നതിനേക്കാൾ ഘോരാപരാധം മറ്റൊന്നുമില്ല തന്നെ. വിരോധാഭാസമെന്നു പറയട്ടെ, അതേ സമയം ദൈവത്തിന് ഒരു സാധാരണ സ്ത്രീയിൽ ഒരു പുത്രൻ ജനിച്ചു എന്നതിൽ അവർക്ക് സ്വല്പം പോലും മനപ്രയാസവും സന്ദേഹവും ഇല്ലതാനും

***(A Man that is called Jesus, Saj Publishers, Payangadi, Kannur , Rs. 225/- By A. R. Malabari. Revised Second Edition 2005 എന്ന പുസ്തകത്തിൽ നിന്നുള്ള സ്വതന്ത്ര വിവർത്തനം വിവ: അബൂനിയാസ്)*** ߏ

---

*(19 -ാം പേജിൽ നിന്ന് തുടർച്ച)*

കൾ ചുട്ടെരിക്കുന്നത് അബദ്ധമാണ്. അതേപ്രകാരം എമ്പസികൾ അക്രമിക്കുന്നതും നല്ല പ്രതികരണമല്ല. മറിച്ചു സംവാദവും പ്രഭാഷണവും മുഖേന പ്രശ്നപരിഹാരം നടത്തേണ്ട താണ്. കാരണം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് മുസ്ലിംകൾ ക്ഷമയും സഹനവും പ്രകടിപ്പിക്കേണ്ടതാണ്. ജില്ലെന്റ് പോസ്റ്റൻ എന്ന പത്രം ചെയ്ത ക്ഷമാപണം സ്വീകരിക്കേണ്ടതാണ്. തന്നെ അപമാനിക്കുന്നവരോട് പ്രതികാരം വീട്ടാൻ ഹദ്റത്ത് മുഹമ്മദു നബി(സ) ഒരിക്ക ലും ആഗ്രഹിച്ചിരുന്നില്ല. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ സുന്ദരമായ മാതൃകക്കെതിരിൽ മദ്ധ്യേഷ്യയിൽ നടന്ന കലാപങ്ങൾക്ക് എന്ത് സാധൂകരണമാണുള്ളതെന്ന് അദ്ദേഹം ചോദിക്കുന്നു. (അവലംബം: മൗലാനാ സാഹിബിന്റെ റിപ്പോർട്ടു 27-4-2006 -ലെ അൽഫസൽ ഇന്റർ നേഷണൽ - ലണ്ടൻ).

ചുരുക്കത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിന്ന് ഇസ്ലാമികാദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഈ കാർട്ടൂൺ പ്രശ്നം പരിഹരിക്കുവാനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ തത്വം ലോകത്തിന്റെ മുമ്പാകെ വെക്കുവാനും സാധിച്ചു. ഈ പ്രശ്നത്തിന്നു ഇതേയൊരു പരിഹാരമല്ലാതെ ഹിംസാ, അക്രമം എന്നീ അനിസ്ലാമികവും മനുഷ്യത്വരഹിതവും ആയ പ്രക്രിയകൾ മുഖേന ഒരിക്കലും തന്നെ പരിഹാരമാകുന്നില്ല എന്ന യാഥാർത്ഥ്യം അഹ്മദിയ്യാ ജമാഅത്തിന്ന് ലോകത്തിന്റെ മുമ്പാകെ കാണിച്ചു കൊടുക്കുവാൻ സാധിച്ചു. ߏ

---

# നന്ദിയും ഐശ്വര്യവും

ആകയാൽ, "എന്റെ ഔദാര്യത്തെയും പാരിതോഷികങ്ങളെയും നന്ദിപൂർവ്വം ഏറ്റവും ഫലപ്രദമായും ഗുണോന്മുഖമായും ഉപയോഗപ്പെടുത്തുന്ന പക്ഷം നാം അവയെ അവർക്കായി പെരുപ്പിച്ചുകൊടുക്കുന്നതാണ്. മറിച്ച് എന്റെ അനുഗ്രഹങ്ങളെ അനാദരിക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്താൽ എന്റെ ശിക്ഷ (ദൈവികനിയതമായ പ്രകൃതിയുടെ പ്രതികരണം) ഗുരുതരമായിരിക്കുക തന്നെ ചെയ്യും". (14:8)

# വാഗ്ദത്ത മസീഹിന്റെ ദൗത്യം

എ.പി. കുഞ്ഞാമു

## ഈസാനബി (അ) അവസാനകാലത്ത് ഇറങ്ങുമെന്ന മുസ്‌ലിം വിശ്വാസവും അതിന്റെ വിശദീകരണവും

ഈ അടുത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇംഗ്ലീഷ് മാസികയായ Review of Religions ന്റെ പഴയ പതിപ്പുകൾ ഞാൻ മറിച്ചുനോക്കുമ്പോൾ ഖലീഫ തിരുമനസ്സ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബിനോട് ഒരു ക്രിസ്തീയ സഹോദരൻ ചോദിച്ച മൂന്ന് ചോദ്യങ്ങളും അതിന്റെ മറുപടിയും എന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. അതിനെ ആധാരമാക്കി എന്റെ ഈ പംക്തിയിലേക്ക് ഒരു ലേഖനമെഴുതാമെന്ന് കരുതി.

*(1) എന്തുകൊണ്ടാണ് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ഇത്രയേറെ യുദ്ധങ്ങൾ നടക്കുന്നത്?*

*(2) നിങ്ങളും മറ്റു മുസ്‌ലിംകളും തമ്മിൽ എന്താണ് വ്യത്യാസം?*

എല്ലാ മതങ്ങളുടേയും ഒരു ദുർവിധിയാണിത്. ഒരു മതം അവതരിച്ചു കുറച്ചുകാലം കഴിയുമ്പോൾ ആ മതത്തിലെ അനുയായികൾ തന്നെ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ പല കുഴപ്പങ്ങളും ഉണ്ടാക്കുന്നു. ഉദാഹരണത്തിനു സമാധാനമാണല്ലോ മതത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം പക്ഷേ, ക്രിസ്തീയ രാജ്യങ്ങൾ രണ്ടു ലോകമഹായുദ്ധങ്ങൾ നടത്തി. ഇതൊക്കെ ഒരു മതത്തിന്റെ യഥാർത്ഥ പാഠങ്ങൾ വിസ്മരിക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണ്. ഇതൊന്നും മതത്തിന്റെ കുറ്റമല്ല. അനുയായികൾ യഥാർത്ഥ മതതത്ത്വങ്ങളിൽ നിന്നും അകലുന്നതുകൊണ്ടാണ് സംഭവിക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ച പാഠം ഒരു കവിളത്ത് അടിച്ചാൽ മറ്റേ കവിളു കൂടി കാണിച്ചുകൊടുക്കാനാണ്. ഇതാണോ ഇന്നത്തെ ക്രിസ്ത്യൻ രാജ്യങ്ങളുടെ സമീപനം. ഒരാൾ പ്രഹരിച്ചാൽ അതിന്റെ ഇരട്ടി പകരം കൊടുത്താലേ പ്രഹരമേറ്റയാൾക്ക് ഉറക്കം വരുകയുള്ളൂ. ഇത് തന്നെയാണ് യഥാർത്ഥ തത്ത്വങ്ങളിൽ നിന്നുള്ള അകൽച്ച. ഏതാണ്ട് ഇതേ പ്രകാരം തന്നെയാണ് മുസ്‌ലിംകളുടെ സ്ഥിതിയും. അവരും ഒരു അധഃപതനത്തിന്റെ പാതയിലാണ്. യഥാർത്ഥ പാഠങ്ങളിൽ നിന്നും ബഹുദൂരം അകന്ന് പോയിരിക്കുന്നു. മുസ്‌ലിംകളിലുള്ള ശിഥിലീകരണം മൂലം അപരിഹാര്യമായ അഭിപ്രായഭിന്നതകൾ ഉടലെടുക്കുന്നു. ഇത് പരസ്പര സംഘട്ടനത്തിലേക്ക് നയിക്കുന്നു. ശിയാ സുന്നി തർക്കം തന്നെ ഒരു ഉദാഹരണം. മുസ്‌ലിംകളുടെ വിശ്വാസത്തിൽ വന്ന വ്യതിയാനങ്ങളും ജീർണ്ണതകളുമാണ് ഇതു കാണിക്കുന്നത്. യഥാർത്ഥ ഇസ്‌ലാമിൽ നിന്നും അവർ ബഹുദൂരം അകന്നുപോയിരിക്കുന്നു.

വിശ്വാസപരമായി പല സംഗതികളിലും അഹ്മദി മുസ് ലിംകളും അനഹ്മദികളും യോജിക്കുന്നു. ഉദാഹരണമായി ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ അതായത് ദൈവത്തിന്റെ ഏകത്വം പ്രവാചകന്മാരിലുള്ള വിശ്വാസം ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം അങ്ങനെ പോകുന്നു. ഇതാണ് ആഗോള മുസ്‌ലിംകളെ ഒന്നിപ്പിക്കുന്ന വിശ്വാസം. ഈ അടിസ്ഥാന നിലപാടിൽ നിന്നും വ്യതിചലിക്കുന്നത് അന ഹ്മദികളാണ്. ഇതാണ് അവരും നാമും തമ്മിലുള്ള വ്യത്യാസം. എന്നിട്ടവർ നാം ആ മതത്തിൽ പെട്ടവരല്ല എന്ന് പ്രഖ്യാപിക്കുന്നു.

എന്നാൽ ക്രിസ്ത്യാനികൾക്ക്

മനസ്സിലാക്കാൻ സാധിക്കുന്നത് ഈസാനബി(അ)യെക്കുറിച്ച വിശ്വാസമാണ്. ഞങ്ങൾ ഈസാനബി(അ)യെ ദൈവത്തിന്റെ പുത്രനാണെന്ന് വിശ്വസിക്കുന്നില്ല. "ദൈവപുത്രൻ" എന്ന വാക്ക് ദൈവത്തിന്റെ പ്രീതി ലഭിച്ച ആൾ എന്ന അർത്ഥത്തിലുള്ള പ്രയോഗമാണെന്നാണ് നമ്മുടെ പക്ഷം. അദ്ദേഹം ദൈവത്തിന്റെ ഒരു സൃഷ്ടിയാണ്. ആദ്യത്തെ വ്യത്യാസം യേശുക്രിസ്തുവിനെ സംബന്ധിക്കുന്നതാണ്. മുസ്‌ലിംകൾ പൊതുവിൽ ആ ദിവ്യാത്മാവിനെ ദൈവപുത്രനെന്ന് വിശ്വസിക്കുന്നില്ല. എന്നിരുന്നാലും അദ്ദേഹത്തെ മനുഷ്യർക്കില്ലാത്ത ചില കഴിവുകളുള്ള ആളായി ഉയർത്തിക്കാട്ടുന്നുണ്ട്. അവരുടെ വിശ്വാസപ്രകാരം ഈസാനബി (അ) ആകാശത്തേക്ക് സ്വശരീരത്തോടുകൂടി പോവുകയും അവിടെ നാലാമത്തെ ആകാശത്തിൽ താമസിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. അദ്ദേഹത്തിന്റെ ശരീരത്തോടുകൂടിയ ഇറക്കത്തെ അവർ പ്രതീക്ഷിക്കുന്നു. ക്രിസ്ത്യാനികളെപ്പോലെ തന്നെ ആകാശത്തിൽ പോയതായി അവർ വിശ്വസിക്കുന്നു. പക്ഷേ, ചെറിയ വ്യത്യാസം അതായത് അദ്ദേഹം തിരിച്ചുവരുന്നത് മുസ്‌ലിമായിട്ടായിരിക്കും എന്നാണ് മുസ്‌ലിംകളുടെ വിശ്വാസം. ഇതുകൂടാതെ തദവസരത്തിൽ ഇമാം മഹ്ദിയുടെ സാന്നിദ്ധ്യവും ഭൂമിയിൽ ഉണ്ടാവും. മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിൽ യേശുവിന്റെ വരവിന്റെ ഉദ്ദേശ്യത്തിൽ തന്നെ വളരെ വ്യത്യാസമുണ്ട്.

അഹ്മദികളുടെ തെളിവുകളുടെ അടിസ്ഥാനങ്ങൾ ഹദീസുകളിൽ കാണുന്ന വിവരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഈ ഹദീസുകളിലെല്ലാം ഈസാനബിയുടെ പുനരാഗമനം മുഖേന അദ്ദേഹത്തിന് ചില ദൗത്യങ്ങൾ നിർവ്വഹിക്കേണ്ടതായി പറയപ്പെട്ടിരിക്കുന്നു. ഇതെല്ലാം തന്നെ ആലങ്കാരിക പ്രയോഗങ്ങളാണ്. എന്നാൽ പൊതു മുസ്‌ലിംകൾ അതെല്ലാം അതേപടി സംഭവിക്കുന്നുവെന്ന് വിശ്വസിക്കുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിൽ ചുമത്തപ്പെട്ട ഒരു കടമ പന്നിയെ നിഗ്രഹിക്കുകയാണ്. അക്ഷരാർത്ഥത്തിലാണെങ്കിൽ അദ്ദേഹം നാട്ടിലും കാട്ടിലുമുള്ള പന്നികളെയെല്ലാം കൊല്ലണം. ഒരു പ്രവാചകന്റെ വരവിന്റെ ഉദ്ദേശ്യം ഒന്നു ചിന്തിക്കുക. ഇതു മനുഷ്യരിലുള്ള പന്നിയുടെ സ്വഭാവത്തെ വിപാടനം ചെയ്യുമെന്നാണ്. പന്നി അതിന്റെ മുഖം ഭൂമിയിൽ താഴ്ത്തിക്കൊണ്ടാണ് നടക്കുക. തീരെ ലജ്ജയില്ലാത്ത മൃഗമായി അതിനെ വിശേഷിപ്പിക്കുന്നു. ഇത്തരം സ്വഭാവങ്ങളിൽ നിന്നു മാനവരാശിയെ സംരക്ഷിക്കുക. അതാണ് പ്രവാചക അവതാരം മുഖേന സാധിക്കേണ്ടത്. അതിനുള്ള ഉപദേശനിർദ്ദേശങ്ങൾ അദ്ദേഹത്തിൽ നിന്നും ഉണ്ടാകും. ആലങ്കാരികമായി പ്രതിപാദിച്ച സംഗതി അക്ഷരാർത്ഥത്തിൽ സംഭവിക്കുമെന്ന് പറയുന്നത് മുല്ലാക്കമാരുടെ ബുദ്ധിയാണ്.

രണ്ടാമത്തെ അദ്ദേഹത്തിന്റെ കർത്തവ്യം 'കുരിശിനെ ഉടക്കുക' എന്നതാണ്. അതിനും വയസ്സുകാലത്ത് (അദ്ദേഹത്തിന് രണ്ടായിരം വയസ്സായിരിക്കും) അദ്ദേഹം ലോകം മുഴുവൻ അരിച്ചുപെറുക്കേണ്ടിവരും. കുരിശ് കഴുത്തിലും കാതിലും ആഭരണമായും ശ്മശാനങ്ങളിലും ക്രിസ്ത്യൻ ദേവാലയങ്ങളിലും എണ്ണിയാലൊടുങ്ങാത്തയത്രയുണ്ടല്ലോ. കുരിശു ഉടച്ചാൽ തന്നെ പിന്നേയും അവിടെ കുരിശു നിർമ്മിക്കപ്പെടും. ഈ ജോലി അദ്ദേഹത്തിന് അസാധ്യമായിതീരില്ലേ. യുക്തിരഹിതമായ ഈ വിശ്വാസം തിരസ്കരിക്കേണ്ട ഒന്നാണ്. ഇതും യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ല. ഇതിന്റെ ദ്യോതകാർത്ഥം വാഗ്ദത്ത മസീഹ് വന്നാൽ ക്രിസ്തീയരുടെ കുരിശ് വിശ്വാസത്തെ വിപാടനം ചെയ്യുന്ന തെളിവുകൾ ഹാജരാക്കി അവരെ യഥാർത്ഥ ഏകദൈവവിശ്വാസികളാക്കി മാറ്റുമെന്നാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനം മുഖേന ലോകം അതു കണ്ടുകൊണ്ടിരിക്കുന്നു. യേശു കുരിശിൽ മരിച്ചിട്ടില്ല. അദ്ദേഹം കുരിശ്മരണത്തിൽ നിന്നും രക്ഷപ്പെട്ടു. യേശു തന്റെ ദൗത്യം ബനൂ ഇസ്രായേലിലെ 12 ഗോത്രങ്ങളിലും എത്തിക്കേണ്ടതുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഈ തൊഴുത്തിൽ പെടാത്ത ആടുകളുടെ അടുക്കലും അദ്ദേഹത്തിന് പോകേണ്ടതുണ്ട്. കുരിശു മരണത്തിൽ നിന്നും അത്ഭുതകരമായി അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ 'ജലസമൃദ്ധവും പച്ചപിടിച്ചതുമായ' ഒരു ഉയർന്ന സ്ഥലത്ത് അദ്ദേഹത്തിനും മാതാവിനും നാം അഭയം നൽകി." ഇതു കാശ്മീരിനെക്കുറിച്ചാണ്. അഫ്ഗാനിസ്ഥാനിലും കാശ്മീരിലും നിവസിക്കുന്നവരിൽ നല്ലൊരു ശതമാനം ബനൂഇസ്രായേൽ ഗോത്രക്കാരാണെന്ന് ചരിത്രപരവും നരവംശ ശാസ്ത്രപരവുമായ നിരവധി പഠനങ്ങൾ തെളിയിക്കുന്നു. അങ്ങനെ യേശുവിന്റെ ഈ ഔന്നത്യത്തെ വളരെ സരളമായും അഗാധമായും ബൈബിളിൽ നിന്നും ചരിത്രത്തിൽ നിന്നുമുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ ഈ കാലത്ത് വാഗ്ദ ത്ത മസീഹാണെന്ന് വാദിച്ച ഹദ്റത്ത് അഹ്മദ് (അ) തെളിയിച്ചു കാണിച്ചിട്ടുണ്ട്. അദ്ദേഹം രചിച്ച "യേശു മിശിഹാ ഇന്ത്യയിൽ" എന്ന കൃതി ഒരാവർത്തി വായിച്ചാൽ ഈ സത്യം ഗ്രഹിക്കാൻ സാധിക്കും. ഇതു മലയാളത്തിലും തർജ്ജമ ചെയ്തിട്ടുണ്ട്. മുതലക്കുളത്തുള്ള അഹ്മദിയ്യാ ബുക്ക്സ്റ്റാളിൽ ഇതു ലഭിക്കും. ഇതുകൂടാതെ ഹദ്റത്ത് അഹ്മദി(അ)ന്റെ ഖലീഫ ഹദ്റത്ത് ത്വാഹിർ അഹ്മദ് (റഹ്) എഴുതിയ ക്രിസ്തു മതം: 'യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്' എന്ന കൃതി മലയാളത്തിൽ പരിഭാഷ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു പ്രമുഖ പണ്ഡിതന്മാരാൽ വിരചിതമായ പല ഗ്രന്ഥങ്ങളും ഈ വിഷയം കൈ കാര്യം ചെയ്യുന്നുണ്ട്. ഈ തെളിവുകളുടെ അടിസ്ഥാ നത്തിലാണ് കുരിശ് ഉടക്കപ്പെടുക. അല്ലാതെ അഹ്മദികളല്ലാത്ത മുസ്‌ലിംകൾ വിശ്വസിക്കുന്നതുപോലെ ഇത് ജഡി

ചെയ്യുന്നത്. ഈ രണ്ടു പദങ്ങളാണ് വ്യാഖ്യാതാക്കളെ കുഴപ്പത്തിലാക്കിയ ത്. ഇത് അറബി ഭാഷാപ്രയോഗ ത്തിൽ വേണ്ടത്ര അവഗാഹം ഇല്ലാ ത്തതുകൊണ്ടാണ് അതിന് ജഡിക മായ അർത്ഥം നൽകുന്നത്.

ഇതൊക്കെ വളരെ അധികം വിശദീകരണം ആവശ്യമുള്ള വിഷയ മാണ്. ദൈർഘ്യഭയം കാരണം ചുരു ക്കുന്നു. ഇത്തരം വിശ്വാസങ്ങൾ മെല്ലെമെല്ലെ ഇസ്‌ലാമിൽ സ്ഥലം പിടിച്ചതാണ്. കൂടാതെ ക്രിസ്ത്യാനി കളുടെ ഇസ്‌ലാമിലേക്കുള്ള പ്രവേശം ഈ വിശ്വാസത്തിന് കൂടുതൽ ശക്തി നൽകി. ഇതു കൂടാതെ മുനാഫിക്കു കളുടെ (യഥാർത്ഥ വിശ്വാസികളല്ലാ ത്തവർ) പ്രവർത്തനവും ഇതിനകത്ത് നടന്നിട്ടുണ്ടാകും. ഇത്തരക്കാർ ഇസ്‌ലാമിനെ അതിന്റെ അകത്തു നിന്നുകൊണ്ട് യഥാർത്ഥ വിശ്വാസ ങ്ങളെ തമസ്കരിക്കാൻ ശ്രമിച്ചിട്ടുണ്ടാ കും. ഇതൊക്കെ മുസ്‌ലിം പണ്ഡിത ന്മാരെ ഈ വിശ്വാസത്തിൽ തളച്ചി ടാൻ കാരണമായി. ഇന്നു നാം കാണു ന്നത് ഇതു തന്നെയാണ്.

ഏതായാലും ഈസാനബി (അ) ശരീരത്തോടുകൂടി ആകാശത്തിൽ പോയിട്ടില്ല. അതുകൊണ്ടുതന്നെ അദ്ദേഹം സ്വശരീരത്തോടുകൂടി ഇറ ങ്ങുന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല. താങ്കളുടെ വിശ്വാസത്തെപറ്റി തന്നെ ചിന്തിക്കുക. യേശു തന്നെയും ഇത്തരം ഒരു ആകാശാരോഹണം അദ്ദേഹത്തിന് മുമ്പു നടന്നതും അദ്ദേ ഹത്തിന്റെ ഇറക്കത്തെപറ്റി പ്രവചന ത്തെയും നമുക്ക് പറഞ്ഞു തന്നിട്ടു ണ്ട്. ആഗ്രഹിക്കുന്ന രൂപത്തിൽ അദ്ദേഹത്തിന്റെ ഇറക്കം ഉണ്ടായിട്ടില്ല. പിന്നെ എങ്ങനെയാണ് ഇപ്പോൾ അതു സംഭവിക്കുക.

ഏലിയാവിനെക്കുറിച്ചുള്ള വിവ രണമാണ് നാം ഇവിടെ ഉദ്ദേശിക്കുന്ന ത്. ഏലിയാവ് സ്വശരീരത്തോടെ ഒരു തേരിൽ സഞ്ചരിച്ചുകൊണ്ടാണ് ആകാശാരോഹണം നടത്തിയത്. യേശുവിന്റെ വരവിന്റെ മുമ്പു സ്ഥലം ഒരുക്കാൻ അദ്ദേഹം ആകാശത്തു

*(ശേഷം 31-ാം പേജിൽ)*

ത്തിൽ അവതരിച്ച മസീഹായിരുന്നു. മസീഹിനെ യോജിപ്പിച്ചുകൊണ്ടാണ് ഈ വിശ്വാസം ഇസ്‌ലാമിൽ എത്തു ന്നത്. കൂടാതെ മുസ്‌ലിംകളുടെ വിശ്വാസത്തിന്റെ ഒരു ഭാഗമായിരുന്ന "ഈസാനബി(അ) യെ ജീവനോടു കൂടെ സ്വശരീരത്തോടെ ദൈവസന്നി ധിയിലേക്ക് ഉയർത്തി. അപ്പോൾ അങ്ങനെ ഉയർന്ന ഒരാളുടെ ഇറ ക്കത്തെ പറ്റിയാണ് പ്രവചനങ്ങളിൽ പറഞ്ഞതെന്ന് അവർ തെറ്റിദ്ധരിക്കു കയാണുണ്ടായത് എന്നാണ് പറയുന്ന ത്. ഇതിനർത്ഥം ആകാശത്തേക്കു പോയി എന്നാണെങ്കിൽ അല്ലാഹു ആകാശത്ത് പരിമിതനാണെന്ന് പറ യേണ്ടതായി വരും. എന്നാൽ, ഈസാ നബി (അ) യെ ശരീരത്തോടുകൂടി ഉയർ ത്തിയതായി വിശുദ്ധ ഖുർആ നിൽ എവിടെയും പറയുന്നില്ല. വിശുദ്ധ ഖുർആനിൽ "അല്ലാഹു അദ്ദേഹത്തെ അവനിലേക്ക് ഉയർ ത്തി" (4:159) എന്നാണ് പറഞ്ഞിട്ടു ള്ളത്.


അഹ്മദികൾ പറയുന്നത് ഈ വചനത്തിൽ മുസ്‌ലിംകൾ ഉദ്ദേശി ക്കുന്ന തരത്തിൽ ഒന്നും പറയുന്നില്ല എന്നുള്ളതാണ്. ഇവിടെ ഉയരുന്ന ചോദ്യം ഈസാനബിയെ ഉയർത്തു മ്പോൾ അല്ലാഹു എവിടെയാണുണ്ടാ യിരുന്നത്? ഈസാനബി ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ അല്ലാഹു അവിടെ ഉണ്ടായിരുന്നില്ലെ? ദൈവ ത്തിങ്കലേക്ക് ഉയർത്തി എന്നത് ശരി യാണെങ്കിൽ ഈ പ്രപഞ്ചം മുഴു വനും ഈസാനബി നിറഞ്ഞു നിൽ ക്കണം. എന്നാൽ മുസ്‌ലിംകളുടെ വിശ്വാസപ്രകാരം അദ്ദേഹം നാലാനാ കാശത്തിൽ ഉണ്ടെന്നാണ്. അപ്പോൾ അതെങ്ങനെ ശരിയാകും? അല്ലാഹു നാലാം ആകാശത്തിൽ പരിമിത നാണോ? ഇത്തരം ചോദ്യങ്ങൾക്കെ ല്ലാം ഉത്തരം കാണേണ്ടി വരും. വിശുദ്ധ ഖുർആന്റെ പാഠമനുസരിച്ച് "നുസൂൽ" (ഇറങ്ങുക) എന്ന പദം ജഡികമായ ഇറക്കത്തെയല്ല പ്രതിനി ധീകരിക്കുന്നത്. അതേപോലെ "റഫഅ" എന്ന പദവും ജഡികമായ ഉയർത്തലിനേയല്ല പ്രതിനിധാനം

കമായി സാധിക്കേണ്ടതാണെന്നു പറ യുന്നതിലെ അസംബന്ധം ഊഹി ക്കാവുന്നതേയുള്ളൂ. പന്നിയുടെ സംഹാരം എന്നതിന്റെ വിവക്ഷ പന്നി യുടെ സ്വഭാവത്തെ ഹനിക്കുമെന്നാ ണ്. എപ്പോഴും ഭൂമിയെ നോക്കി സഞ്ചരിക്കുന്ന വൃത്തികെട്ട ഒരു ജീവി യാണ് പന്നി. വെറും ഭൗതികതയിൽ മുഴുകി ജീവിക്കുന്നവരെ ഉദ്ദേശി ച്ചാണ് ഇതു പറഞ്ഞത്. ഇതിനു ശേഷം ചോദ്യകർത്താവ് ഒരു ചോദ്യം കൂടി അനുബന്ധമായി ചോദിക്കുന്നു.

*"എങ്ങനെയാണ് ശരീരത്തോടു കൂടിയ യേശുവിന്റെ ഉയർത്തൽ ഇസ്‌ലാമിൽ കടന്നുകൂടിയത്?*

വളരെ പതുക്കെയാണ് ഈ വിശ്വാസം ഇസ്‌ലാ മിൽ കടന്നുകൂടി യത്. റസൂൽ തിരുമേനിയുടെ കാല ശേഷം മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷ മാണ് ഇത് സംഭവിച്ചത്. ഈ ചോദ്യം വളരെ അർത്ഥവത്തായ ഒരു ചോദ്യമാണ്. വളരെ ശ്രദ്ധാപൂർവ്വം മറുപടി പറയേണ്ട ഒന്നാണ്. റസൂൽ തിരുമേനി(സ:അ)യുടെ ഒരു പ്രവച നത്തിൽ ഭാവിയിൽ ഇബ്നു മറിയം ഇറങ്ങുമെന്ന് പറഞ്ഞിരുന്നു എന്നത് ശരിയാണ്. റസൂൽ തിരുമേനി(സ)യെ പറ്റി വിശുദ്ധ ഖുർആൻ പറയുന്നതും അദ്ദേഹത്തെ 'അല്ലാഹു ഇറക്കി' എന്ന് തന്നെയാണ്. റസൂൽ തിരുമേ നി (സ:അ) ആകാശത്ത് നിന്ന് ഇറ ങ്ങിയതല്ല. ഈ ഭൂമിയിൽ നിന്ന് തന്നെ ജനിച്ചു വളർന്നതാണെന്ന് എല്ലാവർക്കുമറിയാം. ഈ കാര്യം തിരുമേനി (സ:അ) പറയാൻ കാരണം ഭാവിയിൽ തിരുമേനിക്കും ഈ പ്രവ ചനത്തിൽ പറയപ്പെട്ട ഇബ്നുമറിയ മിനും ഇടയിൽ മറ്റൊരാളും പ്രവാച കനായി ഇല്ല. തിരുനബി(സ) എങ്ങനെ ഇറങ്ങിയോ അതേ പ്രകാരം തന്നെ ഇബ്നുമറിയമും ഇറ ങ്ങുമെന്നാണ് ഇതിന്റെ അർത്ഥം. ഇത് ഖുർആന്റെ പ്രയോഗത്തെ സാക്ഷാൽക്കരിക്കുന്നു. ഈസാനബി എന്നത് നൂറ്റാണ്ടുകൾക്ക് മുമ്പുവന്ന ഒരു പ്രവാചകന്റെ പേരാണ്. അദ്ദേഹം യഹൂദികൾക്കായി നസ്റേ

**പുസ്തക പരിചയം**




**പുസ്തകം : ക്രിസ്തുമതം യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്**
**ഗ്രന്ഥ കർത്താ : ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

*പ്രസാധകർ*

**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻ**
**അഹ്മദിയ്യാ ജമാഅത്ത്, ജി. എച്ച്. റോഡ്,**
**കോഴിക്കോട്. വില 60.00**

**കെ. പി. അഹ്മദ്**

# മിത്തിൽ നിന്നും മുക്തനാകുന്ന ക്രിസ്തു

ഏതെൻസിലെ തെരുവീഥിയിലൂടെ അലഞ്ഞുനടന്ന സോക്രട്ടീസ് ഡെൽഫിയിലെ അപ്പോളോദേവന്റെ ക്ഷേത്രത്തിന്റെ ചുവരിൽ കുറിച്ചുവെച്ചത് "നിങ്ങളെത്തന്നെ അറിയുക" എന്നായിരുന്നു! സ്വയം തിരിച്ചറിയാനുള്ള ആഹ്വാനമായിരുന്നു സോക്രട്ടീസിന്റേത്. ഇവിടെ 'ക്രിസ്തുമതം യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്' എന്ന ഗ്രന്ഥത്തിലൂടെ യേശുവിനെ തിരിച്ചറിയാൻ അദ്ദേഹത്തിന്റെ അനുയായികളെത്തന്നെ ഉണർത്തുകയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ദിവംഗതനായ നാലാം ഖലീഫ ഹസ്റത്ത് മീർസാ താഹിർ അഹ്മദ് സാഹിബ്.

പ്രവാചകനായ യേശുവിനെ അതിവർണ്ണനയുടെ അതിപ്രസരം കൊണ്ട് സർവ്വാതിശായിയായ ബിംബമാക്കി പ്രതിഷ്ഠിക്കുകയും, യുക്തിരാഹിത്യത്തിന്റെ പട്ടിൽ പൊതിഞ്ഞ് ഇതിഹാസവൽക്കരിക്കപ്പെടുകയും ചെയ്ത വിമോചനശാസ്ത്രജ്ഞൻമാരെ വിലങ്ങ് വെക്കുന്ന ദൌത്യമാണ് പ്രതിഭാശാലിയായ ഗ്രന്ഥകാരൻ നിർവ്വഹിച്ചിരിക്കുന്നത്. അതോടൊപ്പം; യേശുവിനെ ഉൾക്കൊള്ളാൻ ബാദ്ധ്യസ്ഥരായ ജൂത-ഇസ്ലാം മതാനുയായികൾക്കും മഹാനായ ആ പ്രവാചകന്റെ യഥാർത്ഥചിത്രമെന്താണെന്ന് അദ്ദേഹം വ്യക്തമാക്കിക്കൊടുക്കുന്നു.

യേശുവിന്റെ ജനനം തന്നെ ഒരു പ്രഹേളികയായിരുന്നു! ഒരു സമൂഹത്തിലെ പൌരനായി യേശു അറിയപ്പെട്ടു. അപവാദശരങ്ങൾക്ക് കുറിയായ ആ പ്രവാചകന്റെ ജന്മരഹസ്യത്തിന്റെ ശാസ്ത്രീയതത്വം വിശകലനം ചെയ്യുന്നതുമുതൽ ആഴത്തിലുള്ള ഒരു ഗവേഷണ ഭൂമികയിലേക്കാണ് ഗ്രന്ഥകാരൻ ഇറങ്ങിച്ചെലുന്നത്. ആൺപെൺക്രോമസോമുകളും ലിംഗാവയവങ്ങളും വഹിക്കുന്ന 'ഉഭയലിംഗത്വ'വും പുരുഷ സ്പർശമില്ലാതെ സ്ത്രീയുടെ അണ്ഡം ശിശുവായി രൂപാന്തരം പ്രാപിക്കുന്ന' പാർത്ഥനോജെനിസിസ്' എന്ന പ്രതിഭാസവും ശാസ്ത്രത്തിന്റെ കുഴൽകണ്ണാടിയിലൂടെ ഗ്രന്ഥകാരൻ പരിശോധിക്കുമ്പോൾ, യേശുവിന്റെ ജനനത്തിന്റെ പേരിൽ കെട്ടിപ്പടുത്ത ദിവ്യാത്ഭുവും, ദൈവപുത്ര സങ്കല്പവും, മഹാനായ ആ പ്രവാചകന്റെ മേൽ ചുമത്തപ്പെട്ട ഹീനമായ അപവാദ കഥകളും ഉരുകിപ്പോകുന്നതായി കാണാം! ശാസ്ത്രീയ ഭാവങ്ങളോട് ഒട്ടും പൊരുത്തപ്പെടാതെ പോകുന്ന ക്രൈസ്തവവേദോക്തികളുടെ അപ്രമാദിത്വത്തിന് ഇതു മുഖേന കനത്ത പ്രഹരമാണ് ഗ്രന്ഥകാരൻ ഏല്പിച്ചിരിക്കുന്നത്.

ചരിത്രത്തിന്റെ ഊടുവഴികളിലേക്ക് സഞ്ചരിക്കുന്ന മീർസാ താഹിർ അഹ്മദ് സാഹിബ് ക്രൈസ്തവത പൊക്കിപ്പിടിച്ച ജന്മ പാപ സിദ്ധാന്തത്തിന്റെ അടിത്തറ ഇളക്കുന്നുണ്ട്. ആദാമിന്റേയും ഹവ്വായുടേയും ആദിപാപത്തിന്റെ ഭാരം ചുമക്കാൻ നിരപരാധികളായ മനുഷ്യകുലത്തെ പ്രേരിപ്പിക്കുന്ന ക്രിസ്തീയ നീതിശാസ്ത്ര വൈരുദ്ധ്യങ്ങളെയും പാപം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു എന്ന പരിഹാസ്യമായ വീക്ഷണത്തെയും സരസമായ യുക്തി വിചാരം കൊണ്ട് തലനാരിഴ കീറി അ

ദ്ദേഹം വിമർശന വിധേയമാക്കുന്നു.

ആകാശഭൂമികളുടെ സൃഷ്ടിപ്പും, ആദാമിന്റെ വാരിയെല്ലിൽ നിന്നുള്ള ഹവ്വായുടെ പിറവിയും, പൊടി മണ്ണിൽ തുടങ്ങുന്ന മനുഷ്യോല്പത്തിയും ബൈബിളിൽ വിവരിക്കുന്നതും, എന്നാൽ അതിന് കടകവിരുദ്ധമായ ശാസ്ത്രീയ വിശദീകരണത്തിന്റെ ഞെട്ടിപ്പിക്കുന്ന പൊരുത്തക്കേടുകളും ഗ്രന്ഥകാരൻ സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കുമ്പോൾ ഒരു വസ്തുത നാം കണ്ടെത്തുന്നു. ചോദ്യം ചെയ്യപ്പെടാനാവാത്ത മർദ്ദനാത്മക നയമാണ് ക്രിസ്തുസഭ സ്വീകരിച്ചതെന്നും, യുക്തിയുടെയും പരീക്ഷണത്തിന്റേയും അനുഭവത്തിന്റെയും പിൻബലമില്ലാത്ത 'ഡോഗ്മാറ്റിസ'ത്തിന്റെ പാതയിലൂടെയാണ് സഭ സഞ്ചരിച്ചതെന്നും, അന്ധതയുടെ ഇരുട്ടിന് അറുതി വരുത്താനുള്ള ശ്രമങ്ങളൊന്നും അത് അംഗീകരിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു.

കുരിശു സംഭവാനന്തരം യേശു സ്വർഗ്ഗാരോഹണം ചെയ്തതായും, വീണ്ടും യേശുവിന്റെ പുനരാഗമനം പ്രതീക്ഷിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളെയും, ഈ വിശ്വാസം വെച്ചു പുലർത്തുന്ന മുസ്ലിംകളെയും യഥാർത്ഥ ചരിത്ര സംഭവങ്ങളുടെ അടിയൊഴുക്കുകളിലേക്ക് ഗ്രന്ഥകാരൻ ക്ഷണിക്കുന്നുണ്ട്. ക്രൂശിതനായ യേശുവിന്റെ സാഹസികമായ രക്ഷപ്പെടലും തുടർന്നുള്ള ജീവിതവും ചരിത്ര സാക്ഷ്യങ്ങൾ നിരത്തി അദ്ദേഹം വെളിപ്പെടുത്തുന്നു. ആകാശത്തിൽ നിന്നുള്ള മിശിഹായുടെ രണ്ടാം വരവിൽ കണ്ണുനട്ടിരിക്കുന്ന ക്രിസ്തുമതത്തിന്റെ അസ്തിത്വം തന്നെ ആടി ഉലയുന്ന ശ്രദ്ധേയമായ ഒരു അദ്ധ്യായമാണിത്.

ക്രിസ്തുവിന്റെ ജീവിത കാലത്ത് ഇല്ലാത്ത ത്രിയേകത്വ സിദ്ധാന്തം ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ക്രൂശീകരണത്തിന് ശേഷം രൂപപ്പെട്ടുവന്ന 'ത്രിത്വം' വ്യത്യസ്തമായ മത സാംസ്കാരിക തട്ടകങ്ങളിൽ ജീവിച്ച ദൈവശാസ്ത്രജ്ഞന്മാരും തത്വ ശാസ്ത്ര പണ്ഡിതന്മാരും കെട്ടിച്ചമച്ചുണ്ടാക്കിയ സങ്കീർണ്ണവും വിവാദപരവുമായ ഒരു കൂട്ടിച്ചേർക്കലാണെന്ന് യുക്തിന്യായങ്ങൾ നിരത്തി ഈ കൃതിയിൽ സ്ഥാപിക്കപ്പെടുന്നു.

ഗ്രന്ഥകാരന്റെ പ്രസക്തമായ ചോദ്യം ഒരു മതമെന്ന നിലയിൽ ക്രൈസ്തവ മൂല്യങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ടോ എന്നതാണ്. ഒരു വശത്ത് ത്യാഗത്തിന്റെയും സഹിഷ്ണുതയുടെയും കാരുണ്യത്തിന്റെയും ഗിരിപ്രഭാഷണം നടത്തുമ്പോൾ, മറുവശത്ത് ക്രൂരതയും അടിച്ചമർത്തലും നീതിനിഷേധവും അരങ്ങ് തകർക്കുന്ന സാമ്രാജ്യത്വ കാപട്യങ്ങൾക്ക് ഓശാന പാടാനല്ലെ ക്രിസ്തുമതം പ്രതിജ്ഞാബദ്ധമായിരിക്കുന്നതെന്ന് ഗ്രന്ഥകാരൻ സംശയമുന്നയിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിന്റെയും ഭൗതിക പുരോഗതിയുടെയും മനം മയക്കുന്ന ചിത്രം പ്രദർശിപ്പിച്ച്, ജീർണ്ണതയിൽ തളച്ചിടപ്പെട്ട പൗരസ്ത്യ മത സമൂഹങ്ങളെ ജീവിത സൗഭാഗ്യങ്ങളുടെ പറുദീസയിലേക്ക് ക്ഷണിക്കുന്ന ക്രിസ്തീയ പ്രലോഭനങ്ങളെക്കുറിച്ചും, അതിൽ ആകൃഷ്ടരായി വീണുപോകുന്ന മൂന്നാം ലോക ജനതയെക്കുറിച്ചും ക്രാന്തദർശിയായ ഗ്രന്ഥകാരൻ ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. ഈ അദ്ധ്യായം പാരായണം ചെയ്യുമ്പോൾ യേശുവിന്റെ അദ്ധ്യാപനങ്ങളും ക്രൈസ്തവ മൂല്യങ്ങളും ഇന്ന് നിലവിലുണ്ടോ എന്നും, കാലം കവച്ചു കടന്നപ്പോൾ സൃഷ്ടിക്കപ്പെട്ട മിത്തുകളുടെ മിശ്രിത രൂപമല്ലേ നാമിന്ന് കാണുന്നതെന്നും സ്വാഭാവികമായും തിരിച്ചറിയുന്നതോടൊപ്പം ക്രൈസ്തവർ ഉയർത്തിപ്പിടിക്കുന്ന വിമോചന ശാസ്ത്രത്തിന് വിലങ്ങ് വീഴുന്നതായും മനുഷ്യന്റെ ആത്മാവിൽ ദൈവത്തെ ജനിപ്പിക്കാൻ അതിന് സാദ്ധ്യമല്ലെന്നും നാം കണ്ടെത്തുന്നു!

ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് സാഹിബ് ഇംഗ്ലീഷിലെഴുതിയ Christanity: A Journey From Facts to Fiction എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് "ക്രിസ്തുമതം: യാഥാർത്ഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്"

പ്രതിഭാശാലിയും ആത്മീയ പ്രഭാവിതനുമായ ഒരു മഹാചിന്തകന്റെ ഉയർന്ന നിലവാരം പുലർത്തുന്ന ഈ ഗ്രന്ഥം വിവർത്തനം ചെയ്ത എ. എം. മുഹമ്മദ് സലീം സാഹിബ് പ്രമേയം ഉൾക്കൊള്ളുന്ന സങ്കീർണ്ണമായ താർക്കിക സ്വഭാവത്തിന്റെ ഗൗരവം പൂർണ്ണമായും ആവാഹിച്ചെടുത്തു കൊണ്ടാണ് പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത്. ഭാഷാപരമായ ഒഴുക്കും ലാളിത്യവും സൂക്ഷ്മമായി കയ്യാളിയ അദ്ദേഹം മൊഴിമാറ്റത്തിലും കൈവിടാതെ സൂക്ഷിച്ച ഉയർന്ന രചനാ രീതി ഈ കൃതിയെ പ്രൗഢ ഗംഭീരമാക്കുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻ ക്രിസ്തുമത സിദ്ധാന്തങ്ങൾക്കെതിരെ വെറുമൊരു വിമർശന പഠനം നടത്തുകയല്ല ചെയ്തത്. ദൈവദൂതനായ ജീസസ്സിനെ കുറിച്ച് ബൈബിളിൽ പറഞ്ഞ യഥാർത്ഥ അദ്ധ്യാപനങ്ങൾ കണ്ടെത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിന്റെ അവതാരികയിൽ എ.പി. കുഞ്ഞാമു സാഹിബ് പറഞ്ഞ അഭിപ്രായത്തോടു പൂർണമായും നമുക്ക് യോജിക്കാം. ⌊

---

*(29 -ാം പേജിൽ നിന്ന് തുടർച്ച)*

നിന്ന് ഇറങ്ങിവരുമെന്നും അവരുടെ വിശുദ്ധ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരുന്നു. യേശു ആഗതനായപ്പോൾ അദ്ദേഹം ബനൂഇസ്രായേലിന്ന് മസീഹാണെന്നു വാദിച്ചപ്പോൾ ആ നാട്ടിലെ പരീശമാർ അദ്ദേഹത്തോട് ഏലിയാവിനെക്കുറിച്ചു (ഇൽയാസ് നബി) എവിടെയെന്നു ചോദിച്ചു.അപ്പോൾ ഏലിയാവിന് സദൃശനായിട്ടാണ് യോഹന്നാൻ സ്നാപകൻ (യഹ്യാനബി) വന്നതെന്നു അദ്ദേഹം പ്രതിവചിച്ചു. ആരും ആകാശത്തേക്ക് പോയില്ലെന്നും ആകാശത്തു നിന്ന് ആരും ഇറങ്ങുകയില്ലെന്നും അദ്ദേഹം മനസ്സിലാക്കിക്കൊടുത്തു. പരീശമാർ ചോദിച്ച ചോദ്യം ശരിയാ

*(ശേഷം 34-ാം പേജിൽ)*

# ലേഖനം

(തുടർച്ച)

# ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങളും നമ്മുടെ ഉത്തരവാദിത്തങ്ങളും-2

റാവീൽ ബുഖാറോവ്, റഷ്യ

**ഇംഗ്ലണ്ടിലെ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം (2000 ജൂലൈ)**

അഹ്മദിയ്യത്തിലെ ഖിലാഫത്തിന്റെ വിശദീകരണമായി ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

"തന്റെ സൃഷ്ടികളിൽ ഏറ്റവും ബഹുമതിയർഹിക്കുന്ന തന്റെ ദൂതന്മാരെ എന്നെന്നും ജീവിക്കുന്നവരായിരിക്കാൻ അന്ത്യനാൾ വരെ ജീവിക്കുന്നവരാക്കി നിർത്താൻ അല്ലാഹു ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു, എന്നാൽ ഒരു മനുഷ്യനെ സംബന്ധിച്ചേടത്തോളം അവനെന്നും ജീവിച്ചിരിക്കില്ല. ഈ ലക്ഷ്യത്തോടെയാണ് അല്ലാഹു ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുന്നത്. അതു മുഖേന പ്രവാചകത്വത്തിന്റെ അനുഗ്രഹമില്ലാത്ത അവസ്ഥയിൽ ഒരിക്കലും ലോകം ഉണ്ടാവരുത് എന്നതിനാണത്."

ഖിലാഫത്തിനെക്കുറിച്ചു ചിന്തിക്കുമ്പോൾ പ്രവാചകത്വവും ഖിലാഫത്തും തമ്മിലുള്ള സഹജമായ ബന്ധത്തെക്കുറിച്ചും നാം ചിന്തിക്കുന്നു. വിശ്വാസികളുടെയിടയിൽ പ്രവാചകത്വം സജീവമായി നിലനിർത്താനുള്ള ഒരു മാർഗ്ഗമാണത്. ഒരു സാത്വികനായ ഖലീഫയെ സാത്വികനെന്ന് വിളിക്കുന്നത് അദ്ദേഹം സ്വന്തം നിലയിൽ സംസാരിക്കാതെ ഏറ്റവും വിശ്വസ്തമായ നിലയിൽ നബി (സ) തിരുമേനിയേയും വാഗ്ദത്ത മസീഹി (അ) നേയും പിന്തുടരുന്നതുകൊണ്ടു കൂടിയാണ്. ദൈവത്തിന്റെ വാക്കും പ്രവൃത്തിയും വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഖലീഫമാരുടെ സത്യസന്ധതയുടെ സാന്നിദ്ധ്യം ഉമ്മത്തിൽ പ്രതിഫലിക്കുകയാണ് അതുവഴി ചെയ്യുന്നത്. സത്യഖിലാഫത്തിന്റെ രണ്ടു കാലഘട്ടങ്ങളും പ്രവാചകത്വത്തിന്റെ നടപടിക്രമത്തിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് നബി (സ) തിരുമേനി സ്വയം തന്നെ സാക്ഷ്യം വഹിക്കുന്നു.

അഹ്മദിയ്യത്തിലെ സത്യഖലീഫമാരുടെ ദൈവികമായ അധികാരം നിലകൊള്ളുന്നത് നബി (സ) യുടെ ഈ നിർദ്ദേശത്തിലാണ്. തിരുമേനി പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

"എന്റെയും മാർഗ്ഗദർശനം ചെയ്യപ്പെട്ട ഖുലഫാ ഉ റാശിദീങ്ങളുടെയും കാലടിപ്പാടുകൾ പിന്തുടരുക."

യഥാർത്ഥ ഇസ്ലാമായ അഹ്മദിയ്യത്തിലെ ഖിലാഫത്തിന്റെ അനുഗ്രഹത്തെക്കുറിച്ചു പറയുകയാണെങ്കിൽ നമുക്ക് ഖിലാഫത്ത് നൽകിയത് അല്ലാഹുവാണ്. പ്രവാചകത്വ സാന്നിദ്ധ്യം ഭൂമിയിൽ നിലനിർത്താനുള്ള ആത്മീയവും സാമൂഹ്യവുമായ മാർഗ്ഗമാണത്. ഇസ്ലാമിന്റെ അന്തിമ ലക്ഷ്യം നേടാൻ വിശ്വാസികളിൽ ഐക്യം നിലനിർത്താനും അതിനെ പരിപോഷിപ്പിക്കാനുമാണത്. ആ ലക്ഷ്യമാവട്ടെ ഈ ഭൂമിയിൽ ദൈവത്തിന്റെ ഏകത്വത്തിന്റെ ദർപ്പ ണം സ്ഥാപിക്കലാണ്. യഥാർത്ഥ ഖിലാഫത്ത് ജമാഅത്തിന്റെ സാത്വികതയുടെ തെളിവാണ്. എന്തെന്നാൽ പുതിയ യുഗത്തിന്റെ ഖലീഫ ദൈവത്താൽ നിയമിക്കപ്പെടുന്നത് സാത്വികരുടെ സമിതി മുഖേനയാണ്. അത് സ്വയം തന്നെ ജമാഅത്തിലെ തഖ്വയുടെ നിലവാരം പ്രതിബിംബിപ്പിക്കുന്നു. ദൈവദൃഷ്ടിയിൽ ജമാഅത്തിന്റെ സാത്വികതയുടെ ജീവിക്കുന്ന ഹൃദയമാണ് ഖലീഫ. ഖലീഫയുടെ മാതൃക വിശ്വസ്തതയോടെ പിന്തുടരുന്ന ഓരോ വ്യക്തിയും നബി (സ) തിരുമേനിയുടെ സത്യപാതയാണ് പിന്തുടരുന്നത്. ഖിലാഫത്ത് വ്യവസ്ഥ രണ്ടു പ്രാവശ്യം അനുഗൃഹീതമാണ്. അത് യഥാർത്ഥ ഇസ്ലാമിന്റെ അനുയായികളെ വേർതിരിച്ചു കാണിക്കുന്നു. ഇസ്ലാമിക സന്ദേശത്തിന്റെ സാർവ്വ ലൗകികതയും പരിപൂർണതയും സംശയാതീതമായി തെളിയിക്കുന്നു.

പ്രവാചകത്വ രീതിയിലുള്ള ഖിലാ

ഫത്ത് മറ്റു മതങ്ങളിൽ ഇല്ല. പരിമിതിയില്ലാത്തതും എന്നെന്നും നിലനിൽക്കുന്നതുമായ പ്രവാചകത്വം ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകന്റേതാണ്. തിരുമേനി (സ) സ്വയം തന്നെ മറ്റെല്ലാ ദൈവിക പ്രവാചന്മാരേയും സത്യപ്പെടുത്തുന്നു. ഇസ്‌ലാമിലെ അങ്ങനെയുള്ള ഖിലാഫത്താണ് സാധ്യമായിത്തീർന്നത്. ആത്മീയമായ പരിപൂർണ്ണതക്ക് വേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന മുസ്‌ലിംകൾക്ക് ഉന്നതമായ ആത്മീയ സ്ഥാനം അല്ലാഹു സ്വയം തന്നെ വാഗ്ദാനം ചെയ്തിരിക്കുന്നത് കാരണമാണിത്.

അല്ലാഹു പറയുന്നു:

വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രേ അവർ (വി. ഖു. 4:70)

ഈ അർത്ഥത്തിൽ സത്യ മുസ്‌ലിംകളിൽ ഏറ്റവും പ്രമുഖനായ ആളാണ് ഖലീഫ. അത് അദ്ദേഹത്തിന്റെ മേൽ കനത്ത ഭാരം ചുമത്തുന്നു. ഒരു മുസ്‌ലിം തന്റെ പ്രവൃത്തികൾക്ക് അല്ലാഹുവിനോട് ഉത്തരം പറയേണ്ടവനാണെങ്കിൽ ഖലീഫ തന്റെ പ്രവൃത്തികൾക്കും മുഴുവൻ ജമാഅത്തിന്റെ കാര്യത്തിലും അതിലെ സാത്വികതയുടെ അവസ്ഥയ്ക്കും ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണ്. അതേ സമയം ജമാഅത്തിലെ ഒരംഗത്തിന്റെ കാര്യത്തിൽ ഉത്തരവാദിയല്ല. എന്തെന്നാൽ ഓരോരുത്തരും താന്താങ്ങളുടെ കണക്ക് ബോധിപ്പിക്കേണ്ടതാണ്.

## ഖലീഫയുമായുള്ള ബന്ധം

ഇവിടെ സ്വഭാവികമായും ഖിലാഫത്തിനോടും ഖലീഫയോടും നമുക്കുള്ള ഉത്തരവാദിത്തത്തിന്റെ പ്രശ്നമുദിക്കുന്നു. ഖിലാഫത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യവും അർത്ഥവും മനസ്സിലാക്കുന്നതിൽ നിന്നാണ് നമ്മുടെ ഉത്തരവാദിത്തം പുറത്തേക്കുവരുന്നത്. ഖലീഫയുടെ ദിനേനയുള്ള ഉൾക്കാഴ്ചയുടെ രൂപത്തിൽ പ്രകടമാവുന്ന ദൈവേച്ഛയോടുള്ള അനുസരണവും നമ്മുടെ ഉത്തരവാദിത്തത്തിന് കാരണമാണ്. ഖലീഫ നിയമിക്കപ്പെടുന്നത് ജമാഅത്തിന്റെ ആത്മീയമായ പരിശ്രമങ്ങളെ ശരിയായ പാതയിൽ നയിക്കാനും ജമാഅത്തിന്റെ സൽപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനുമാണ്. അദ്ദേഹത്തിന്റെ ആജ്ഞകളോടുള്ള നമ്മുടെ അനുസരണവും അർപ്പണബോധവും ദൈവത്തിലുള്ള അഗാധ വിശ്വാസത്തിലും ദൈവേച്ഛക്ക് നാം വഴിപ്പെടുന്നതിലും അധിഷ്ഠിതാണ്. ഒരഹ്മദിയും ഖലീഫത്തുൽ മസീഹും തമ്മിലുള്ള ബന്ധം സാധ്യമാവുന്നത് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ യഥാർത്ഥ വിശ്വാസം പ്രകടമാകുന്നത് കാരണമായാണ്. കാലത്തിന്റെ ഇമാമായ ഖലീഫയോട് അഹ്മദികൾക്കുള്ള സ്നേഹാദരവുകളിൽ നിന്നാണ് അത് മുന്നോട്ടുപോകുന്നത്.

സ്നേഹത്തിന്റെ ഈ ബന്ധവും ബന്ധുത്വപരമായ അനുസരണവും ഖലീഫ മുഖേന ഈ ജമാഅത്തിൽ പ്രവേശിക്കുന്നതോടെ ആരംഭിക്കുന്നു. അതിനാൽ ഒരഹ്മദിക്ക് അഹ്മദിയ്യത്തിലെ ഖിലാഫത്തിന്റെ ചട്ടകൂടിലല്ലാതെ മറ്റൊരു ഇസ്‌ലാമിക ദർശനം ഇല്ല. മുസ്‌ലിം എന്ന നിലയിൽ തങ്ങളുടെ കർത്തവ്യങ്ങൾ ആത്മാർത്ഥമായി നിർവ്വഹിക്കാൻ മറ്റൊരു വഴിയുമില്ലെന്നത് സ്വാഭാവികമാണ്. വാഗ്ദത്ത മസീഹിന്റെ ഖിലാഫത്തിലെ ദൈവം നൽകിയ ഘടനയിൽ നിന്നുകൊണ്ട് ഇസ്‌ലാമിലെ ദൈവിക നിയമങ്ങൾക്ക് വിശ്വസ്തതയോടെ കീഴ്വണങ്ങുന്നതിലൂടെയാണത്. ഒരഹ്മദി മുസ്‌ലിം യഥാർത്ഥത്തിൽ മനുഷ്യകുലത്തിന്റെ ഐക്യം ആഗ്രഹിക്കുന്നെങ്കിൽ ആദ്യമായി ജമാഅത്തിലെ ഐക്യം ശക്തിപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും വേണം. അതിന്റെ ദൈവനിയുക്തനായ രക്ഷാകർത്താവാണ് ഖലീഫ.

ഖലീഫയുമായി നാം ബൈഅത്തു ചെയ്യുമ്പോൾ അല്ലാഹുവുമായാണ് നാം ബൈഅത്തു ചെയ്യുന്നത്, അതിനാൽ അഹ്മദിയ്യത്തിലെ ഖിലാഫത്തിനോടുള്ള പ്രതിജ്ഞ ബൈഅത്തിന്റെ പത്തു നിബന്ധനകളാണ്. ഇസ്‌ലാമിലെ ഖിലാഫത്ത് വ്യവസ്ഥിതിയോട് വിശ്വസ്തത പുലർത്തും എന്നതാണ് അതിൽ പ്രധാനം. ജമാഅത്തിന്റെ പരമാധികാരിയായ തലവൻ ഖലീഫയാണ്. അദ്ദേഹവുമായി ചെയ്ത അനുസരണത്തിന്റെ ആത്മീയ കരാർ സാമൂഹ്യമോ ഭൗതികമോ ആയ ഒരു കടപ്പാടിനോടും താരതമ്യപ്പെടുത്താൻ സാധ്യമല്ല. നമ്മുടെ സാത്വികതയെ വർദ്ധിപ്പിക്കലാണ് ഖിലാഫത്തിനോടുള്ള മറ്റൊരു ബാദ്ധ്യത. വിശ്വാസി സമൂഹത്തിന്റെ അടിത്തറയായ തഖ്‌വയില്ലാതെ ഖിലാഫത്തിന് നിലനിൽക്കാൻ സാധ്യമല്ല.

നമ്മുടെ ഉത്തരവാദിത്തങ്ങളിലും കർത്തവ്യങ്ങളിലും ഏറ്റവും പ്രധാനപ്പെട്ടത് ജമാഅത്തിൽ ഐക്യം നിലനിർത്താനുള്ള നമ്മുടെ ബാദ്ധ്യതയാണ്. ഖലീഫയുടെ മേൽനോട്ടവും മാർഗ്ഗദർശനവും കൂടാതെ ഇത് തികച്ചും അസാദ്ധ്യമാണ്. അദ്ദേഹം തന്റെ സ്ഥാനത്തിരുന്നുകൊണ്ട് ജമാഅത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും നല്ലപോലെ അറിയുന്നു. മനുഷ്യസഹജമായ എല്ലാ വാദപ്രതിവാദങ്ങളും ഒഴിവാക്കി ഖലീഫയോട് അനുസരണം പുലർത്തുകയാണ് ജമാഅത്തിൽ ഐക്യം നിലനിർത്താനുള്ള മാർഗ്ഗം. ഭൂമിയിൽ ഇസ്‌ലാമിന്റെ അന്തിമ വിജയം നേടും വിധം പുരോഗതിയും ആത്മീയമായ അഭിവൃദ്ധിയുമാണ് ഐക്യം നിലനിർത്തുന്നതിന്റെ സമ്മാനം. നിരാശയോടെയുള്ള ജീവിതവും ആത്മീയ ദുരിതവുമാണ് സ്പർദ്ധയുടെ പ്രതിഫലം. ഖിലാഫത്തെ റാശിദയുടെ ഈ പുതിയ യുഗത്തിന്റെ പാപങ്ങളിൽ ഗുരുതരമായതാണ് അത്.

ഖിലാഫത്തിന്റെ അനുഗ്രഹത്തിൽ

നയിൽ നാം അദ്ദേഹത്തെ തുടരുമ്പോൾ നാം ഓർക്കുന്നത്, അദ്ദേഹം സ്വയം തന്നെയും പിന്തുടരുന്നത് ലോകാനുഗ്രഹിയായ നബി (സ) തിരുമേനിയെ പിന്തുടർന്ന് വാഗ്ദത്ത മസീഹ് (അ) ചെയ്ത ദുആക്കളാണ് എന്നാണ്. അങ്ങനെ മുഴുവൻ ലോകവും ഖാത്തമുന്നബിയ്യീന്റെ പിന്നിൽ ഐക്യത്തോടെ നിന്ന് അല്ലാഹുവിനോട് ആത്മാർത്ഥമായി ദുആ ചെയ്യുന്നു.

അതിനാൽ നമ്മുടെ പ്രവൃത്തികളും നമ്മുടെ ആത്മാർത്ഥമായ കാലത്തിന്റെ ഇമാമിന്റെ മൂല്യമുള്ളതാവട്ടെ. സ്നേഹത്തോടെയുള്ള ആത്മീയ അനുസരണവും നമ്മുടെ നിസ്ക്കാരത്തിലും പ്രവൃത്തികളിലും ആത്മാർത്ഥമായി അദ്ദേഹത്തെ പിന്തുടരുന്നതു മുഖേനയും മാത്രമേ തിരുനബി (സ) യുടെ സന്ദേശത്തെയും ഖിലാഫത്തെ റാശിദയുടെ അനുഗ്രഹത്തെയും നാം വിലമതിക്കുന്നവരാകൂ. ആ ഖിലാഫത്ത് അവസാന നാൾ വരെ അഭിവൃദ്ധിപ്പെടട്ടെ, ഇൻശാ അല്ലാഹ്.

നമ്മുടെ ചിന്തകളോ, ഉപദേശങ്ങളോ അവതരിപ്പിക്കാൻ ആവശ്യപ്പെടുമെന്നതാണ്. അദ്ദേഹത്തിന്റെ ദൈവപ്രചോദിതമായ ബുദ്ധി അത് സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാം. അദ്ദേഹം അത് സ്വീകരിക്കുകയാണെങ്കിൽ അതു തന്നെ ഒരു അനുഗ്രഹമായിരിക്കും. സ്വീകരിച്ചില്ലെങ്കിൽ അദ്ദേത്തിന്റെ അന്തിമ തീരുമാനം സ്വീകരിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്.

ഖലീഫ ഈ ലോകത്ത് ഒരു പ്രവാചകന്റെ ഉത്തരവാദിത്തങ്ങളാണ് തന്റെ സ്ഥാനത്തിരുന്നു ചെയ്യുന്നത്. അതുകൊണ്ട് അദ്ദേഹത്തോടുള്ള നമ്മുടെ അനുസരണവും ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള നമ്മുടെ ഉത്തരവാദിത്തങ്ങളും നബി തിരുമേനിയോടും അദ്ദേഹം സ്ഥാപിച്ച ഖിലാഫത്തെ റാശിദയോടുമുള്ള നമ്മുടെ അനുസരണം പ്രതിഫലിപ്പിക്കണം.

എന്റെ വിനീതാഭിപ്രായത്തിൽ ആലങ്കാരികമായി ഈ അനുഗൃഹീത ഖിലാഫത്തിന്റെ ഘടനയും ഉത്തരവാദിത്തങ്ങളുടെ സ്തംഭനവും ഹുസൂർ നയിക്കുന്ന ഒരു കൂട്ട പ്രാർത്ഥനയിൽ അവതരിപ്പിക്കപ്പെടുന്ന, മനുഷ്യകുലത്തിന്റെ നന്മക്ക് വേണ്ടിയും ഇസ്‌ലാമിന്റെ സാർവ്വലൗകികമായ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥ സംശയിക്കുന്ന ആൾ ആത്മീയമായി നഷ്ടത്തിലാണ്. ഇത് അഹ്മദിയ്യത്തിന്റെ എന്നല്ല, ഇസ്‌ലാമിക ചരിത്രത്തിൽ നിന്നും വ്യക്തമാണ്. ആദ്യകാലത്തെ ഭിന്നിപ്പിന്റെ ദുഃഖകഥ അല്ലാഹു തന്റെ ഖിലാഫത്തിനൊപ്പമാണ് എന്ന യാഥാർത്ഥ്യത്തിന്റെ ശക്തമായ തെളിവാണ്. എന്തെന്നാൽ അല്ലാഹു ഇഷ്ടപ്പെടുന്നതും അനുശാസിക്കുന്നതും ഐക്യമാണ്. ശരിയായ മാർഗ്ഗദർശനം ലഭിച്ച ഖലീഫക്ക് കീഴിലുള്ള അഹ്മദിയ്യത്തിന്റെ പുരോഗതി ഏത് നിഷ്പക്ഷ ബുദ്ധിക്കും വ്യക്തമാണ്. യഥാർത്ഥ ദൈവത്തിൽ വിശ്വാസമില്ലാത്ത, ആത്മീയമായി ദാഹിക്കുന്ന മുഴുലോകത്തിനും സമീപഭാവിയിൽത്തന്നെ ഇസ്‌ലാം ആശ്ലേഷിക്കുംവിധം അഹ്മദിയ്യത്തിന്റെ പുരോഗതി വിപുലമാകട്ടെ ഇൻശാഅല്ലാഹ്.

നമ്മുടെ ഖലീഫയുടെ വ്യക്തിപരമായ മാതൃക കൊണ്ടും പിതൃതുല്യമായ പ്രോത്സാഹനം കൊണ്ടും ആത്മീയമായ ഉൾക്കാഴ്ചകൊണ്ടും അഗാധമായ ദർശനം കൊണ്ടും അഹ് മദിയ്യാ ഖിലാഫത്തിൽ നാം ദിനേന അനുഗ്രഹിക്കപ്പെടുകയാണ്. നമ്മുടെ കർത്തവ്യം അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിക്കലാണെങ്കിൽ നമുക്കുള്ള പ്രത്യേക നേട്ടം അദ്ദേഹം

*(Review of Religions October/ November 2000)*

**വിവ: കെ. വി ഹസ്സൻകോയ, കോഴിക്കോട്**

*(31 -ാം പേജിൽ നിന്ന് തുടർച്ച)*

യാവണം. ഇവിടെ ഒന്നുകൂടി മനസ്സിലാക്കാനുള്ളത്. വിശുദ്ധ ഖുർആനിൽ അവസാനകാലത്ത് അറബികളല്ലാത്ത മറ്റൊരുകൂട്ടരിൽ റസൂൽ തിരുമേനി(സ:അ) അവതരിക്കുമെന്ന് സൂറ ജുമുആയിൽ പ്രവചനം ഉണ്ട്. അത് മറ്റൊരാളുടെ വരവാണെന്ന് തിരുമേനി മനസ്സിലാക്കിത്തന്നതും പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരമാണ്. ഒരാളുടെ അഭിധാനത്തിനുള്ള പ്രവചനം മറ്റൊരാളിൽ പൂർത്തിയായിക്കൊണ്ടാണ് പ്രവചനം സാക്ഷാത്കരിച്ചത്.

ഈസാനബി(അ) പറഞ്ഞതും തെറ്റാണെന്നു പറയേണ്ടി വരും. ഇതു രണ്ടും ഓരോ സന്ദർഭമാണെന്നു ഓർക്കണം. ഈസാനബി(അ) യുടെ ഈ വിവരണം അവർ കാണുന്നില്ലേ? എന്നിട്ടും ഇതിൽ നിന്നും അവർ പാഠം ഉൾക്കൊള്ളുന്നില്ലല്ലോ? ഇവിടെ ഇൽയാസ് നബി വരുമെന്ന് പ്രവചനം സാക്ഷാത്കരിച്ചത് യഹ്‌യാ നബി വന്നുകൊണ്ടാണ്. പേരിലും മാതാപിതാക്കളുടെ പേരിലും വ്യത്യാസം ഉണ്ടായിട്ടും പ്രസ്തുത പ്രവചനം ശരിയാണെങ്കിൽ റസൂൽ തിരുമേനി(സ) യുടെ പ്രവചനവും ആ അർത്ഥത്തിൽ പൂർത്തി

യിരുന്നു. അപ്പോൾ പ്രവചനത്തിൽ പറഞ്ഞത് സാദൃശ്യാർത്ഥത്തിലായിരുന്നു പൂർത്തിയാകേണ്ടത്. ആ പ്രശ്നം അതോടെ പരിഹരിക്കപ്പെട്ടു. അതു ആർ വിശ്വസിച്ചാലും ഇല്ലെങ്കിലും പരിഹാരമായി. അതേപോലെ ഈ കാലഘട്ടത്തിൽ ഈസാനബി (അ)ക്ക് സദൃശനായി വന്ന ഹദ്റത്ത് അഹ്മദ് (അ) റസൂൽ തിരുമേനി പ്രവചിച്ച വാഗ്ദത്ത മസീഹ് താനാണെന്ന് വാദിച്ചു. ഇതൊരു പുതിയ സമ്പ്രദായമല്ല. മുമ്പു കഴിഞ്ഞുപോയ സമ്പ്രദായമാണ്. ഇവിടെ ഹദ് അഹ്മദ് (അ) തെറ്റു പറഞ്ഞെങ്കിൽ

**ലേഖനം**

# ഈസാ നബി(അ)യുടെ പുനരാഗമനം ഖുർആന് വിരുദ്ധം

അബ്ദുല്ലാഹിമാസ്റ്റർ,
കൊടിയത്തൂർ

**ഈസാനബി (അ) യെ ക്രിസ്ത്യാനികൾ ആരാധിച്ചിരുന്ന വിവരം മരിച്ചുകഴിഞ്ഞ അദ്ദേഹം അറിഞ്ഞിരുന്നില്ല. വിചാരണനാളിൽ അദ്ദേഹം ഇക്കാര്യം ഏറ്റുപറയുമെന്ന് ഖുർആൻ പറയുമ്പോൾ. ഈസാനബി ഭൂമിയിൽ തിരിച്ചുവന്ന് ക്രിസ്ത്യാനികൾ തന്നെ ആരാധിക്കുന്നത് കാണുമെന്ന് പറയുന്നത് വൈരുദ്ധ്യമല്ലേ.**

ഈസാനബി(അ)യെക്കുറിച്ച് ക്രൈസ്തവ മതവിഭാഗങ്ങളും, മുസ്‌ലിംകളിലെ തന്നെ അവാന്തരവിഭാഗങ്ങളും വെച്ചുപുലർത്തുന്ന അന്ധവിശ്വാസങ്ങൾ വിവരണാതീതമാണ്. മുസ്‌ലിംകൾ ഈസാനബി(അ)യെ കുറിച്ചുള്ള സത്യസന്ധമായ വിശ്വാസം വിശുദ്ധ ഖുർആനിൽ നിന്നാണ് സ്വീകരിക്കേണ്ടത് എന്നതിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ മുസ്‌ലിം ഭൂരിപക്ഷം സത്യം ഗ്രഹിക്കുവാൻ വിശുദ്ധ ഖുർആൻ വിവരണങ്ങളെ ആശ്രയിക്കുന്നതിന് പകരം വെറും കെട്ടുകഥകളെ പിൻപറ്റി അന്ധവിശ്വാസങ്ങളെ മുറുകെ പിടിക്കുന്ന അതീവ ദുഃഖകരമായ കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. മുസ്‌ലിം പണ്ഡിത നേതാക്കളാണ് ഇതിന് നേതൃത്വം വഹിക്കുന്നത്. ഈസാനബി(അ)യുടെ തിരിച്ചുവരവിനെതിരെ ഖുർആൻ നൽകുന്ന താക്കീതുകളാണ് ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയം. വിശുദ്ധ ഖുർആൻ എന്തു പറയുന്നു. മുസ്‌ലിം ഭൂരിപക്ഷം എന്ത് വിശ്വസിക്കുന്നു എന്ന് പരിശോധിക്കാം.

ഈസാനബി(അ) അവസാനകാലത്ത് രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ച് ഡമാസ്കസിലെ വെള്ള മിനാരത്തിൽ ഇറങ്ങി സുബ്ഹ് നമസ്കരിച്ചശേഷം മുസ്‌ലിംകളോടൊപ്പം ദജ്ജാലിനെ പിന്തുടർന്ന് ബാബുലുദ്ദിൽ വെച്ച് സ്വന്തം കൈകൊണ്ട് വെട്ടിക്കൊല്ലും. പിന്നീട് ക്രൈസ്തവരെ അഭിമുഖീകരിച്ച് താൻ ദൈവപുത്രനല്ല, തന്നെ ക്രൂശിക്കുകയോ, താൻ കുരിശിൽ വെച്ച് ശാപമൃത്യു വരിക്കുകയോ, താൻ യാതൊരുത്തന്റെയും പാപത്തെ പരിഹരിക്കുന്ന പ്രായശ്ചിത്തമാവുകയോ ഉണ്ടായിട്ടില്ലെന്ന് തുറന്ന് പ്രഖ്യാപിച്ച് ക്രൈസ്തവ മതത്തിന്റെ അടിത്തറ തകർത്ത് ക്രൈസ്തവർക്ക് മാർഗ്ഗദർശനം നൽകി ഇസ്‌ലാമിനെ വിജയിപ്പിക്കും എന്നും മറ്റുമാണ്. അബുൽഅഅ്ലാ മൗദൂദി സാഹിബിന്റെ ഖത്ത മുന്നുബുവ്വത്തിലെ വിവരണമാണ് മുകളിൽ ഉദ്ധരിച്ചത്.

ഹദീസുകളുടെ മാത്രം അടിസ്ഥാനത്തിലാണ് ഈസാനബിയുടെ തിരിച്ചുവരവ് സ്ഥാപിച്ചിരിക്കുന്നത് എന്നും മൗദൂദി സാഹിബ് ഖത്തമുന്നുബുത്തിൻ സമർത്ഥിക്കുന്നു. ഹദീസുകൾ ഖുർആനോടു യോജിക്കുന്ന വിധം വ്യാഖ്യാനിക്കേണ്ടതിനുപകരം വാച്യാർത്ഥം നൽകിയത് കൊണ്ടുണ്ടായ അബദ്ധമാണ് ഈ ദുരവസ്ഥയിൽ സമുദായത്തെ എത്തിച്ചിരിക്കുന്നത്. ഈസാനബി(അ)യുടെ തിരിച്ചുവരവ് സംബന്ധിച്ചുള്ള ക്രൈസ്തവ വിശ്വാസം തെറ്റാണെന്ന് ഖുർആൻ ആവർത്തിച്ച് വ്യക്തമാക്കുമ്പോഴും മുസ്‌ലിംകളും ക്രൈസ്തവരോടൊപ്പം ചേർന്ന് ഈസാനബി തിരിച്ച്

വരുമെന്നാണ് വിശ്വസിക്കുന്നതും പ്രചരിപ്പിക്കുന്നതും. വിശുദ്ധ ഖുർആൻ ഈ ക്രൈസ്തവ വിശ്വാസത്തെ എങ്ങനെ ഖണ്ഡിക്കുന്നു എന്ന് പരിശോധിക്കാം.

ക്രൈസ്തവ വിശ്വാസവും, മുസ്‌ലിംകളുടെ വിശ്വാസവും മൗദൂദി സാഹിബ് വിവരിച്ചത് പോലെ ഈസാനബി(അ) അവസാനകാലത്ത് ഭൂമിയിൽ തിരിച്ച് വന്നു മാർഗ്ഗദർശനം നൽകി എല്ലാ ജനവിഭാഗങ്ങൾക്കും മോക്ഷപ്രാപ്തി നൽകും എന്നും ക്രൈസ്തവരുടെ ത്രിയേകത്വ വിശ്വാസത്തിന്റെ പൊള്ളത്തരം വ്യക്തമാക്കി, താൻ ദൈവമോ, ദൈവപുത്രനോ അല്ലെന്നും തന്നെ ആരാധിക്കരുതെന്നും, തന്നെ വിളിച്ച് പ്രാർത്ഥിക്കരുതെന്നും വ്യക്തമാക്കി ക്രൈസ്തവ വിശ്വാസത്തി ന്റെ അടിത്തറ തന്നെ തകർക്കും (ഖത്തമുന്നുബുവ്വത്ത് പേ 47) എന്നും മറ്റുമാണ്. ഇതിനെപറ്റി വിശുദ്ധ ഖുർആൻ എന്ത് പറയുന്നു എന്ന് പരിശോധിക്കാം. അന്നഹ്ൽ 36-ാം വചനം.

ഈ ലോകത്ത് അല്ലാഹുവിന്ന് പങ്കാളികളെ നിശ്ചയിച്ചിരുന്നവർ തങ്ങളുടെ കൽപിത പങ്കാളികളെ (മഹ്ശറയിൽ വെച്ച്) കാണുമ്പോൾ പറയും. നാഥാ നിന്നെ വെടിഞ്ഞു ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന പങ്കാളികൾ ഇവരാകുന്നു. അതിന് ആ പങ്കാളികൾ അവരോട് തുറന്നു ഉത്തരം പറയും നിങ്ങൾ കള്ളം പറയുന്നവരാകുന്നു.

ഇതിന്റെ വ്യാഖ്യാനത്തെക്കുറിച്ച് 83ൽ മൗദൂദി സാഹിബ് വിശദീകരിക്കുന്നു. ആരാധ്യർ പറയും "നിങ്ങൾ അല്ലാഹുവിനെ വിട്ട് ഞങ്ങളോട് പ്രാർത്ഥിക്കണമെന്ന് ഒരിക്കലും ഞങ്ങൾ പറഞ്ഞിട്ടില്ല. നിങ്ങളുടെ ഇത്തരം പ്രവൃത്തികളെക്കുറിച്ച് ഞങ്ങൾ സംതൃപ്തരുമായിരുന്നില്ല. എന്നല്ല നിങ്ങൾ ഞങ്ങളെ വിളിച്ചു പ്രാർത്ഥിച്ചിരുന്നുവെന്ന വസ്തുത തന്നെ ഞങ്ങൾ അറിഞ്ഞിട്ടില്ല. ഞങ്ങളെ വിളി കേൾക്കുന്നവരും, പ്രാർത്ഥനക്ക് ഉത്തരം നൽകുന്നവരും, വിഷമങ്ങൾ അകറ്റുന്നവരുമാക്കി കൽപിച്ചിരുന്നുവെങ്കിൽ അത് കളവ് മാത്രമാണ്. (തഫ്ഹിം പേ. 519).

ഈ ആയത്തിലും വ്യാഖ്യാനത്തിലും സമർത്ഥിച്ചിരിക്കുന്ന എല്ലാ ആരാധ്യരും തങ്ങളെ ആരാധിച്ചിരുന്നതിനെ അറിഞ്ഞിട്ടേ ഇല്ലെന്ന് പറഞ്ഞ് നിഷേധിക്കും എന്നാണ്. ഇതേ ആശയം സുറയുനുസിലും വ്യക്തമാക്കുന്നു.

അവരുണ്ടാക്കിയ പങ്കാളികൾ പറയും. നിങ്ങൾ ഞങ്ങൾക്ക് ഇബാദത്ത് ചെയ്തിരുന്നില്ല. നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ അല്ലാഹു മതി. (നിങ്ങൾ ഞങ്ങൾക്ക് ഇബാദത്ത് ചെയ്തിരുന്നുവെങ്കിൽതന്നെ) ആ ഇബാദത്തിനെക്കുറിച്ച് ഞങ്ങൾ തികച്ചും അശ്രദ്ധരായിരുന്നു. (തഫ്ഹിം. പേ. 260).

ഈ ആയത്തുകളുടെ വ്യാഖ്യാനകുറിപ്പിൽ മൗദുദി സാഹിബ് വ്യാഖ്യാനിക്കുന്നത് കാണുക. "അതായത് ഇഹലോകത്ത് ദേവന്മാരും ദേവികളും ആയി കരുതി പൂജിക്കപ്പെട്ടിട്ടുള്ള മലക്കുകൾ, സാക്ഷാൽ ദൈവത്തിന് മാത്രം വകവെച്ച് കൊടുക്കേണ്ട ദൈവികാവകാശങ്ങൾ അവന്റെ പങ്കാളികൾ എന്ന നിലയിൽ വകവെച്ച് കൊടുക്കപ്പെട്ടിട്ടുള്ള ഭൂതങ്ങൾ, പ്രേതങ്ങൾ, പൂർവ്വപിതാക്കൾ, നബിമാർ, ഔലിയാക്കൾ, ശുഹദാക്കൾ മുതലായ എല്ലാവരും അവരുടെ ആരാധകരോട് അവിടെ തുറന്നു പറയും. "നിങ്ങൾ ഞങ്ങളെ ആരാധിക്കുന്ന വിവരം തന്നെ ഞങ്ങൾക്കറിയില്ലായിരുന്നു. (തഫ്ഹീം പേ. 262).

നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച ഖുർ ആൻ വിവരണത്തിൽ അമാനി മൗലവി സാഹിബ് ഈ ആയത്തുകളുടെ വ്യാഖ്യാനം കൊടുത്തത് വായിക്കുക. "നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ല. അഥവാ ഞങ്ങൾ അതിനു കൽപിക്കുകയോ, അനുവദിക്കുകയോ അതറിയുകയോ ചെ യ്തിട്ടില്ല. ഇതിന് അല്ലാഹു സാക്ഷിയാണ് (അമാനി വ്യാഖ്യാനം പേ 1401).

സൂറ:മറിയം 81, 82 ആയത്തുകളുടെ വ്യാഖ്യാനത്തിൽ മൗദൂദി സാഹിബ് വിവരിക്കുന്നത് കൂടി വായിക്കുക. "ഞങ്ങളൊരിക്കലും ഇവരോട് ഞങ്ങളെ ആരാധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഈ വിഡ്ഢികൾ ഞങ്ങളെ ആരാധിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന വിവരം പോലും ഞങ്ങളറിഞ്ഞിരുന്നില്ല എന്ന് ബഹുദൈവാരാധ്യർ പറയുമെന്നർത്ഥം (തഫ്ഹിം പേ 78. വ്യാഖ്യാനകുറിപ്പ് 50).

ബഹുദൈവാരാധ്യർ ആരാധനയെ നിഷേധിക്കുക തന്നെ ചെയ്യും എന്ന് ഖുർആൻ ആയത്തിൽ വ്യക്തമാക്കിയിരിക്കുന്നത് നാം കണ്ടു. വ്യാഖ്യാനങ്ങളിൽ അബുൽ അഅ്ലാമൗദൂദി സാഹിബും, അമാനി മൗലവി സാഹി ബും 'ആരാധ്യർ ആരാധിക്കുന്ന വിവരമേ അറിയില്ലെന്ന് പ്രഖ്യാപിക്കും' എന്നതും നാം വായിച്ചു. ഇനി നമുക്ക് പരിശോധിക്കാനുള്ളത് ഈസാനബി(അ) ഈ ആരാധ്യരിൽ ഉൾപ്പെടാതിരിക്കുമോ ഇല്ലെ എന്നത് മാത്രമാണ്. മഹ്ശറയിൽ വെച്ച് ബഹുദൈവാരാധകരായ ക്രൈസ്തവരുടെ തെറ്റായ വിശ്വാസങ്ങളെയും, ആരാധനകളെയും അവരെ ബോധ്യപ്പെടുത്തുന്ന സന്ദർഭം ഇല്ലാതെ അവരെ അങ്ങനെ നരകശിക്ഷക്ക് വിധിക്കും. നിശ്ചയമായും ഈസാനബിയും ക്രൈസ്തവരുടെ മുഖത്ത് നോക്കി നിങ്ങൾ എന്നെ ആരാധിച്ചിരുന്നതോ, വിളിച്ചു പ്രാർത്ഥിച്ചിരുന്നതോ, ദൈവപുത്രനാക്കിയതോ ഒന്നും ഞാനറിഞ്ഞിട്ടേ ഇല്ലെന്നു പറയും എന്ന് വിശ്വസിക്കൽ മുസ്‌ലിംകൾക്ക് നിർബന്ധമാണ്. വിശുദ്ധ ഖുർആൻ വിവരിക്കുന്ന പ്രകാരം തന്നെ സംഭവിക്കുമെങ്കിൽ മൗദൂദി സാഹിബ് ഖത്തമുന്നുബവ്വത്തിൽ, ഈസാനബി(അ) ഇറങ്ങി വന്ന് ക്രൈസ്തവരെ അഭിമുഖീകരിച്ച് താൻ ദൈവപുത്രനല്ല, തന്നെ ആരും ക്രൂശിക്കുകയോ, താൻ യാതൊരു ത്തന്റെയും പാപത്തെ പരിഹരിക്കുന്ന പ്രായശ്ചിത്തമാവുകയോ ഉണ്ടായിട്ടില്ലെന്ന് തുറന്ന് പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് സമർത്ഥിച്ചി

*(ശേഷം 41-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# ഡാവിഞ്ചികോഡിന്റെ നാനാർത്ഥങ്ങൾ

ക്രിസ്തുസഭ വേശ്യയും പാപിനിയുമായി കരുതുന്ന മഗ്ദലന മറിയം യേശുവിന്റെ തമസ്കരിക്കപ്പെട്ട ഭാര്യയാണെന്ന പ്രമേയത്തെ ആധാരമാക്കി ഡാൻ ബ്രൗൺ എന്ന അമേരിക്കക്കാരൻ രചിച്ച നോവലാണ് 'ഡാവിഞ്ചികോ ഡ്.' ആ ബന്ധത്തിലുണ്ടായ സന്തതി പരമ്പര ഇപ്പോഴും നിലനിൽക്കുന്നുവെന്ന് പറയുന്ന നോവൽ ഉയർത്തിയ വിവാദ കൊടുങ്കാറ്റ് ഇതുവരെ കെട്ടടങ്ങിയിട്ടില്ല. നോവലിന്റെ ചലച്ചിത്ര പ്രദർശനത്തിന് ഇന്ത്യാ ഗവൺമെന്റ് അനുമതി കൊടുത്തതോടെ വിവാദങ്ങൾ ഇവിടെയും കത്തികയറുകയാണ്.

ഇന്ത്യാ ഗവൺമെന്റ് ഈ ചലച്ചിത്രത്തിന് അനുമതി നൽകിയ രീതി വിമർശന വിധേയമായിട്ടുണ്ട്. *'കത്തോലിക്കാ ബിഷപ്പ് കോൺഫറൻസ് ഓഫ് ഇന്ത്യ'* എന്ന ക്രിസ്തീയ പുരോഹിത സംഘടന ചലച്ചിത്രത്തിന്റെ പ്രിവ്യൂ നടത്തി അവരുടെ സമ്മതം വാങ്ങിയതിന് ശേഷമാണ് ഫിലിം ബോർഡ് പ്രദർശനാനുമതി നൽകിയത്. ഒരു സെക്കുലർ രാജ്യത്ത് ഗവൺമെന്റിന്റെ സ്വന്തം പൊതുമാനദണ്ഡങ്ങൾക്കനുസൃതമായിട്ടല്ലാതെ മതസംഘടനകളുടെ അനുവാദം വാങ്ങി പുസ്തകങ്ങളും കലാവിഷ്കാരങ്ങളും പ്രദർശിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നത് ജനാധിപത്യത്തിനും നീതിക്കും ചേർന്ന ഒരു സമ്പ്രദായമല്ല. സഭ്യതക്കും മാന്യതക്കും നിരക്കുന്ന രീതിയിൽ യേശുവിനെ സംബന്ധിക്കുന്ന വിവരങ്ങളും സർഗ്ഗ സൃഷ്ടിയും പൊതുജനങ്ങൾക്കറിയണമെങ്കിൽ സഭയുടെ സമ്മതം വാങ്ങണമെന്നുള്ള രീതി ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്നെതിരല്ലേ? യേശുവിനെ സംബന്ധിച്ച ക്രിസ്തുസഭയുടെ വിശ്വാസങ്ങൾക്ക് വിരുദ്ധമായ അഭിപ്രായം പുലർത്തുന്ന മറ്റൊരു മതസമുദായമാണ് മുസ്‌ലിംകൾ. അവരുടെ ഭാഗത്തുനിന്നുള്ള മതപരമായ രചനകൾക്കും ആവിഷ്കാരങ്ങൾക്കും ഇത്തരം നിബന്ധനകളുണ്ടാകുമോ? ഉൽപന്നങ്ങൾക്ക് പാറ്റന്റെടുക്കുന്നത് പോലെ മതസംഘടനകൾക്ക് ദിവ്യപുരുഷന്മാരെ പാറ്റന്റ് ചെയ്ത് കുത്തകാവകാശം നൽകുന്ന രീതി ഒരു പ്രബുദ്ധ സമൂഹത്തിന് ചേർന്നതല്ല.

ക്രിസ്തുവിനെ സംബന്ധിക്കുന്ന വെളിപ്പെടുത്തലുകളും, ചരിത്രസത്യങ്ങളും കലാവിഷ്കാരങ്ങളുമെല്ലാം പലപ്പോഴും വിവാദമാവാറുണ്ട്. യേശുവിനെ പറ്റി സഭ വെച്ചു പുലർത്തുന്ന സന്നിഗ്ദതകളും വൈകല്യങ്ങളും നിഗൂഢതകളും നിറഞ്ഞ വിശ്വാസങ്ങളാണ് ഇതിന് കാരണം. മാനുഷതയുടെ മുദ്രകൾ മായ്ച്ച് കളഞ്ഞ് അതിശയങ്ങളുടേയും അത്ഭുത പ്രവൃത്തികളുടെയും അലൗകിക ഭൂമികയിൽ ദൈവ പുത്രൻ എന്ന ഇതിഹാസ പരിവേഷവും ചാർത്തി ക്രിസ്തുവിനെ സഭ പൊയ്ക്കാലുകളിലാണ് നിർത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ സ്ത്രീ ബന്ധങ്ങൾ വിവാദമാവുന്നതിങ്ങിനെയാണ്. ഈ സങ്കല്പത്തിലെ ശാസ്ത്രീയവും യുക്തിപരവുമായ സാധുതയും ദാർശനികവും ദൈവശാസ്ത്രപരവുമായ പ്രസക്തിയും അവിടെ നിൽക്കട്ടെ, മനുഷ്യനല്ലാത്ത ഒരു ജന്മത്തെക്കൊണ്ട് ഭൂമിയിൽ മനുഷ്യനെന്താണ് പ്രയോജനം? മനുഷ്യയുക്തിയുടെ ലളിതമായ ഈ ചോദ്യത്തിന് പോലും ക്രിസ്തുമതത്തിൽ നിന്ന് ഉത്തരം പ്രതീക്ഷിക്കേണ്ടതില്ല. ദൈവപുത്രൻ എന്ന ആ അമാനുഷ ജന്മം കാണിക്കുന്ന പ്രവൃത്തികളൊന്നും മനുഷ്യരായ നമുക്ക് അനുകരിക്കാനാവില്ല എന്ന് വരുമ്പോൾ ക്രിസ്തു എങ്ങിനെ നമ്മുടെ ജീവിത മാതൃകയാകും? ഇനി അദ്ദേഹം ദൈവമാണെങ്കിൽ അദ്ദേഹത്തിൽ പ്രകടമായി കാണുന്ന മാനുഷിക ദൗർബല്യങ്ങൾ ദൈവ മഹത്വത്തെ കളങ്കപ്പെടുത്തുകയും വിവാദങ്ങളുയർത്തുകയും ചെയ്യും. പകുതി ദൈവവും പകുതി മനുഷ്യനും ചേർന്നുള്ള ഈ കൂട്ടുകച്ചവടം കൊണ്ട് ദാർശനിക നഷ്ടമല്ലാത്ത ആത്മീയ ലാഭമൊന്നുമില്ല. ദൈവത്തിന് വേണ്ടി മഹത് ത്യാഗങ്ങൾ വരിച്ച യേശു എന്ന മനുഷ്യന്റെ മനുഷ്യപ്രചോദനാത്കമായ പവിത്ര ജീവിതത്തെ നിർജ്ജീവമാക്കുകയാണ് ഈ ഇതിഹാസവത്ക്കരണത്തിന്റെ ഫലം.

നമുക്ക് ഡാവിഞ്ചികോഡിലേക്ക് തിരിച്ചുപോകാം. ഒരു മൂന്നാം കിട

ക്രൈംത്രില്ലറിന്റെ വായനാരസവും ഡിറ്റക്ടീവ് നോവലിന്റെ ഉദ്വേഗങ്ങളും കോർത്തിണക്കി നോവൽ ജനപ്രിയമാക്കാൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുണ്ട്. നോവലിൽ ജൂതസ്പർശമുള്ള വ്യക്തമായ ചില രാഷ്ട്രീയ അജണ്ടകളുന്ന് വ്യക്തം. യേശു മഗ്ദലന മറിയയെ വിവാഹം കഴിച്ചു എന്ന മഹാരഹസ്യം സൂക്ഷിക്കുന്ന 'പ്രയറി ഓഫ് സിയോൺ' എന്ന നിഗൂഢാചാരങ്ങളുള്ള രഹസ്യ സംഘടനയെ ആധാരമാക്കിയാണ് നോവൽ പുരോഗമിക്കുന്നത്. ഒരു കൊലപാതകം നടത്തി രഹസ്യരേഖകളുമായി കടന്നുകളയുന്ന രണ്ടുപേരെ പോലീസ് തിരയുന്നതാണ് കഥയുടെ ചുരുക്കം. അഞ്ഞൂറോളം പേജുകളുള്ള നോവലിൽ 24 മണിക്കൂർ നേരത്തെ സംഭവപരമ്പരകളുടെ വിവരണമാണ്. അതിനിടക്ക് ലാങ്ങ്ടൺ, സോഫി, ബ്രിട്ടീഷ് ചരിത്രകാരനായ ലീ ടിബിങ്ങ് പ്രഭു എന്നിവർ ചേർന്ന് നടത്തുന്ന ചർച്ചകളിലാണ് ക്രിസ്തുമതത്തിനെതിരെയുള്ള രൂക്ഷ വിമർശനങ്ങൾ കടന്നുവരുന്നത്. നിഗൂഢ പ്രതീകങ്ങളും ഗൂഢഭാഷയുമുപയോഗിക്കുന്ന ഫ്രീമേസൻ (Freemason) എന്ന രഹസ്യ സംഘടനയുടെ ഒരു പതിപ്പായി നമുക്ക് പ്രയറി ഓഫ് സിയോ ണെ കാണാവുന്നതാണ്. ഫ്രീമേസൺ അദൃശ്യമായ ജൂത നിയന്ത്രിത സംഘടനയും സോളമന്റെ കാലം മുതൽ അടിവേരുള്ളതുമാണ്. കത്തോലിക്കാ സഭയുടെ ബദ്ധവൈരികളാണ് ഫ്രീമേസൺ. കത്തോലിക്കാ സഭയുടെ യേശുവിനെ സംബന്ധിച്ച വിശ്വാസത്തിന്റെ കടക്കൽ കത്തിവെക്കുന്നതാണ് നോവലിലെ പ്രയറിയുടെ വിശ്വാസങ്ങൾ. പ്രയറി സൂക്ഷിക്കുന്ന യേശുവിനെപറ്റിയുള്ള രഹസ്യവിവരങ്ങൾ യേശുവിനെ യഹൂദ പാരമ്പര്യത്തിലേക്ക് പുനപ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് വ്യക്തം. യഹൂദ രാജാവായ ദാവീദിന്റെ വംശപരമ്പരയിലെ യേശുവും ബഞ്ചമിൻ രാജഗൃഹത്തിലെ മഗ്ദലനമറിയയും തമ്മിലുള്ള വിവാഹത്തിൽ ജനിക്കുന്ന സാറ എന്ന കുഞ്ഞും, ആ കുഞ്ഞിന്റെ പാരമ്പര്യത്തിലുണ്ടാകുന്ന മെറോവിഞ്ചിയൻ (Merovingian) രാജവംശത്തെപറ്റിയും ഈ നോവലിൽ കാണാം. പിന്നീട് ചരിത്രത്തിൽ നിന്നും പിൻ വലിഞ്ഞ ആ രാജപരമ്പരയുടെ ജീവിച്ചിരിക്കുന്ന അനന്തരാവകാശിയാണ് ഡാവിഞ്ചികോഡിലെ നായികയും 'രാജകുമാരി' എന്ന അഭിധാനവുമുള്ള സോഫി നെവേ. കത്തോലിക്കാ സഭയെ പ്രതിസന്ധിയിലാക്കിക്കൊണ്ടുള്ള യഹൂദ വംശീയ മേന്മയുടെ നിഗൂഢ പ്രഖ്യാപനങ്ങളാണ് ഇതെന്ന് നോവൽ വായനക്കാരൻ തിരിച്ചറിയേണ്ടതുണ്ട്. യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിലൊരാളായ വിശുദ്ധ പത്രോസ് എന്ന പാറയിലാണല്ലോ കത്തോലിക്കാ സഭ പണിതിരിക്കുന്നത്. അതിനു വിരുദ്ധമായി യേശു മഗ്ദലന എന്ന സ്ത്രീയെയാണ് തന്റെ അനന്തരാവകാശിയായി പ്രഖ്യാപിച്ചതെന്നും നോവൽ സൂചിപ്പിക്കുന്നു. കത്തോലിക്കാ സഭയുടെ സ്ത്രീവിരുദ്ധ നിലപാടുകൾക്കും പുരുഷമേധാവിത്വത്തിനുമെതിരെ നിരവധി പ്രതിപാദനങ്ങളുള്ള നോവൽ, യൂറോപ്പിൽ പ്രബലമായ സ്ത്രീസ്വാതന്ത്ര്യവാദികളായ ഫെമിനിസ്റ്റുകളെ ആവേശം കൊള്ളിച്ച് കൈയിലെടുക്കാൻ മഗ്ദലന മറിയമിനെ കേന്ദ്രമാക്കി നാരീപവിത്രത (Sacred Feminine) എന്ന പൂജാവിധിയുടെ ദിവ്യത്വം വളരെ വാഴ്ത്തി പറയുന്നതും കത്തോലിക്കാ സഭയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ജൂത പ്രയോഗങ്ങളാണെന്ന് മനസ്സിലാക്കാം. നോവലിലെ അവസാനം പ്രയറി ഓഫ് സിയോൺ സൂക്ഷിക്കുന്ന രഹസ്യത്തിൽ ബ്ലെയ്ഡിന്റേയും ചാലീസിന്റെയും (തിരുകാസ) പ്രതീകം D, D എന്നീ ചിഹ്നങ്ങളാണെന്നും അത് രണ്ടും കൂട്ടിയോജിപ്പിച്ചാൽ ജൂത രാജാവായ ദാവീദിന്റെ അടയാളമായ പഞ്ചകോൺ നക്ഷത്രം(☆) ലഭിക്കുമെന്നുമുള്ള വെളിപ്പെടുത്തലും ഈ നോവലിലെ ജൂത സ്തുതി വെളിപ്പെടുത്തുന്നു. നോവലിന് ലോകമാദ്ധ്യമങ്ങൾ നൽകുന്ന അമിത പ്രാധാന്യവും പ്രചാരണവും യഹൂദികളുടെ കരവിരുതാവാനെ വഴിയുള്ളൂ.

നോവലിൽ ഒളിഞ്ഞും തെളിഞ്ഞും കാണുന്ന യഹൂദ താല്പര്യങ്ങളും അവരുടെ നിഗൂഢ രാഷ്ട്രീയ അജണ്ടയും ഈ നോവലിലുണ്ടെന്ന് അംഗീകരിച്ചാൽ തന്നെ, ചില ചരിത്ര യാഥാർത്ഥ്യങ്ങളിലൂന്നികൊണ്ടാണ് ക്രിസ്തുമതത്തിനെതിരെ ഇതിൽ വിമർശനമുന്നയിക്കുന്നത് എന്ന സത്യം അനിഷേധ്യമാണ്. ഇത് ക്രിസ്തുമതം കെട്ടിപടുത്ത അടിത്തറയുടെ ദാർശനികവും ചരിത്രപരവുമായ ദൗർബല്യങ്ങൾ വ്യക്തമാക്കുന്നു. ആ യാഥാർത്ഥ്യങ്ങളിലൊന്നാണ് ക്രിസ്തു വിവാഹിതനായിരുന്നു എന്ന മഹാസത്യം. ബൈബിളിലെ മറ്റെല്ലാ മതപുരുഷന്മാർക്കും പുണ്യാത്മാക്കൾക്കും വൈവാഹിക ജീവിതം അവരുടെ ആത്മീയ ജീവിതത്തിന് മാറ്റു കൂട്ടുമ്പോൾ യേശുവിൽ മാത്രം അത് അപകീർത്തികരവും വിവാദവുമുണ്ടാക്കുന്നത് യേശു മനുഷ്യനാകാത്തത് കൊണ്ടാണ്.

ഡാവിഞ്ചി കോഡ് ആരംഭിക്കുന്നത് ഒരു കൊലപാതകത്തോടെയാണ്. ക്രിസ്തുവിന്റെ വിവാഹരഹസ്യം സൂക്ഷിക്കുന്ന പ്രയറി ഓഫ് സിയോൺ എന്ന നിഗൂഢ സംഘടനയുടെ ഗ്രാന്റ് മാസ്റ്ററും മോണോലിസാ, വീനസ് ദെ മിലൊ എന്നീ അമൂല്യ കലാസൃഷ്ടികൾ സൂക്ഷിച്ച പ്യാരീസിലെ ലുവ്റ് മ്യൂസിയത്തിലെ ക്യൂറേറ്ററുമായ ജാക്വിസ് സോണീയറാണ് ഒരു വെള്ളപാണ്ഡുകാരനാൽ വെടിവെച്ചുകൊല്ലപ്പെടുന്നത്.

പ്രയറി ഓഫ് സിയോൺ ഒരു ചരിത്രയാഥാർത്ഥ്യമാണെന്ന് നോവലിസ്റ്റ് ഡാൻ ബ്രൗൺ തുടക്കത്തിൽ പറഞ്ഞുവെക്കുന്നു. ക്രി. വ. 1099ൽ ഫ്രാൻസിലെ ഗോഡ് ഫ്രെ രാജാവ് കുരിശ് യുദ്ധകാലത്ത് സ്ഥാപിച്ചതാണ് പ്രയറി ഓഫ് സിയോൺ. 'യേശു - മഗ്ദലന' വംശ പരമ്പരയിലാണ് താനെന്ന് തെളിയിക്കാൻ ജെറുസലേമിൽ നിന്നും പുരാ

തന രേഖകൾ കണ്ടെത്താൻ വേണ്ടിയാണ് ഗോഡ് ഫ്രെ രാജാവ് പ്രയറി സ്ഥാപിച്ചത്. അങ്ങിനെ കണ്ടെത്തിയ രേഖകളെയാണ് 'സാൻഗ്രിയാൽ' (Sangreal) രേഖകൾ എന്നറിയപ്പെടുന്നത്. ആ രഹസ്യരേഖയാണ് പ്രയറി ഓഫ് സിയോൺ അതി നിഗൂഢമായി സൂക്ഷിക്കുന്നത്. വിശ്വപ്രശസ്തരായ പ്രഗത്ഭന്മാർ പ്രയറിയുടെ ഗ്രാന്റ് മാസ്റ്റർ മാരായിരുന്നിട്ടുണ്ട്. ഭൗതിക ശാസ്ത്ര പ്രതിഭയായ സർ ഐസക് ന്യൂട്ടൺ, വിശ്വ വിഖ്യാതനായ നോവലിസ്റ്റ് വിക്ടർ ഹ്യൂഗോ ശാസ്ത്ര പ്രതിഭയും ഗൂഢ ഭാഷാ പ്രണയിയും വിശ്രുത കലാകാരനുമായ ലിയോനാർഡോ ഡാവിഞ്ചി എന്നീ പ്രഗത്ഭന്മാർ പ്രയറിയുടെ ഗ്രാന്റ് മാസ്റ്റർ മാരായി സേവനമനുഷ്ഠിച്ചു എന്നത്. ചരിത്ര സത്യം 1975 ൽ വെളിപ്പെട്ട ഒരു ചരിത്ര രേഖയെ ഉദ്ധരിച്ച് നോവലിന്റെ ആമുഖത്തിലും നോവലിനകത്തും ഡാൻ ബ്രൗൺ പറയുന്നു.

ഇവിടെ പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ കൊല്ലപ്പെടുന്നത് പ്രിയറിയുടെ ഇപ്പോഴത്തെ ഗ്രാന്റ് മാസ്റ്ററായ ജാക്വിസ് സോണിയർ ആണ്. കൊല്ലപ്പെടുമ്പോൾ ഈ മഹാരഹസ്യം അറിയാവുന്ന മറ്റു രണ്ടുപേർ കൂടി വധിക്കപ്പെട്ടു എന്ന വിവരം കൊലയാളിയിൽ നിന്നും സോണിയർ ഒരു നെടുക്കത്തോടെയാണ് അറിയുന്നത്. ശരീരം വിവസ്തമാക്കി ഡാവിഞ്ചിയുടെ പ്രശസ്തമായ ഒരു കാലാവിഷ്കാരമായ വിട്രൂവിയൻ മനുഷ്യന്റെ ആകൃതിയിലാണ് അദ്ദേഹം മരിച്ചു കിടന്നിരുന്നത്. മരിക്കുന്നതിന് മുമ്പ് 4 വരി, ഗൂഢാർത്ഥ പദങ്ങൾ സ്വന്തം രക്തത്തിൽ വിരൽ മുക്കി സോണിയർ എഴുതിവെക്കുകയും ചെയ്തിട്ടുണ്ട്. നാലാമത്തെ വരിയിൽ P.S. Fin. Robert Langdon എന്നാണ്. സോണിയർ എഴുതിയ കോഡിലെ ലാംങ്ങ്ടണുമായി കൂടിക്കാഴ്ച നിശ്ചയിച്ച രാത്രിയാണ് അദ്ദേഹം കൊല്ലപ്പെട്ടത്. കൂടിക്കാഴ്ചയെപ്പറ്റി സോണിയർ ഡയറിയിൽ എഴുതിവെച്ചിരുന്നു. നോവലിലെ നായകനായ ലാംങ്ങ്ടൺ ലോകപ്രശസ്തനായ ചിഹ്നശാസ്ത്ര വിദഗ്ദ (Symbologist) നാണ്. ഫ്രഞ്ച് പോലീ സ് കൊലപാതകത്തിൽ ലാങ്ങ്ട ണെയാണ് സംശയിക്കുന്നത്. സോ ണിയർ എഴുതിയ ഗൂഢപദങ്ങളുടെ കുരുക്കഴിക്കാനെന്ന വ്യാജേന പോലീസ് ലാങ്ങ്ടനെ മ്യൂസിയത്തിൽ തെളിവെടുപ്പിനായി കൊണ്ടുവരുന്നു. അതിനു മുമ്പേ ലാങ്ങ്ടന്റെ പേരു പോലീസ് 4 വരിയിൽ നിന്നും മായ്ച്ചിരുന്നു. അതിനകത്താണ് പ്രയറി സൂക്ഷിക്കുന്ന 'കീ സ്റ്റോണി' നെകുറിച്ചുള്ള രഹസ്യമുള്ളത്. സോണിയുടെ പേരമകളായ സോഫിനെവ്യൂ ഫ്രഞ്ച് പോലീസിലെ ക്രിപ്റ്റോളജിസ്റ്റായിരുന്നു. (ഗൂഢപദ വിശകലന വിദഗ്ദ) സോണിയർ എഴുതിയ സന്ദേശം തനിക്കുള്ളതാണെന്നും (Prince Sophie) ലാങ്ങ്ടൺ നിരപരാധിയാണെന്നും അറിയാവുന്ന സോഫി പോലീസിന്റെ പിടിയിൽ നിന്നും അതിസാഹസികമായി ലാങ്ങ്ടനെ രക്ഷിക്കുന്നു. സോണിയർ എഴുതിയ കോഡിൽ നിന്നുള്ള സൂചനകൾ മനസ്സിലാക്കി മ്യൂസിയത്തിലെ മോണോലിസാ ചിത്രത്തിനു പിന്നിൽ സൂക്ഷിച്ച സ്വർണ്ണ താക്കോലുമെടുത്ത് ഇരുവരും മ്യൂസിയത്തിൽ നിന്ന് രക്ഷപ്പെടുന്നു. പോലീസ് പിന്തുടർന്നുകൊണ്ടിരിക്കെ അതീവ സുരക്ഷാ സോണിയറുടെ നാലുവരികോഡിൽ സന്നാഹങ്ങളുള്ള സൂറിച്ച് ഡിപ്പോസിറ്ററി ബാങ്കിൽ നിന്നും ആ സ്വർണ താക്കോലും സോണിയർ എഴുതിയ നമ്പർ കോഡും ഉപയോഗിച്ച് യേശുവിനെ സംബന്ധിച്ച രഹസ്യത്തെപറ്റി സൂചനകളുള്ള ചുരുൾ പേടകം അവർ വളരെ നാടകീയമായി കൈക്കലാക്കി. ബാങ്കിന്റെ ഒരു പാർസൽ വാഹനത്തിൽ കയറി രക്ഷപ്പെടുകയും ചെയ്യുന്നു. ചുരുൾ പേടകത്തിൽ വിന്നാഗിരി നിറച്ച ചില്ലുപാത്രത്തെ പൊതിഞ്ഞ പാപ്പിറസിലാണ് രഹസ്യവിവരമുള്ളത്. നിഗൂഢാത്മകമായ രീതിയിൽ ഡാവിഞ്ചി സങ്കേതമുപയോഗിച്ച് നിർമ്മിച്ച ചുരുൾ പേടകം തുറക്കാൻ കോഡുകളുടെ കുരുക്കഴിക്കേണ്ടതുമുണ്ട്. കൊലപുള്ളിയെന്ന് കരുതി പോലീസ് ഇരുവരേയും പിന്തുടരുകയുമാണ്. അവസാനം അവർ ബ്രിട്ടീഷ് ചരിത്രപണ്ഡിതനും പാരീസിൽ താമസിക്കുന്ന അതിസമ്പന്നനുമായ ടിബീങ്ങ് പ്രഭുവിന്റെ ബംഗ്ലാവിൽ അഭയം തേടുകയുമാണ്. അവിടെ വെച്ച് ചിഹ്നശാസ്ത്രത്തിൽ മഹാപണ്ഡിതനായ റോബർട്ട് ലാംങ്ങ്ടണും, കാസ (Holy Grail) ചരിത്രത്തിലെ അവസാന വാക്കുമായ ലീ ടിബിംങ്ങ് പ്രഭുവും തമ്മിലുള്ള ചർച്ചയിലാണ് ക്രിസ്തുമതത്തെ പറ്റിയുള്ള ചില സ്ഫോടനാത്മകമായ വെളിപ്പെടുത്തലുകൾ നടത്തുന്നത്.

മേരി മഗ്ദലന പാപിയോ വേശ്യയോ ആയിരുന്നില്ലെന്നും യേശുവിന്റെ ദിവ്യരക്തത്തെ ഗർഭാശയത്തിൽ ഏറ്റുവാങ്ങിയ രാജകുടുംബത്തിൽ പിറന്നവളാണെന്നുമാണ് ലീ ടിബിങ്ങും ലാങ്ങ്ടണും തമ്മിലുള്ള ചർച്ചയിൽ വ്യക്തമാക്കപ്പെടുന്നത്. യേശു ക്രൂശിതനാവുമ്പോൾ മഗ്ദലന ഗർഭിണിയായിരുന്നു. പിന്നീട് യേശുവിന്റെ അമ്മാവനായ ജോസഫ് അമരിത്യാന്റെ സഹായത്തോടെ മഗ്ദലനയെ ജെറുസലേമിൽ നിന്നും ഗൗൾ എന്ന് അക്കാലത്ത് അറിയപ്പെട്ടിരുന്ന ഫ്രാൻസിലേക്ക് കൊണ്ടുവരികയും അവിടെ വെച്ച് പ്രസവിച്ച മഗ്ദലനയെ യഹൂദ സമുദായം പരിരക്ഷിക്കുകയുമാണുണ്ടായത്. സാറ എന്ന് പേരുള്ള മഗ്ദലനയുടെ സന്തതിയുടെ പരമ്പര യഹൂദികളുടെ കീഴിൽ വളരുകയായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ ഈ പരമ്പര ഫ്രാൻസിലെ രാജപരമ്പരയുമായി വിവാഹത്തിലൂടെ സന്ധിക്കുകയും പിൽക്കാലത്ത് ഫ്രാൻസ് ഭരിച്ച മെറോവിഞ്ചിയൻ (Merovingian) രാജപരമ്പക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഈ മെറോവിഞ്ചിയൻ രാജവംശമാണ് യേശുവും മഗ്ദലനയുമായുള്ള തങ്ങളുടെ ബന്ധം സ്ഥാപിക്കാനുള്ള ദൗത്യത്തിന്നായി 1099ൽ പ്രയറി ഓഫ് സിയോൺ സ്ഥാപിക്കുന്നത്. അവരുടെ കീഴിൽ രഹസ്യസുവിശേഷങ്ങൾ കണ്ടെടുക്കാനായി കുരിശ് യുദ്ധ

കാലത്ത് നൈറ്റ്സ് ടെംബ്ളർ (Kinights Temp ler) എന്ന ക്ഷേത്ര യോദ്ധാക്കളെയും ജെറുസലേമി ലേക്കയച്ചത്. അല്ലാതെ വിശുദ്ധഭൂമി വീണ്ടെടുക്കാനായിരുന്നില്ല എന്നും നോവൽ സൂചിപ്പിക്കുന്നു. അങ്ങിനെ ഒമ്പത് വർഷത്തെ കഠിനാദ്ധ്വാന ത്തിനു ശേഷം 'നൈറ്റ്സ് ടെംപ്ളർ' രേഖകൾ കണ്ടെത്തുകയും നാല് പെട്ടികളിലാക്കി അത് ഫ്രാൻസിൽ കൊണ്ട് വരികയും ചെയ്തു. അതി നെയാണ് സാൻ ഗ്രിയാൻ രേഖകൾ എന്നറിയപ്പെടുന്നത്. യേശു മഗ്ദല നയെ വിവാഹം കഴിച്ചുവെന്ന വിവര ങ്ങളടങ്ങിയ രേഖകളും, യേശുവിന്റെ സ്വന്തം കൈപടയിലെഴുതിയ 'Q ഡോക്യുമെൻസ്' എന്നറിയപ്പെടുന്ന രേഖകളും മഗ്ദലനയുടെ സുവിശേ ഷങ്ങളുമെല്ലാം സാൻഗ്രിയാൻ രേഖ കളിലുണ്ടെന്ന് നോവൽ പറയുന്നു. യേശുവിനെപറ്റി സ്ഫോടനാത്മക മായ വിവരങ്ങളുൾക്കൊള്ളുന്ന ഈ രേഖകൾ കാട്ടി നൈറ്റ്സ് ടെംപ്ളർ എന്ന ക്ഷേത്രയോദ്ധാക്കളുടെ സംഘ ടന വത്തിക്കാനെ ബ്ലാക്ക്മെയിൽ ചെയ്തു അതിരറ്റ ധനം സമ്പാദിക്കു കയുണ്ടായി. പോപ്പ് ഇന്നസെന്റ് രണ്ടാമൻ മാർപ്പാപ്പ അവർക്ക് മതത്തി ന്റെയും രാഷ്ട്രത്തിന്റെയും നിയന്ത്ര ണങ്ങൾക്കതീതമായി സ്വയം ഭരണാ ധികാരവും നൽകി. ഈ പണം ഉപ യോഗിച്ചാണ് നൈറ്റ്സ് ടെംപ്ലളർ ബാങ്കിംഗ് സിസ്റ്റം ലോകത്ത് ആരം ഭിച്ചത്. സാൻഗ്രിയാൽ രേഖകൾ കാട്ടി വത്തിക്കാനെ പൊറുതി കെടുത്തി ക്കൊണ്ടിരുന്ന നൈറ്റ് ടെംപ്ളറിനെ പോപ്പും ഫ്രാൻസിലെ രാജാവും ചേർന്ന് മതനിന്ദ ആരോപിച്ച് 1307 ഒക്ടോബർ 13ന് പൊടുന്നനെ കൊന്നൊടുക്കി. പക്ഷേ വത്തിക്കാന് സാൻഗ്രിയാൻ രേഖകൾ കൈക്കലാ ക്കാനായില്ല. അത് അവർ കപ്പലിൽ കയറ്റി മറ്റെങ്ങോ അജ്ഞാത കേന്ദ്ര ത്തിലേക്ക് കൊണ്ടുപോയി. ആ രഹസ്യം പ്രയറി ഓഫ് സിയോണിന് മാത്രമേ അറിയൂ. അതാണ് ലാങ്ങ്ട്ട ന്റേയും സോഫിയുടേയും കൈയിലെ പേടക ചുരുളിലിരിക്കുന്ന രഹസ്യം.

ആധുനിക കാലത്ത് പ്രയറി ഓഫ് സിയോണിന് മൂന്ന് രഹസ്യ ദൗത്യ ങ്ങളാണുള്ളത്. സാൻഗ്രിയാൽ രേഖ കളുടെ സംരക്ഷണം, മഗ്ദലന മറി യയുടെ കബറിടത്തിന്റെ സംരക്ഷ ണം, ക്രിസ്തുവിന്റെ സന്താന പരമ്പ രയുടെ സംരക്ഷണം.

മഗ്ദലനയും യേശുവും തമ്മിലു ള്ള ബന്ധം തെളിയിക്കാൻ പ്രയറി ഓഫ് സിയോണിന്റെ ഗ്രാന്റ് മാസ്റ്ററാ യിരുന്ന ലിയണാർഡോ ഡാവിഞ്ചി യുടെ 'അവസാനത്തെ തിരുവ ത്താഴം' (Last Supper ) എന്ന വിശ്വോ ത്തര കലാസൃഷ്ടി അനിഷേധ്യമായ ഒരു തെളിവായി നോവലിൽ ചൂണ്ടി ക്കാട്ടുന്നു. അവസാനത്തെ തിരുവ ത്താഴത്തിൽ യേശുവും പന്ത്രണ്ട് ശിഷ്യന്മാരും എന്നാണ് ലോകത്ത് അറിയപ്പെടുന്നത്. പക്ഷേ, യേശു വിന്റെ ഉത്തമ വലത് ഭാഗത്ത് തൊട്ട ടുത്തായി ഇരിക്കുന്നത് ഒരു സ്ത്രീയാണ്. നീണ്ട ചുകപ്പ് തലമു ടിയും നിറഞ്ഞ മാറിടവും തരുണമായ കൈകളുമുള്ള ഒരു സ്ത്രീ. അത് മഗ്ദ ലനയല്ലാതെ മറ്റാരുമായിരുന്നില്ല. യേശുവും മഗ്ദലനയും!

അവസാനത്തെ തിരുവത്താ ഴത്തിൽ യേശു വീഞ്ഞു പകർന്ന തിരുകാസ (Holy Grail) ഡാവിഞ്ചി തന്റെ വിശ്വോത്തര കലാസൃഷ്ടി യിൽ കരുതിക്കൂട്ടി വിട്ടുകളഞ്ഞതാ ണ്. ഖുർബാനകളിൽ ക്രൈസ്തവർ അതിപ്രാധാന്യം കല്പിക്കുന്ന ഈ വിശുദ്ധ പ്രതീകം ഡാവിഞ്ചി വിട്ടുക ളഞ്ഞിരിക്കുന്നത് യാദൃശ്ചികമായിരു ന്നില്ല. ആ തിരുകാസ ഒരു വസ്തുവ ല്ല. മറിച്ച് ഒരു വ്യക്തിയാണ്. അതാ യിരുന്നു മഗ്ദലന. അവർ ധരിച്ച വസ്ത്രങ്ങളുടെ വിപരീത നിറത്തി ലുള്ള ബിംബ പ്രതിബിംബ രൂപങ്ങ ളിൽ നിന്നും ഇത് വ്യക്തമാണ്. ചുവന്ന കുപ്പായവും നീല അംഗവ സ്ത്രവുമാണ് യേശുവിന്റേത്, മറിയ ത്തിന്റേത് നീല കുപ്പായവും ചുവന്ന അംഗവസ്ത്രവും. അതായത് യിങ്ങും യാങ്ങും പോലെ ആണും പെണ്ണു മായിരുന്നു അവർ. പൂർണ്ണ ജോഡി കളും ക്രിസ്തുവിന്റെ പുരുഷ ശിഷ്യ ന്മാർ അക്കാലത്ത് തന്നെ മഗ്ദല നക്കെതിരെ ഗൂഢാലോചന നടത്തി യിരുന്നു. റോമൻ സഭ സ്ഥാപിച്ച പത്രോസാണ് അതിലൊരാൾ. ഡാവി ഞ്ചി തന്റെ ചിത്രത്തിൽ പത്രോസിന്റെ കൈ മഗ്ദലനയുടെ കഴുത്തിന് നേരെ നീട്ടിയ നിലക്ക് ചിത്രീകരിച്ചത് ഇക്കാര്യം പ്രതീകാത്മകമായി സൂചി പ്പിക്കാനാണെന്ന് നോവലിൽ പറ യുന്നു.

മഗ്ദലന മറിയയെപറ്റി പ്രയറി ഓഫ് സിയോൺ സൂക്ഷിക്കുന്ന ഈ രഹസ്യം ക്രിസ്തുമതത്തിൽ എങ്ങി നെ തമസ്കരിക്കപ്പെട്ടു എന്ന കാര്യ വും നോവൽ ചർച്ച ചെയ്യുന്നുണ്ട്. മഗ്ദലന മറിയം ക്രിസ്തുമതത്തിന്റെ അവകാശം നഷ്ടപ്പെട്ട രാജകുമാരി യാണെന്നാണ് നോവൽ സൂചിപ്പിക്കു ന്നത്. കോൺസ്റ്റൻറയിൻ ചക്രവർ ത്തിയാണ് ക്രിസ്തുമതത്തിൽ സ്ത്രീ വിദ്വേഷം കുത്തി നിറച്ച് പുരുഷമേ ധാവിത്വത്തിലധിഷ്ഠിതമാക്കി മാറ്റിയ ത്. റോമിൽ വർദ്ധിച്ചുവരുന്ന ക്രിസ്തുമതത്തിന്റെ അസാമാന്യമായ സ്വാധീനവും പ്രചരണവും കോൺ സ്റ്റന്റയിൻ മനസ്സിലാക്കി. റോമിലെ തന്റെ മതമായ പ്രാകൃത മിത്ര മത വുമായി സംഘർഷത്തിലേർപ്പെട്ടു കൊണ്ടാണ് ക്രിസ്തുമതം വളർന്നു വന്നത്. ക്രിസ്തു മതം റോമിനെ വിഴു ങ്ങുമെന്ന് മുൻകൂട്ടിക്കണ്ട കോൺ സ്റ്റന്റയിൻ ക്രിസ്തുമതത്തിന്റെ രക്ഷാ ധികാരം ഏറ്റെടുത്ത് തന്റെ മിത്ര മത ത്തിൽ ലയിപ്പിക്കുകയായിരുന്നു. എൺപതിലധികം പുരാതന ബൈ ബിൾ സുവിശേഷങ്ങളിൽ നിന്ന് തന്റെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് യോജിച്ച നാല് സുവിശേഷങ്ങൾ മാറ്റ ത്തിരുത്തലുകളോടെ അദ്ദേഹം സ്വീകരിച്ചു. നാലാം നൂറ്റാണ്ടിലെ നിഖ്യാ കൗൺസിലിൽ അതായി രുന്നു സംഭവിച്ചത്. ആ സൂന ഹദോസ് നടക്കുമ്പോഴും കോൺസ്റ്റ ന്റയിൻ മിത്രമത വിശ്വാസിയായിരു ന്നു. യേശു കണിശതയോടെ ആച രിച്ചിരുന്ന ശനിയാഴ്ചത്തെ ശാബ ത്ത് ദിനത്തിന് പകരം മിത്രമത ത്തിലെ ഞായറാഴ്ച വിശുദ്ധ ദിന

മാക്കി മാറ്റി. സൂര്യപുത്രനായ മിത്രന്റെ ജന്മദിനമായ ഡിസംബർ 25 യേശുവിന്റെ ജന്മദിനമാക്കിമാറ്റി. ഈസ്റ്റർ ദിനം, ബിഷപ്പുമാരുടെ ചുമതലകൾ, കൂദാശ, ക്രിസ്തുവിന്റെ ദൈവികത മുതലായ കാര്യങ്ങൾ വോട്ടിനിട്ടു തീരുമാനിച്ചു. അങ്ങിനെ സകലതും കോൺസ്റ്റന്റയിൻ അട്ടിമറിക്കുകയാണ് ചെയ്തത്. ക്രിസ്തുമതത്തെ പ്രാകൃതമിത്രമതത്തിൽ ലയിപ്പിക്കാനാണ് കോൺസ്റ്റന്റയിൻ എൺപതിലധികം സുവിശേഷങ്ങൾ തള്ളിയത്. മഗ്ദലനയെ വാഴ്ത്തുന്ന ഈ സുവിശേഷങ്ങൾ പുരുഷാധിപത്യത്തിലധിഷ്ഠിതമായിരുന്ന മിത്രമതത്തിന് പഥ്യമല്ലായിരുന്നു. അങ്ങിനെയാണ് മഗ്ദലന തിരസ്കൃതയും വേശ്യയും പാപിനിയുമായി മാറിയത്.

ഖുമ്രാൻ, നാഗ്ഹമ്മാദി മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിച്ച ആദിമ ക്രിസ്ത്യൻ രേഖകളും യേശു വിവാഹിതനായിരുന്നു എന്ന സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് നോവലിൽ സൂചിപ്പിക്കുന്നു. അതുപോലെ The Templer Revelation, The Women with Albastar Jar, The Godess in Gospels, Holy Blood and Holy Grail എന്നീ പുസ്തകങ്ങളിലും ഈ പ്രമേയം തന്നെയാണ് പ്രതിപാദിക്കുന്നതെന്നും നോവലിൽ പറയുന്നു.

നോവലിന്റെ അവസാനത്തിൽ ലാങ്ങ്ടണും സോഫിയും ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ചരിത്രകാരനായ ടിബിങ്ങും പാരിസിൽ നിന്നും ലണ്ടനിലേക്ക്, കോടീശ്വരനായ ടിബിങ്ങിന്റെ സ്വന്തം ജെറ്റുവിമാനത്തിൽ രക്ഷപ്പെടുകയാണ്. സോണിയറെ കൊന്നതിനു പിന്നിൽ ടിബിങ്ങ് ആയിരുന്നുവെന്ന ഞെട്ടിപ്പിക്കുന്ന വസ്തുത നോവൽ അവസാനം വെളിപ്പെടുത്തുന്നു. അതിന് കാരണം മൂന്നാം സഹസ്രാബ്ദത്തിൽ യേശുവിന്റെ ഈ രഹസ്യം ലോകത്തോട് വെളിപ്പെടുത്തണമെന്ന് പ്രിയറി ആഗ്രഹിച്ചിരുന്നു എന്നാണ് ടിബിങ്ങ് പറയുന്നത്. പക്ഷേ, മഗ്ദലനയുടെയും യേശുവിന്റെയും പരമ്പരയിലെ അവസാനത്തെ കണ്ണിയായ സോഫിയുടെ ജീവൻ അവതാളത്തിലാവുമോ എന്നോർത്താണ് പ്രിയറിയുടെ ഗ്രാന്റ് മാസ്റ്ററും മുത്തച്ഛനുമായ സൊണിയർ രഹസ്യം പുറത്ത് വിടാത്തത്. അതുകൊണ്ടാണ് താൻ സോണിയറെയും വധിച്ചതെന്ന് ടിബിങ്ങ് വ്യക്തമാക്കുന്നു. മഗ്ദലനയുടെ രഹസ്യം സൂക്ഷിച്ച പ്രെയറിയുടെ ഗ്രാന്റ് മാസ്റ്ററെ വധിക്കാൻ 'ഓപുസ് ഡി' എന്ന കത്തോലിക്കാ അധോലോക സംഘത്തെയാണ് ടിബിങ്ങ് പ്രബുദ്ധമായി ഉപയോഗപ്പെടുത്തുന്നത്. 1982 ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഓപുസ് ഡിയെ തൊട്ടുതാഴെയുള്ള മതാധികാരശക്തിയായി അംഗീകരിച്ചിരുന്നു. അവസാനം കോഡുകളു ടെ കത്തീഡ്രൽ എന്നറിയപ്പെടുന്ന സ്കോട്ട്ലണ്ടിലെ റോസ്‌ലിൻ ചാപ്പലിൻ ജീവിച്ചിരിക്കുന്ന സോണി യറുടെ ഭാര്യരേയും കൊച്ചു മകനേയും അതായത് സോഫിയുടെ മുത്തശ്ശിയേയും സഹോദരനേയും കണ്ടെത്തുന്നതോടെ നോവൽ അവസാനിക്കുന്നു.

നിരർത്ഥകമായ നാടകീയതയിലൂടെയും അപസർപ്പകാത്മകമായ ഉദ്വേഗ രംഗങ്ങളിലൂടെയും 24 മണിക്കൂർ നേരത്തെ സംഭവപരമ്പരകൾ കൊണ്ട് ഡാൺ ബ്രൗൺ ക്രിസ്തുമതത്തിന്റെ മർമ്മങ്ങളിൽ ആക്രമിക്കുകയാണ്. ചരിത്രവസ്തുതകളും ഭാവനയും കൂടി മെനഞ്ഞ് രചിച്ച ഈ നോവൽ പല താൽപര്യങ്ങൾ ചേർത്തെഴുതിയതാണെങ്കിലും ഈ കെട്ടുകഥയുടെ ബാക്കി പത്രം ക്രിസ്തുമതം കെട്ടിപടുത്തത് അയഥാർത്ഥമായ അടിത്തറയിലാണെന്നാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

ⅼ

(36 -ാം പേജിൽ നിന്ന് തുടർച്ച)

ട്ടുള്ളത് ശുദ്ധമായ അബദ്ധമാണെന്ന് സമ്മതിക്കേണ്ടി വരും. അതുമല്ലെങ്കിൽ ഈസാനബി(അ) ആരാധനയെ കണ്ടറിഞ്ഞ് ബോദ്ധ്യപ്പെട്ടശേഷം മഹ്ശറയിൽ വെച്ച് കള്ളം പറയും എന്ന് വിശ്വസിക്കേണ്ടി വരും. അതുമല്ലെങ്കിൽ ഖുർആനിക ആയത്തിൽ അല്ലാഹുവിന് തെറ്റുപറ്റി എന്ന വിശ്വസിക്കേണ്ടി വരും.

ചുരുക്കത്തിൽ ഈസാനബി (അ) തിരിച്ചുവരും, ക്രൈസ്തവരെ നേർമാർഗ്ഗത്തിലാക്കും, ഇസ്‌ലാമിനെ വിജയിപ്പിക്കും എന്നിത്യാദി വിശ്വാസങ്ങൾ എല്ലാം വിശുദ്ധ ഖുർആനിലെ അനേകം ആയത്തുകൾക്ക് വിരുദ്ധമാണ് എന്ന സത്യം മുസ്‌ലിംകൾ മനസ്സിലാക്കി തിരുത്തുവാൻ തയ്യാറാകാത്ത പക്ഷം ദൈവികശിക്ഷ തുടർന്നുകൊണ്ടേ ഇരിക്കും. വിശ്വാസവും, കർമ്മങ്ങളും വിശുദ്ധ ഖുർആനിനോട് യോജിക്കുന്നവയാണെന്ന് ഉറപ്പുവരുത്തേണ്ടത് ഓരോ മുസ്‌ലിം മിന്റെ കടമയാണ്. ഖുർആനിക സത്യങ്ങൾ മാത്രം വിശ്വസിക്കാനും എതിരായവ ഉപേക്ഷിക്കുവാനും അല്ലാഹു തൗഫിഖ് നൽകട്ടെ. ആമീൻ.

മരിച്ചുപോയ പ്രവാചകന്മാരെയും പുണ്യാത്മാക്കളേയും ജനങ്ങൾ ആരാധിച്ച വിവരം അവർ അറിഞ്ഞിരുന്നില്ല എന്ന് പരലോകത്തെ വിചാരണവേളയിൽ അവർ പറയുമെന്ന് ഖുർആൻ ഖണ്ഡിതമായി പറയുന്നു. എന്നിരിക്കെ ഈസാനബി (അ) രണ്ടാമതും ഭൂമിയിൽ വന്ന് തന്നെ ആരാധിക്കുന്നത് കാണുകയും പിന്നീട് പരലോകത്ത് വെച്ച് ഞാനതൊന്നും അറിഞ്ഞിട്ടില്ല എന്ന് പറയുകയും ചെയ്യുന്നത് വൈരുദ്ധ്യമല്ലേ. ⅼ

## ദാനവും ഹൃദയവും

കൈകൊണ്ട് കൊടുക്കുന്ന ശീലം വളർത്തുക. അത് നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പകയെ നീക്കിക്കളയും.

***നബിവചനം***

# അനുസ്മരണം

## സിദ്ദിഖ് സാഹിബ്



കരുളായി ജമാഅത്തിലെ പ്രമുഖാംഗവും ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയുമായിരുന്ന ടി. കെ. സിദ്ദീഖ് സാഹിബ് (48) മെയ് 21 ന് ഒരു വാഹനാപടകത്തെ തുടർന്ന് വഫാത്തായി ഇന്നാലില്ലാഹി....... ജമാഅത്തിന്റെ പ്രവർത്തനങ്ങളിലെല്ലാം നിറഞ്ഞു നിന്ന ത്യാഗ ധനനായ സിദ്ദീഖ് സാഹിബിന്റെ വിയോഗം ജമാഅത്തിനെ അക്ഷരാർത്ഥത്തിൽ ദു:ഖത്തിലാഴ്ത്തി. കരുളായിയിലെ വലിയ സേവന പാരമ്പര്യമുള്ള ഒരു കുടംബത്തിലെ ആദ്യ അഹ്മദി ടി കെ കുഞ്ഞാലൻ ഹാജി സാഹിബിന്റെ മൂത്തമകൻ ടി. കെ. ബീരാൻ സാഹിബിന്റെ മകനാണ് സിദ്ദീഖ് സാഹിബ്. അദ്ദേഹം ഫസ്ലെ ഉമർ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അഡ്മിനിസ്ട്രേറ്ററും ജമാഅത്തിന്റെ മറ്റു പല ഉദ്യോഗങ്ങളും സ്തുത്യർഹമായ രീതിയിൽ വഹിച്ച വ്യക്തിയുമായിരുന്നു. സത്യദൂതന്റെ അഭ്യുദയ കാംക്ഷിയും മാസിക കാത്തിരുന്നു വായിക്കുന്ന പ്രകൃതക്കാരനുമായിരുന്നു അദ്ദേഹം.

സിദ്ദിഖ് സാഹിബിന്റെ സേവനം ജമാഅത്തിൽ മാത്രം ഒതുങ്ങുന്നതല്ല. നാട്ടുകാർക്കിടയിൽ പ്രിയങ്കരനായ അദ്ദേഹത്തിന് പാവപ്പെട്ടവരേയും ദരിദ്രരേയും സഹായിക്കൽ ഒരു ജീവിത വ്രതം പോലെയായിരുന്നു. തന്റെ കീഴിലുള്ള ജോലിക്കാർക്ക് അവരുടെ വിഷമങ്ങളും പ്രയാസങ്ങളും അകറ്റുവാൻ അദ്ദേഹം ചെയ്ത സേവനങ്ങൾ ഏറ്റവും മാതൃകാപരമാണ്. സദാ ഉല്ലാസവാനും പ്രസന്നവദനനുമായ അദ്ദേഹത്തിന്റെ നിർമ്മലവും ആത്മാർത്ഥവുമായ പെരുമാറ്റം അദ്ദേഹത്തെ എല്ലാവർക്കും പ്രിയങ്കരനാക്കി മാറ്റി. ജമാഅത്തിന് വേണ്ടി അദ്ദേഹം ചെയ്ത സാമ്പത്തിക സേവനകൾ വളരെ വലുതാണ്. ജമാഅത്തിന്റെ പല സാമ്പത്തിക പ്രതിസന്ധികളിലും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് കൈമെയ് മറന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഉയർന്ന രീതിയിലുള്ള സാമ്പത്തിക ത്യാഗങ്ങൾ ജമാഅത്തിലെ ഓരോ അംഗത്തിനും പ്രചോദനാത്മകമാണ്. ജമാഅത്തിന്റെ അൽവസിയത്ത് പദ്ധതിയിൽ അംഗവുമായിരുന്നു അദ്ദേഹം. നാടിനെ മുഴുവൻ ദു:ഖത്തിലാഴ്ത്തിയ സിദ്ദിക്ക് സാഹിബിന്റെ നിര്യാണത്തിൽ ആദരസൂചകമായി കടകളടച്ച് ദു:ഖമാചരിച്ചത് അദ്ദേഹത്തോട് നാട്ടുകാർക്കുള്ള സ്നേഹ ബന്ധത്തെയാണ് കാണിച്ചത്. പരേതന് അല്ലാഹു പരലോകത്ത് മഅ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ) അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച നഷ്ടം പരിഹരിക്കാൻ കുടുംബത്തിനും ജമാഅത്തിനും അല്ലാഹു തുണയേകട്ടെ.

മാതാവ്: ഇമ്മാത്തുകുട്ടി സാഹിബ ഭാര്യ നസീമ സാഹിബ. മക്കൾ: ഫാനിദ സാഹിബ, ശിഫാനാ സിദ്ദീഖ് സാഹിബ, സഹോദരങ്ങൾ ടി. കെ. മഹ്മൂദ് സാഹിബ്, റാബിയാ സാഹിബ, മർയം സാഹിബ, സുലേഖ സാഹിബ, റഹ്മത്ത് സാഹിബ, ഉമ്മുസൽമസാഹിബ, ശാഹിദ സാഹിബ.

**എം. കെ. ഇമ്പിച്ചികോയട്ടി**
കോഴിക്കോട്

l

## അവറാൻ സാഹിബ്

കോഴിക്കോട് ജമാഅത്തിലെ ഒരംഗമായ പി. കെ. അവറാൻ സാഹിബ് 31-5-2006 ന് ബുധനാഴ്ച വൈകുന്നേരം കോഴിക്കോട് അരക്കിണറിലെ വീട്ടിൽ വെച്ച് വഫാത്തായി ഇന്നാലില്ലാഹി വ ഇന്നാ.....

അഹ്മദിയ്യത്ത് സത്യമാണെന്ന് മനസ്സിലാക്കിയ അവറാൻ സാഹിബ് മാത്രമാണ് തന്റെ കുടുംബത്തിൽ നിന്ന് ജമാഅത്തിൽ പ്രവേശിച്ചത്. പരേതന് 5 ആൺ മക്കളും 3 പെൺമക്കളുമാണ്. മക്കൾ മൊയ്തീൻകോയ സാഹിബ്, അബ്ദുനാസർ സാഹിബ്, ജാഫർ സാഹിബ്, ഹാരിസ് സാഹിബ്, നഫീസ സാഹിബ, ജമീല സാഹിബ, റജ്ല സാഹിബ പരേതന് അല്ലാഹു മഅ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

**എ.എം.** l

## ഫസ്ലെ ഉമർ സ്കൂളുകൾക്ക് തിളക്കമാർന്ന വിജയം

കോഴിക്കോട്: 2005-2006 വർഷത്തിൽ നടത്തിയ സി. ബി. എസ്. ഇ. പത്താം ക്ലാസ് പരീക്ഷയിൽ പരീക്ഷക്കിരുന്ന മുഴുവൻ വിദ്യാർത്ഥികളേയും വിജയിപ്പിച്ചുകൊണ്ട് കൂടാളി, പഴയങ്ങാടി സ്കൂളുകൾ തിളക്കമാർന്ന വിജയം കാഴ്ച വെച്ചു. രണ്ട് സ്കൂളിലും കൂടി 25 വിദ്യാർത്ഥികൾ എഴുതിയ പരീക്ഷയിൽ 2 കുട്ടികളൊഴികെ ബാക്കിയെല്ലാവർക്കും ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസുമുണ്ട്. മെയ് 30 ഞായറാഴ്ച നടന്ന ബോർഡ് യോഗം സ്കൂൾ പ്രിൻസിപ്പലിനേയും അദ്ധ്യാപകരേയും അഭിനന്ദിക്കുകയും ജയിച്ച വിദ്യാർത്ഥികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

ഫസ്ലെ ഉമർ സ്കൂൾ കരുളായിയുടെ അഡ്മിനിസ്ട്രേറ്റർ - ടി. കെ. സിദ്ദീഖ് സാഹിബിന്റെ നിര്യാണത്തിൽ എ. പി. കുഞ്ഞാമു സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ദു:ഖം രേഖപ്പെടുത്തുകയും പരേതന്റെ പ്രവർത്തനങ്ങളെ അനുസ്മരിക്കുകയും ചെയ്തു. l